# സാന്ത്വനപ്രകാശം

പാലാ രൂപത ബുള്ളറ്റിൻ



ജൂലൈ 03 – ദുക്റാനതിരുനാൾ

Vol. LXXIII JULY 2023 No. 7



പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ ഡി.സി.എം.എസ്., പാലാ രൂപത
വാർഷികസമ്മേളനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു.



പാലാ ടൗൺ കുരിശുപള്ളിയങ്കണത്തിൽ, മണിപ്പൂർ കലാപത്തിൽ പ്രതിഷേധിച്ച് എ. കെ. സി. സിയുടെ
ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പ്രാർത്ഥനായജ്ഞവും പ്രതിഷേധയോഗവും അഭിവന്ദ്യ മാർ ജോസഫ്
കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുകയും ഐക്യദാർഢ്യപ്രതിജ്ഞ ചൊല്ലിക്കൊടുക്കുകയും ചെയ്യുന്നു.



"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14–16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപത ബുള്ളറ്റിൻ


**JULY 2023**

**Vol. LXXIII No. 7**

# CONTENTS


ഇടയലേഖനം - ദുക്റാനത്തിരുനാൾ-സഭാദിനം 2023 ........503

സിനഡാനന്തര സർക്കുലർ ........................................................ 511

സർക്കുലർ - കെ.സി.ബി.സി. .................................................. 517

സർക്കുലർ - കെ.സി.ബി.സി. .................................................. 520

സർക്കുലർ - കെ.സി.ബി.സി. .................................................. 526

അറിയിപ്പുകൾ ......................................................................530

Transfer & Appointments .................................. 531

അറിയിപ്പുകൾ ......................................................................532

വാർത്തകൾ .......................................................................... 548

ആദരാഞ്ജലികൾ ....................................................................576

അഭിവന്ദ്യ പിതാവിന്റെ ഡയറി ................................................ 583

Prot. No. 0611/2023

# ഇടയലേഖനം
# ദുക്റാനത്തിരുനാൾ - സഭാദിനം 2023

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്
**കർദിനാൾ ജോർജ് ആലഞ്ചേരി**

തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

**ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,**

നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ ദുക്റാനത്തിരുനാൾ സഭാദിനമായി മുൻവർഷങ്ങളിലേതുപോലെതന്നെ ഈ വർഷവും നമ്മൾ ആചരിക്കുകയാണല്ലോ. 'എന്റെ കർത്താവേ, എന്റെ ദൈവമേ' എന്ന മാർ തോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനവും തുടർന്ന് അദ്ദേഹം നടത്തിയ സുവിശേഷപ്രഘോഷണയാത്രയും താൻ പ്രഘോഷിച്ച വിശ്വാസത്തിനു സാക്ഷ്യം നല്കിക്കൊണ്ടു വരിച്ച രക്തസാക്ഷിത്വവുമാണ് നമ്മുടെ സഭയുടെയും നാമോരോരുത്തരുടെയും വിശ്വാസം പണിതുയർത്തിയിരിക്കുന്ന മൂലക്കല്ല്. രക്ഷാകരസന്ദേശം ഭാരതത്തിൽ എത്തിക്കാൻ മാർ തോമാശ്ലീഹായെ നിയോഗിച്ച ദൈവപരിപാലനയ്ക്കു നന്ദിപറയാനും ശ്ലീഹായുടെ ജീവിതസാക്ഷ്യത്തിൽനിന്ന് ഊർജം സ്വീകരിച്ചുകൊണ്ടു ഇന്നത്തെ കാലഘട്ടം ഉയർത്തുന്ന വെല്ലുവിളികൾ ധീരതയോടെ അഭിമുഖീകരിക്കാനുമുള്ള വിശ്വാസതീക്ഷ്ണതയ്ക്കു വേണ്ടി പ്രാർഥിക്കാനും ഈ വർഷത്തെ തിരുനാളാഘോഷം ഇടവരുത്തട്ടെ. അതിനുതകുന്ന ഏതാനും കാര്യങ്ങൾ ഈ ഇടയലേഖനത്തിലൂടെ പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നു.

ക്രിസ്തുവർഷം 72 ൽ മദ്രാസിലെ ചിന്നമലയിൽ മാർ തോമാശ്ലീഹാ രക്തസാക്ഷിത്വം വരിച്ചതിന്റെ 1950-ാം വാർഷികാചരണമായിരുന്നു കഴിഞ്ഞ വർഷത്തെ ദുക്റാനത്തിരുനാളിന്റെ മുഖ്യപ്രമേയം. സഭയുടെ വിവിധതലങ്ങളിൽ അതു നമ്മൾ ആഘോഷിച്ചു. സീറോമലബാർ ഹയരാർക്കി 1923 ൽ സ്ഥാപിതമായതിന്റെ ശതാബ്ദിവർഷമെന്ന പ്രത്യേകതയാണ് ഈ വർഷത്തെ ആഘോഷങ്ങൾക്കുള്ളത്. മാർ തോമാശ്ലീഹായുടെ സുവിശേഷപ്രഘോഷണത്താൽ ആരംഭിച്ച ഈ സഭ ആദ്യനൂറ്റാണ്ടുകളിൽ തദ്ദേശീയമായ സംവിധാനങ്ങളിലൂടെ വളർച്ചയാരംഭിക്കുകയും പേർഷ്യൻസഭയുമായുള്ള ബന്ധത്തിലൂടെ ആരാധനക്രമപരവും ഘടനാപരവുമായ വളർച്ച നേടുകയും ചെയ്തു. പതിനാറാം നൂറ്റാണ്ടിൽ ലത്തീൻഭരണ സംവിധാനത്തിലായ നമ്മുടെ സഭ, ഉദയംപേരൂർ സൂനഹദോസിലൂടെയുണ്ടായ പ്രതിസന്ധിവഴി കൂനൻകുരിശുസത്യത്തിലേക്കു നയിക്കപ്പെട്ടു. ഈ സാഹചര്യത്തിലും പരിശുദ്ധ സിംഹാസനത്തോടൊപ്പം നില്ക്കാൻ നമുക്കു കഴിഞ്ഞു. 1887 ൽ ഭാഗ്യസ്മരണാർഹനായ ലെയോ പതിമൂന്നാമൻ മാർപാപ്പയാണ് സുറിയാനി കത്തോലിക്കരെ ലത്തീൻസഭയിൽ നിന്നു വേർതിരിച്ചുകൊണ്ടു സീറോമലബാർ വിശ്വാസികൾക്കുവേണ്ടി തൃശൂർ, കോട്ടയം എന്നീ വികാരിയാത്തുകൾ സ്ഥാപിച്ചത്. 1896 ൽ കോട്ടയം, തൃശൂർ വികാരിയാത്തുകളിൽ നിന്ന് എറണാകുളം വികാരിയാത്തു സ്ഥാപിതമാകുകയും കോട്ടയം വികാരിയാത്ത് ചങ്ങനാശ്ശേരി എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു. തൃശൂർ, ചങ്ങനാശ്ശേരി, എറണാകുളം എന്നീ മൂന്നു വികാരിയാത്തുകളിലും തദ്ദേശീയമെത്രാന്മാരെ നിയമിക്കുകയും ചെയ്തു. 1911 ൽ ക്നാനായക്കാർക്കായി കോട്ടയം വികാരിയാത്ത് സ്ഥാപിതമായി. ഈ ഹയരാർക്കിക്കൽ സംവിധാനങ്ങളുടെ പൂർത്തീകരണമായി 1923 ഡിസംബർ 21 ന് പതിനൊന്നാം പീയൂസ് മാർപാപ്പാ എറണാകുളം വികാരിയാത്തിനെ അതിരൂപതയായും തൃശ്ശൂർ, ചങ്ങനാശ്ശേരി, കോട്ടയം വികാരിയാത്തുകളെ സാമന്തരൂപതകളായും

നിശ്ചയിച്ചുകൊണ്ടു സീറോമലബാർ ഹയരാർക്കി സ്ഥാപിച്ചു. നമ്മുടെ സഭയുടെ വളർച്ചയിൽ നാഴികക്കല്ലായി മാറിയ ഈ ചരിത്രസംഭവത്തിന്റെ ശതാബ്ദിയാണ് ഈ വർഷം നമ്മൾ ആചരിക്കുന്നത്.

പിന്നീടുള്ള വർഷങ്ങളിൽ നമ്മുടെ സഭയുടെ വളർച്ച ത്വരിതപ്പെടുത്തുന്ന നടപടികൾ പരിശുദ്ധ സിംഹാസനം സ്വീകരിച്ചു. 1956 ൽ ചങ്ങനാശ്ശേരി അതിരൂപതയായി ഉയർത്തപ്പെട്ടു. കേരളത്തിലും കേരളത്തിനുപുറത്തും പുതിയ രൂപതകൾ സ്ഥാപിതമായി. 1990 ൽ പ്രാബല്യത്തിൽവന്ന പൗരസ്ത്യ കാനൻനിയമസംഹിതയനുസരിച്ച് 1992 ഡിസംബർ 16-ാം തീയതി വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പാ സീറോ മലബാർസഭയെ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തുകയും കർദിനാൾ മാർ ആന്റണി പടിയറ പിതാവിനെ ആദ്യത്തെ മേജർ ആർച്ചുബിഷപ്പായി നിയമിക്കുകയും ചെയ്തു. പിന്നീട് 1995 ൽ തൃശ്ശൂർ, തലശ്ശേരി രൂപതകൾ അതി രൂപതകളായി ഉയർത്തപ്പെട്ടു. ഭാരതത്തിലും ഭാരതത്തിനു പുറത്തും പുതിയ രൂപതകൾ സ്ഥാപിതമായി. പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പാ 2017 ഒക്ടോബർ 10-ന് സീറോമലബാർസഭയുടെ അതിർത്തി ഭാരതം മുഴുവനിലേക്കും വ്യാപിപ്പിക്കുകയും അജപാലനത്തിനും സുവിശേഷവത്കര ണത്തിനുമായുള്ള അവകാശം സഭയ്ക്കു നല്കുകയും ചെയ്തത് സഭാചരിത്രത്തിലെ അവിസ്മരണീയമായ ഒരു സംഭവമാണ്. 1923 ൽ നിന്ന് 2023ലേക്കുള്ള വളർച്ചയുടെ ഫലമായി സീറോമലബാർ സഭയ്ക്കു ഭാരതത്തിൽ 31 രൂപത കളും ഭാരതത്തിനു പുറത്ത് 4 രൂപതകളും ഒരു അപ്പസ്തോലിക് വിസിറ്റേഷനും ഉൾപ്പെടെ സഭാസംവിധാനങ്ങളുടെ വിപുലീകരണത്തിലും ഇതരമേഖലകളിലും നിർണായകമായ വളർച്ച നേടാൻ സാധിച്ചുവെന്നതിൽ നമുക്കു ദൈവത്തിനു നന്ദിപറയാം.

സഭയുടെ ഹയരാർക്കിക്കൽ വളർച്ചയ്ക്കൊത്ത് ആത്മീ യതയിലും കൂട്ടായ്മയിലുമുള്ള വളർച്ചയും ഈ കാലയളവിൽ

നേടാൻ സാധിച്ചിട്ടുണ്ട് എന്നതു യാഥാർത്ഥ്യമാണ്. മെത്രാന്മാരും വൈദികരും സമർപ്പിതരും അല്മായപ്രേഷിതരും ഒത്തൊരുമിച്ചു പ്രവർത്തിച്ചതിന്റെ ഫലമാണു നമ്മുടെ സഭയ്ക്കു കൈവന്നിരിക്കുന്ന വളർച്ച. 2023 ജൂൺമാസം കൂടിയ മെത്രാൻസിനഡിൽ കൈക്കൊണ്ട തീരുമാനങ്ങൾ സഭയുടെ വളർച്ചയ്ക്കു പുതിയ ദിശാബോധം നല്കുന്നതിനും പ്രേഷിത മേഖലകളെ ശക്തിപ്പെടുത്തുന്നതിനും വിവിധ സഭാശുശ്രൂഷകളെ ഏകോപിപ്പിക്കുന്നതിനും ഉപകരിക്കുന്നവയാണ്. ഈ ലക്ഷ്യത്തോടെയുള്ള സിനഡുതീരുമാനങ്ങൾ പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരത്തോടെ നടപ്പിൽ വരുമ്പോൾ നമ്മുടെ സഭയുടെ ചരിത്രം പുതിയ ഘട്ടത്തിലേക്കു പ്രവേശിക്കും. ദൈവപരിപാലനയിൽ ആശ്രയമർപ്പിച്ചുകൊണ്ടും നമ്മുടെ വിശ്വാസപാരമ്പര്യങ്ങളെ മുറുകെപ്പിടിച്ചുകൊണ്ടും പൗരസ്ത്യസഭയുടേതായ സംവിധാനങ്ങളെ ശക്തിപ്പെടുത്തിക്കൊണ്ടും നമുക്ക് ഒരുമിച്ചു മുന്നേറാം.

സാർവത്രികസഭയുടെ കൂട്ടായ്മയിൽ ഒരു വ്യക്തിസഭയായി നാം വളരുമ്പോൾ പരിശുദ്ധ പിതാവിനോടു ചേർന്നു വൈദികമേലധ്യക്ഷന്മാരും വൈദികരും സമർപ്പിതരും അല്മായരും വിധേയത്വത്തോടെയും സഹകരണമനോഭാവത്തോടെയും വർത്തിക്കണം. നമ്മുടെ സഭയിൽ സിനഡാത്മകത (synodality) എല്ലാത്തലങ്ങളിലും പ്രായോഗികമാക്കാൻ എല്ലാവരും പരിശ്രമിക്കണം. 'ഒന്നിച്ചു നടക്കുക' എന്നതുകൊണ്ടു പരിശുദ്ധ പിതാവ് ഉദ്ദേശിക്കുന്നത് ഒന്നിച്ചു ചിന്തിക്കുകയും ഒന്നിച്ചു സംവദിക്കുകയും ഒരുമയോടെ പ്രവർത്തിക്കുകയും ചെയ്യുന്ന ജീവിതശൈലിയാണ്. ദൈവത്തിന്റെ കൃപയാലും സഭാമക്കളുടെ സ്നേഹത്താലും സഹകരണത്താലും നമ്മുടെ സഭാകൂട്ടായ്മയെ ശക്തിപ്പെടുത്താൻ നമുക്കു പരിശ്രമിക്കാം.

ഈ പശ്ചാത്തലത്തിൽ ഒരു പ്രത്യേകകാര്യം എടുത്തുപറയാൻ ആഗ്രഹിക്കുന്നു. സീറോമലബാർസഭ കേരളത്തിൽ നിന്ന് ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലേക്കും ഭാരതത്തിൽ നിന്ന് ലോകത്തിന്റെ വിവിധ രാജ്യങ്ങളിലേക്കും വ്യാപിച്ചു

കൊണ്ടിരിക്കുകയാണ്. കേരളത്തിൽനിന്നു സ്കൂൾവിദ്യാഭ്യാസത്തിനുശേഷം ഉപരിപഠനത്തിനും ജോലിക്കുംവേണ്ടി വിദേശരാജ്യങ്ങളിലേക്കു പോകുന്നവരുടെ എണ്ണം അനുദിനം വർധിച്ചുകൊണ്ടിരിക്കുകയാണ്. ഇവർ പിന്നീടു അവിടങ്ങളിൽ സ്ഥിരതാമസക്കാരായി മാറുകയുംചെയ്യുന്നു. ഈ കുടുംബങ്ങൾക്കും വ്യക്തികൾക്കും അജപാലനശുശ്രൂഷ നല്കുന്നതിനായാണ് അമേരിക്കയിലും കാനഡയിലും ഗ്രേറ്റ് ബ്രിട്ടനിലും ഓസ്ട്രേലിയയിലും സീറോമലബാർ രൂപതകളും യൂറോപ്പിൽ അപ്പസ്തോലിക് വിസിറ്റേഷനും സ്ഥാപിതമായിരിക്കുന്നത്. മാതൃസഭയിൽനിന്നു വിദേശരാജ്യങ്ങളിൽ എത്തിച്ചേരുന്ന വ്യക്തികളുടെയും കുടുംബങ്ങളുടെയും അജപാലനപരമായ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കാനും സഭാകൂട്ടായ്മയിൽ അവരെ ചേർത്തുനിറുത്താനും മാതൃസഭയിലെ രൂപതകളും വിദേശരാജ്യങ്ങളിലെ രൂപതകളുംചേർന്നു സംയുക്ത അജപാലനപദ്ധതികൾ രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. വിദേശരാജ്യങ്ങളിലേക്കു പോകുന്നവർ സീറോമലബാർസഭയിലെ അംഗങ്ങൾ എന്ന അവബോധത്തോടെ തങ്ങളുടെ പൈതൃകം കാത്തുസൂക്ഷിക്കാനും ആരാധനക്രമസംബന്ധമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും പിന്തുടരാനും കുഞ്ഞുങ്ങൾക്കു സഭാകൂട്ടായ്മയിൽ വിശ്വാസപരിശീലനം നൽകാനും ശ്രദ്ധിക്കണമെന്നു സ്നേഹപൂർവം ഓർമിപ്പിക്കട്ടെ.

ക്രൈസ്തവവിശ്വാസമനുസരിച്ചുള്ള ജീവിതത്തിനും പ്രവർത്തനങ്ങൾക്കും ഇന്നു സമൂഹത്തിൽ നേരിടേണ്ടിവരുന്ന വെല്ലുവിളികളെക്കുറിച്ചുകൂടി ഏതാനും ചിന്തകൾ പങ്കുവയ്ക്കാനാഗ്രഹിക്കുന്നു. ക്രൈസ്തവരും സഭാസമൂഹങ്ങളും സഭാസ്ഥാപനങ്ങളും വിവിധ മേഖലകളിൽ നേരിടുന്ന വെല്ലുവിളികൾ നിരവധിയാണ്. “നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ” (മർക്കോ. 16:15) എന്ന ദൈവകല്പിതമായ ദൗത്യം നിർവഹിക്കാൻ ഓരോ ക്രൈസ്തവനും കടപ്പെട്ടിരിക്കുന്നു. സുവിശേഷപ്രഘോഷണ

മില്ലെങ്കിൽ സഭയില്ല എന്ന സത്യം നമ്മൾ മനസ്സിലാക്കണം. പ്രഘോഷിക്കപ്പെടുന്ന സുവിശേഷത്താൽ ആകർഷിക്കപ്പെട്ടു ക്രൈസ്തവവിശ്വാസം സ്വീകരിക്കാൻ ഒരു വ്യക്തി ആഗ്രഹിച്ചാൽ അതിനെ തടയാൻ ആർക്കും സാധിക്കുകയില്ല. കാരണം, അതു കേവലം മാനുഷികമായ ഒരു തീരുമാനംമാത്രമല്ല, ദൈവികപദ്ധതികൂടിയാണ്. വി. യോഹന്നാന്റെ സുവിശേഷത്തിൽ "വായിക്കുന്നതുപോലെ എന്നെ അയച്ച പിതാവ് ആകർഷിച്ചാലല്ലാതെ ഒരുവനും എന്റെ അടുക്കലേക്കു വരാൻ സാധിക്കുകയില്ല" (6:44). പീഡനങ്ങൾക്കോ ഭീഷണികൾക്കോ ഒരു യഥാർത്ഥവിശ്വാസിയെ തന്റെ ബോധ്യത്തിൽനിന്നു പിന്തിരിപ്പിക്കാൻ സാധിക്കുകയില്ലെന്നു രക്തസാക്ഷികളുടെ ചരിത്രം നമ്മെ ഓർമിപ്പിക്കുന്നു. സുവിശേഷത്തിനുവേണ്ടി നിരവധി പീഡനങ്ങൾ ഏറ്റുവാങ്ങിയ വി. പൗലോസ് ശ്ലീഹായുടെ വാക്കുകൾ ഈ സത്യമാണു പ്രഘോഷിക്കുന്നത്: "എന്തെന്നാൽ, മരണത്തിനോ ജീവനോ ദൂതന്മാർക്കോ അധികാരങ്ങൾക്കോ ഇക്കാലത്തുള്ളവയ്ക്കോ വരാനിരിക്കുന്നവയ്ക്കോ ശക്തികൾക്കോ ഉയരത്തിനോ ആഴത്തിനോ മറ്റേതെങ്കിലും സൃഷ്ടിക്കോ നമ്മുടെ കർത്താവായ ഈശോമിശിഹായിലൂടെയുള്ള ദൈവസ്നേഹത്തിൽനിന്നു നമ്മെ വേർപെടുത്താൻ കഴിയുകയില്ലെന്നു എനിക്ക് ഉറപ്പുണ്ട്" (റോമ.8:38-39). ഐ.എസ്.ഐ.എസ്. തീവ്രവാദികൾ ലിബിയൻ കടൽത്തീരത്തുവച്ചു കഴുത്തറുത്തുകൊന്ന 21 എത്യോപ്യൻ രക്തസാക്ഷികളും ഇതേ തീവ്രവാദികളുടെ പീഡനങ്ങൾക്കിടയിലും ഈശോയിലുള്ള വിശ്വാസം തള്ളിപ്പറയാതെ മരണം വരിച്ച ഇറാക്കിലെയും സിറിയയിലെയും നൂറുകണക്കിനു വിശ്വാസികളും വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലും മണിപ്പൂരിലും ആക്രമിക്കപ്പെടുകയും കൊല്ലപ്പെടുകയുംചെയ്ത ക്രൈസ്തവസഹോദരങ്ങളും ഈ ലോകത്തിലുള്ള ഒരു ശക്തിക്കും ഒരു ഭീഷണിക്കും ഒരു യഥാർത്ഥവിശ്വാസിയെ പിന്തിരിപ്പിക്കാൻ സാധിക്കുകയില്ലെന്ന് ഈ കാലഘട്ടത്തിൽ നമ്മെ ബോധ്യപ്പെടുത്തുന്നു.

സംഘടിതമായ എതിർപ്പുകളുടെയും ന്യായീകരിക്കാനാകാത്ത പ്രകോപനങ്ങളുടെയും തിരഞ്ഞുപിടിച്ചുള്ള ആക്രമണങ്ങളുടെയും പശ്ചാത്തലത്തിലും പൊതുസമൂഹത്തിന്റെ നന്മയും അഭിവൃദ്ധിയും ലക്ഷ്യമാക്കിയുള്ള സഭയുടെ പ്രവർത്തനങ്ങൾ തുടരുന്നതിൽ നമുക്കു മടുപ്പും മനഃക്ലേശവും ഉണ്ടാകരുത്. ഇത്തരം സാഹചര്യങ്ങളിൽ നഷ്ടധൈര്യരാകാതെ വിശ്വാസം കാത്തുസൂക്ഷിക്കാനും കാരുണ്യത്തോടും സ്നേഹത്തോടുംകൂടെ ക്രൈസ്തവജീവിതം നയിക്കാനും അനുദിനജീവിതസാഹചര്യങ്ങളിൽ അതു സാക്ഷ്യപ്പെടുത്താനും നമുക്കു സാധിക്കണം. നമ്മെ പീഡിപ്പിക്കുന്നവരോടു കാരുണ്യപൂർവം വർത്തിക്കാൻ നമ്മുടെ വിശ്വാസം നമ്മെ നിർബന്ധിക്കുന്നു. അതേസമയം, നമ്മുടെ സ്ഥാപനങ്ങളും സംഘടനകളും വിവിധ സേവനമേഖലകളും ഇനിയും കാര്യക്ഷമമാക്കുകയും കുറവുകളും പോരായ്മകളും പരിഹരിച്ചു കൂടുതൽ ഫലപ്രദമാക്കുകയും എല്ലാ പ്രവർത്തനമേഖലകളിലും ആവശ്യമായ ജാഗ്രത പുലർത്തുകയും ചെയ്യേണ്ടതു കാലഘട്ടത്തിന്റെ അനിവാര്യതയാണ്.

തന്റെ ജീവിതത്തിലൂടെയും പ്രഘോഷണത്തിലൂടെയും രക്തസാക്ഷിത്വത്തിലൂടെയും നമുക്കു മാതൃകയും പ്രചോദനവുമായ മാർ തോമാശ്ലീഹായെ പിൻതുടർന്നു നമ്മുടെ വിശ്വാസജീവിതം ധീരതയോടെ നയിക്കാം. “ലോകത്തിൽ നിങ്ങൾക്കു ഞെരുക്കമുണ്ടാകും. എങ്കിലും ധൈര്യമായിരിക്കുവിൻ; ഞാൻ ലോകത്തെ കീഴടക്കിയിരിക്കുന്നു” (യോഹ. 16:33) എന്ന ഈശോയുടെ വാക്കുകൾ എല്ലാ പ്രതിസന്ധികളിലും നമുക്ക് ഊർജവും ഉണർവും ഉത്തേജനവും നല്കട്ടെ. ദുക്റാനത്തിരുനാളിന്റെയും സഭാദിനത്തിന്റെയും ആശംസകൾ സഭാമക്കൾ എല്ലാവർക്കും നേരുന്നു. നമ്മുടെ അമ്മയായ പരിശുദ്ധ കന്യാകാമറിയത്തിന്റെയും മാർ യൗസേപ്പിതാവിന്റെയും മാർ തോമാശ്ലീഹായുടെയും സകല വിശുദ്ധരുടെയും

വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യവും അനുഗ്രഹവും നമ്മോടും നമ്മുടെ എല്ലാ പ്രവർത്തനങ്ങളോടുമൊപ്പം ഉണ്ടായിരിക്കട്ടെ.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്ന് 2023-ാം ആണ്ട് ജൂൺ മാസം 25-ാം തീയതി നൽകപ്പെട്ടത്.

**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

---

NB: ഈ ഇടയലേഖനം 2023 ജൂലൈ 2-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവകദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

Prot. No. 0597/2023

# സിനഡനന്തര സർക്കുലർ

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്
**കർദിനാൾ മാർ ജോർജ് ആലഞ്ചേരി**
തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും
മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും
അല്മായസഹോദരങ്ങൾക്കും എഴുതുന്ന സർക്കുലർ.

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർസഭയുടെ പ്രത്യേക സിനഡുസമ്മേളനം 2023-ാം ആണ്ട് ജൂൺ മാസം 12 മുതൽ 16 വരെ സഭാകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്നു. നമ്മുടെ സഭയെയും സമൂഹത്തെയും ബാധിക്കുന്ന സമകാലികവിഷയങ്ങളെക്കുറിച്ചു പ്രാർത്ഥനാപൂർവം പഠിക്കാനും ദൈവഹിതം അന്വേഷിക്കാനുമാണു സിനഡുപിതാക്കന്മാർ ശ്രമിച്ചത്. സിനഡിന്റെ വിജയത്തിനായി നിങ്ങളെല്ലാവരും ആത്മാർത്ഥമായി പ്രാർഥിച്ചതിനു ഹൃദയപൂർവ്വം നന്ദി പറയുന്നു.

**എറണാകുളം-അങ്കമാലി അതിരൂപത**

ഏകീകൃത വിശുദ്ധ കുർബാനയർപ്പണരീതിയുമായി ബന്ധപ്പെട്ട് എറണാകുളം-അങ്കമാലി അതിരൂപതയിൽ നിലനില്ക്കുന്ന പ്രതിസന്ധികൾക്കു ശാശ്വതമായ പരിഹാരം കണ്ടെത്തുക എന്ന ലക്ഷ്യത്തോടെയാണു പ്രധാനമായും ഈ സിനഡുസമ്മേളനം വിളിച്ചുചേർത്തത്. നമ്മുടെ സഭയുടെ സ്ഥിരം സിനഡ് അംഗങ്ങൾ വത്തിക്കാനിലെത്തി സ്റ്റേറ്റ് സെക്രട്ടറി കർദിനാൾ പിയെത്രോ പരോളിനും പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിന്റെ തലവൻ ആർച്ചുബിഷപ് ക്ലൗദിയോ ഗുജറോത്തിയുമായി നിലവിലെ പ്രതിസന്ധികളെക്കുറിച്ചു വിശദമായ ചർച്ചകൾ നടത്തി. പ്രസ്തുത ചർച്ചയിൽ പ്രശ്നപരിഹാരം ലക്ഷ്യമാക്കി ഉരുത്തിരിഞ്ഞ നിർദേശങ്ങളുടെ വെളിച്ചത്തിലാണു സിനഡിലെ ചർച്ചകൾ നടത്തി

യത്. സീറോ മലബാർസഭയുടെ സിനഡു തീരുമാനിച്ചതും ശ്ലൈഹികസിംഹാസനം അംഗീകരിച്ചതും പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ഉദ്ബോധിപ്പിച്ചതുമായ ഏകീകൃത കുർബാനയർപ്പണരീതി യാതൊരു മാറ്റവുമില്ലാതെ തുടരുമെന്നു സിനഡ് ആവർത്തിച്ചു പ്രഖ്യാപിക്കുന്നു. ഏതെങ്കിലും ഒരു രൂപതയിൽ ഇതു നടപ്പിലാക്കാൻ പ്രതിസന്ധി നേരിടുന്നു എന്നതു മേല്പറഞ്ഞ തീരുമാനത്തെ യാതൊരുവിധത്തിലും അസ്ഥിരപ്പെടുത്തുകയോ അസാധുവാക്കുകയോ ചെയ്യുന്നില്ല. സഭയിലെ മറ്റെല്ലാ രൂപതകളെയും കൂട്ടായ്മയിലേക്കു നയിച്ച തീരുമാനത്തിൽ മാറ്റംവരുത്തുന്നതു സഭയിൽ അരാജകത്വം സൃഷ്ടിക്കും. ഈ സത്യം മനസ്സിലാക്കി വിയോജിപ്പുള്ളവരും കൂട്ടായ്മയിലേക്കു കടന്നുവരണമെന്നു സിനഡ് ആവർത്തിച്ച് ആവശ്യപ്പെടുകയാണ്. എല്ലാ പ്രതിസന്ധികളിലും കത്തോലിക്കാ കൂട്ടായ്മയിൽ ഉറച്ചുനിന്ന നമ്മുടെ പൈതൃകം ചില നിക്ഷിപ്തതാത്പര്യങ്ങളുടെപേരിൽ ബലികൊടുക്കാൻ ഇടവരരുത്.

അഭിപ്രായാന്തരങ്ങൾ ചർച്ചകളിലൂടെയാണു പരിഹരിക്കേണ്ടത്. എറണാകുളം-അങ്കമാലി അതിരൂപതയുമായി വിവിധ തലങ്ങളിൽ സിനഡിന്റെ പ്രതിനിധികൾ ചർച്ച നടത്തിയിട്ടുണ്ട്. ഈ ചർച്ചകൾ കൂടുതൽ ഫലപ്രദമായി നടത്തുന്നതിന് ആവശ്യകമായ സാഹചര്യങ്ങൾ ക്രമീകരിക്കണമെന്നു പരിശുദ്ധ പിതാവിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ചർച്ചകൾക്കൊപ്പം സഭാവിരുദ്ധനിലപാടുകളെ തിരുത്തുന്നതിനും സഭാത്മകമായ ഒരുമിച്ചുനടക്കലിന്റെ (Synodality) ആവശ്യകത വിശദമാക്കുന്നതിനും സഹായകമായ രീതിയിൽ എറണാകുളം - അങ്കമാലി അതിരൂപതയ്ക്കുവേണ്ടിയുള്ള ഒരു പേപ്പൽ ഡെലഗേറ്റിനെയാണു സിനഡ് അഭ്യർത്ഥിച്ചിട്ടുള്ളത്. സിനഡിന്റെ ഈ അഭ്യർത്ഥനയെ അനുഭാവപൂർവ്വം പരിഗണിക്കാമെന്നു പരിശുദ്ധ പിതാവ് ഉറപ്പുനൽകിയിട്ടുണ്ട്. എറണാകുളം-അങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ടു നിലനില്ക്കുന്ന എല്ലാ പ്രതിസന്ധികളും പുതിയ സംവിധാനത്തിലൂടെ എല്ലാവർക്കും സ്വീകാര്യമായ രീതിയിൽ പരിഹരിക്കാനാകുമെന്നു ഞങ്ങൾ പ്രത്യാശിക്കുന്നു.

ദൈവകൃപയാൽ നമ്മുടെ സഭ ആഗോളതലത്തിൽ വളർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ മേജർ ആർച്ചുബിഷപ്പിന്റെ ഉത്തരവാദിത്വം വർദ്ധമാനമാകുന്നുണ്ട്. ഈ സാഹചര്യത്തിൽ, എറണാകുളം-അങ്കമാലിപോലെ അതിവിസ്തൃതമായ ഒരു അതിരൂപതയുടെ ഭരണച്ചുമതലകൂടി മേജർ ആർച്ചുബിഷപ് നിർവഹിക്കുന്ന പതിവു തുടർന്നുപോകുന്നത് ശ്രമകരമായിരിക്കുമെന്നു സിനഡു വിലയിരുത്തുന്നു. എന്നാൽ, നിലവിലുള്ള എറണാകുളം-അങ്കമാലി അതിരൂപതയെ വിഭജിക്കാനോ അതിരൂപതയുടെ ഭൂമിശാസ്ത്രപരമായ അതിർത്തികൾ പുനഃക്രമീകരിക്കാനോ സിനഡ് ഉദ്ദേശിക്കുന്നില്ല. ഇതുസംബന്ധിച്ചുള്ള വ്യാജപ്രചാരണങ്ങൾ ആരെയും വഴിതെറ്റിക്കാതിരിക്കാൻ ശ്രദ്ധിക്കുമല്ലോ. നിലവിലുള്ള എറണാകുളം-അങ്കമാലി അതിരൂപതയ്ക്കു സ്വതന്ത്രഭരണച്ചുമതലയുള്ള അതിരൂപതാധ്യക്ഷനെ നിയോഗിക്കണമെന്നാണു സിനഡുപിതാക്കന്മാർ ആഗ്രഹിക്കുന്നത്. ഇതിനു സഹായകമായ ക്രമീകരണങ്ങൾക്കായി ശ്ലൈഹികസിംഹാസനത്തോടു സിനഡ് അഭ്യർത്ഥിച്ചിട്ടുണ്ട്.

താത്കാലികമായ പ്രശ്നപരിഹാരം എന്നതിലുപരി, എറണാകുളം-അങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ട സങ്കീർണമായ വിഷയങ്ങൾ അതിരൂപതയുടെകൂടി നന്മയെ ലക്ഷ്യമാക്കി ശാശ്വതമായി പരിഹരിക്കുന്നതിന് ആവശ്യകമായ ഒരു കർമപദ്ധതിയാണു ശ്ലൈഹികസിംഹാസനത്തിന്റെ അനുമതിയോടെ നടപ്പിലാക്കാൻ സിനഡു പരിശ്രമിക്കുന്നത്. നിലവിലുള്ള സംവിധാനങ്ങളിൽ മേല്പറഞ്ഞ മാറ്റങ്ങൾ വരുത്തുന്നതിന് ശ്ലൈഹികസിംഹാസനത്തിന്റെ അനുമതി ആവശ്യമാണ്. അതിനാലാണു കൃത്യമായ തീരുമാനങ്ങൾ ഇപ്പോൾ പ്രഖ്യാപിക്കാൻ കഴിയാത്തത്. ഏറെ വൈകാതെ നിലവിലുള്ള പ്രതിസന്ധികളെല്ലാം ശാശ്വതമായി പരിഹരിക്കാനാകുമെന്ന ഉറച്ച പ്രത്യാശയാണു സിനഡിനുള്ളത്. ഇതിനായിസഭയൊന്നാകെ പ്രാർത്ഥിക്കണമെന്നു സ്നേഹപൂർവ്വം ആവശ്യപ്പെടുന്നു.

**എറണാകുളം ബസിലിക്ക**

മേജർ ആർച്ചുബിഷപ്പിന്റെ ആസ്ഥാനദൈവാലയമായ എറണാകുളം സെന്റ് മേരീസ് ബസിലിക്ക ഏതാനും മാസങ്ങളായി അടഞ്ഞുകിടക്കുന്നതു സഭയുടെ മുഴുവൻ ദുഃഖമാണ്. ഏകീകൃത കുർബാനയർപ്പണരീതിയെ അനുകൂലിക്കുന്നവരും പ്രതികൂലിക്കുന്നവരും തമ്മിലുണ്ടായ സംഘർഷം ക്രമസമാധാന പ്രശ്നമായി വളർന്നപ്പോഴാണ് ആദ്യം ജില്ലാഭരണകൂടവും പിന്നീടു പോലീസും മുൻകൈയെടുത്തു ബസിലിക്ക അടച്ചത്. പൊതുസമൂഹത്തിൽ സഭയുടെ പ്രതിച്ഛായ ഏറെ വികലമാക്കുന്ന പ്രവർത്തനങ്ങൾ ഇതിനോടനുബന്ധിച്ചു നടന്നതു നമ്മുടെ സഭയ്ക്കു തീരാക്കളങ്കമായി.

എറണാകുളം ബസിലിക്കാദൈവാലയം തുറക്കാനും വിശുദ്ധകുർബാനയൊഴികെയുള്ള ആത്മീയകർമങ്ങൾ അനുഷ്ഠിക്കാനും ധാരണയായിട്ടുണ്ട്. കത്തീഡ്രൽ ദൈവാലയം എന്ന നിലയിൽ ശ്ലൈഹികസിംഹാസനത്തിന്റെ നിർദ്ദേശപ്രകാരം ഏകീകൃതരീതിയിലുള്ള വിശുദ്ധകുർബാനയർപ്പണമല്ലാതെ ജനാഭിമുഖകുർബാന അവിടെ അർപ്പിക്കില്ല എന്നു ബസിലിക്കാ വികാരിയും കൈക്കാരന്മാരും നൽകിയ ഉറപ്പിന്മേലാണു ദൈവാലയം തുറക്കുന്നത്. ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരേ കാനൻനിയമമനുസരിച്ചുള്ള നടപടികൾ സ്വീകരിക്കാനും സിനഡ് തീരുമാനിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ചു തെറ്റിദ്ധാരണ പരത്താൻ ശ്രമിക്കുന്നവരെ അവഗണിച്ചു, പരസ്പരവിശ്വാസവും സ്നേഹവുംവഴി സഭാഗാത്രത്തിലെ മുറിവുകൾ ഉണക്കാൻ എല്ലാവരും ബോധപൂർവം ശ്രമിക്കണം.

**മണിപ്പൂർകലാപം**

ക്രൈസ്തവർക്കെതിരായ പീഡനങ്ങൾ ഭാരതത്തിൽ വർദ്ധിച്ചുവരുന്നതു തികച്ചും ആശങ്കാജനകമാണ്. ഗോത്രസംഘർഷമായി ആരംഭിച്ച മണിപ്പൂർകലാപം വർഗീയമായി ആളിക്കത്താൻ തുടങ്ങിയിട്ട് ആഴ്ചകളായെങ്കിലും അഗ്നിയണയ്ക്കാൻ ഉത്തരവാദപ്പെട്ടവരുടെ ഭാഗത്തുനിന്നു കാര്യമായ

ശ്രമങ്ങളൊന്നും ഉണ്ടാകുന്നില്ല. വർഗീയകലാപമായിമാറിയ സംഘർഷത്തിൽ നൂറുക്കണക്കിനു മനുഷ്യജീവൻ പൊലിഞ്ഞിട്ടും അക്രമങ്ങൾ നിയന്ത്രിക്കാനോ വിധ്വംസകപ്രവർത്തകരെ നിലക്കുനിറുത്താനോ ഭരണകൂടത്തിനു കഴിയുന്നില്ല. മുന്നൂറോളം ക്രൈസ്തവദൈവാലയങ്ങൾ തകർക്കപ്പെട്ടിട്ടും ആയിരങ്ങൾ ഭവനരഹിതരായിട്ടും ഇത്തരം പ്രവർത്തനങ്ങളെ അപലപിക്കാനോ കലാപകാരികളെ തള്ളിപ്പറയാനോ ഭരണത്തിന്റെ തലപ്പത്തുള്ളവർ ഇനിയും തയ്യാറായിട്ടില്ല എന്നതു വേദനാജനകമാണ്.

ഭരണഘടന ഉറപ്പുനൽകുന്ന മതസ്വാതന്ത്ര്യത്തിനു കൂച്ചുവിലങ്ങിടാനും ന്യൂനപക്ഷങ്ങളെ ശ്വാസംമുട്ടിക്കാനുമായി നിയമങ്ങൾതന്നെ നിർമിക്കപ്പെടുന്നുവെന്നതു ജനാധിപത്യത്തിനു ഭൂഷണമല്ല. ഭൂരിപക്ഷത്തിന്റെ പിൻബലത്തിൽ ഭരണഘടനാമൂല്യങ്ങൾ അട്ടിമറിക്കപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്തി ന്യൂനപക്ഷങ്ങളെ സംരക്ഷിക്കേണ്ടത് ഭരണകൂടങ്ങളുടെ ഉത്തരവാദിത്വമാണ്. കേരളത്തിലും ക്രൈസ്തവവിദ്യാഭ്യാസസ്ഥാപനങ്ങൾ വർഗീയലക്ഷ്യങ്ങളോടെ ആക്രമിക്കപ്പെടുന്ന സാഹചര്യം വർദ്ധിച്ചുവരുന്നത് ഏറെ ആശങ്കയുളവാക്കുന്നതാണ്.

**കാർഷികപ്രശ്നങ്ങൾ**

കേരളത്തിലെ കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അനുഭാവപൂർവമായ സമീപനം സ്വീകരിക്കേണ്ടതുണ്ട്. ബഫർസോൺ വിഷയത്തിൽ സുപ്രീംകോടതിവിധിക്കുശേഷവും കർഷകരുടെ ആശങ്കകൾ പരിഹരിക്കപ്പെടാതെ നില്ക്കുന്നുവെന്ന സത്യം സംസ്ഥാന സർക്കാർ മനസ്സിലാക്കണം. കൃഷിഭൂമിയിൽ ഇറങ്ങുന്ന വന്യമൃഗങ്ങൾ കർഷകന്റെ ജീവനും സ്വത്തിനും ഭീഷണിയായിമാറിയിട്ടും കർഷകനെ സംരക്ഷിക്കുന്ന നയങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ല എന്നുള്ളതു ദുഃഖകരമാണ്. വന്യമൃഗങ്ങളുടെ ആക്രമണങ്ങൾമൂലമുള്ള ജീവഹാനി സമീപകാലത്തു വളരെയേറെ വർദ്ധിച്ചിരിക്കുന്നത് കർഷകരെ ആശങ്കയിലാഴ്ത്തുന്നുണ്ട്.

കാർഷികോത്പന്നങ്ങളുടെ വിലത്തകർച്ച കർഷകകുടുംബങ്ങളെ കടക്കെണിയിലും മുഴുപ്പട്ടിണിയിലുമാക്കിയിരിക്കുന്നു എന്ന സത്യം സർക്കാർ തിരിച്ചറിയണം. കാർഷികോത്പന്നങ്ങൾക്കു ന്യായമായ താങ്ങുവില പ്രഖ്യാപിക്കുമെന്ന വാഗ്ദാനം തിരഞ്ഞെടുപ്പുപ്രകടനപത്രികയിൽമാത്രമായി ഒതുങ്ങിപ്പോകുന്നില്ല എന്നു സർക്കാർ ഉറപ്പുവരുത്തണം. ഏറ്റെടുത്ത നെല്ലിന്റെ വിലകിട്ടാനായി സമരമുഖത്തായിരിക്കുന്ന നെൽക്കർഷകരുടെ പ്രശ്നങ്ങളിൽ സത്വരമായി ഇടപെടണമെന്നു സർക്കാരിനോട് അഭ്യർത്ഥിക്കുന്നു. അതിജീവനം അസാധ്യമെന്ന തിരിച്ചറിവിൽ യുവജനങ്ങളിൽ നല്ലൊരു പങ്കു നാടുവിട്ടുപോകാനിടയാകുന്ന സാഹചര്യം ഒരു സർക്കാരിനും ഭൂഷണമല്ലെന്നു മനസ്സിലാക്കണം.

നല്ല ദൈവത്തിന്റെ കരുതലാർന്ന പരിപാലനയ്ക്കു നമുക്കു നന്ദിപറയാം. ദൈവത്തിന്റെ അനുഗൃഹീതമാതാവും നമ്മുടെ അമ്മയുമായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെയും മാധ്യസ്ഥ്യം നമുക്കു സഹായമാകട്ടെ. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്ന് 2023-ാം ആണ്ട് ജൂൺ മാസം 16-ാം തീയതി നൽകപ്പെട്ടത്.

**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

---

NB : ഈ സർക്കുലർ 2023 ജൂൺ 25-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കുവാനായി നല്കപ്പെട്ടതാണ്.

No. 3877/K 35/OL/KCBC/DS 17.06.2023

# കെസിബിസി എസ് സി/എസ് ടി/ബിസി കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

അഭിവന്ദ്യപിതാക്കന്മാരേ, ബഹുമാനപ്പെട്ട വൈദികരേ, ബഹു. സിസ്റ്റേഴ്സ്, പ്രിയ സഹോദരീസഹോദരന്മാരേ,

മതേതരത്വം മുഖമുദ്രയായ ജനാധിപത്യരാഷ്ട്രമാണ് നമ്മുടെ രാജ്യം. എന്നാൽ, മതേതരത്വം ഉദ്ഘോഷിക്കുന്ന നമ്മുടെ ഈ രാജ്യത്ത് ക്രൈസ്തവമതം സ്വീകരിച്ചു എന്ന ഏകകാരണത്താൽ ജന്മാവകാശങ്ങൾ നിഷേധിക്കപ്പെട്ടിരിക്കു കയാണ് പട്ടികജാതിയിൽനിന്നു ക്രിസ്തുമതം സ്വീകരിച്ച ദലിത് ക്രൈസ്തവവിഭാഗത്തിന്. ഇന്ത്യയുടെ ഭരണഘടന രൂപീകരിച്ചപ്പോൾ, നൂറ്റാണ്ടുകളായി അയിത്തവും അടിമത്തവും അനുഭവിച്ചു സമൂഹത്തിന്റെ മുഖ്യധാരയിൽനിന്നു പിന്ത ള്ളപ്പെട്ടുപോയ ജനസമൂഹത്തെ മുഖ്യധാരയിൽ എത്തിക്കുക എന്നുള്ള ലക്ഷ്യത്തോടുകൂടി ഭരണഘടനയിൽ പട്ടികജാതി പട്ടികവർഗ്ഗം എന്ന വകുപ്പു ചേർക്കുകയുണ്ടായി. എന്നാൽ, 1950 ആഗസ്റ്റ് 10-ാം തീയതി പ്രസിഡന്റിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം ഉപയോഗിച്ച് ഇറക്കിയ ഉത്തരവുപ്രകാരം ഹിന്ദുമതവിശ്വാസികൾക്കുമാത്രമായി പട്ടികജാതിസംവരണം പരിമിതപ്പെടുത്തി. പിന്നീട് 1956 ൽ സിക്കുമതത്തിലെ ദലിത രെയും 1990 ൽ ബുദ്ധമതത്തിലെ ദലിതരെയും പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ ആ വിഭാഗങ്ങൾക്കും സംവരണം നൽകുകയുണ്ടായി. എന്നാൽ, കഴിഞ്ഞ 73 വർഷ മായി ക്രൈസ്തവരായ ദലിതരെ പട്ടികജാതിലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. 1950 മുതൽ ദലിത് ക്രൈസ്തവർ നിര ന്തരമായ സമരങ്ങളും നിവേദനങ്ങളും സർക്കാരിനു നൽകിയ തിന്റെ ഫലമായി പല കമ്മീഷനുകളെയും കേന്ദ്ര - സംസ്ഥാന

സർക്കാരുകൾ നിയമിച്ചു. കമ്മീഷൻ റിപ്പോർട്ടുകൾ അനുകൂല മായിരുന്നെങ്കിലും ഫലം കണ്ടില്ല.

2004 ൽ ട്രിച്ചി സ്വദേശിയായ അഡ്വ. ഫ്രാങ്ക്ളിൻ സീസർ ദലിത് ക്രൈസ്തവർക്ക് സംവരണാനുകൂല്യം ലഭിക്കുന്നതിന് സുപ്രീംകോടതിയിൽ ഒരു കേസ് ഫയൽ ചെയ്തു, 1950 ആഗസ്റ്റ് 10-ാം തീയതി ഇറക്കിയ ഉത്തരവിലെ 3-ാം ഖണ്ഡിക റദ്ദു ചെയ്ത് ക്രൈസ്തവരായ ദലിതർക്ക് പട്ടികജാതി സംവരണം നൽകണമെന്ന് ആവശ്യപ്പെട്ടാണ് കേസ് ഫയൽ ചെയ്തത്. കേസിനെ സംബന്ധിച്ചുള്ള വിചാരണ പലപ്രാ വശ്യം മാറ്റിവച്ചുവെങ്കിലും 2023 ജൂലൈ 11-ാം തീയതി സുപ്രീം കോടതിയിൽ വീണ്ടും വിചാരണയ്ക്ക് എടുത്തിരിക്കുകയാണ്. ഈ അവസരത്തിൽ നമ്മുടെ ദലിത് ക്രൈസ്തവസഹോ ദരങ്ങളോട് ഐക്യദാർഢ്യം പ്രകടിപ്പിക്കാനും, അവരെ കരുതു വാനും സഭ പ്രതിജ്ഞാബദ്ധമാണ്. ഈ നിർണ്ണായക കേസ് സുപ്രീംകോടതിയിൽ വിജയിക്കുവാനും പട്ടികജാതിസംവ രണം അവർക്കു ലഭ്യമാകുവാനും ദൈവകൃപയുടെ വലിയ നടത്തിപ്പ് ആവശ്യമാണ്. അതിനാൽ, കേരള കത്തോലിക്കാസഭ മുഴുവൻ ഈ നിയോഗത്തിനായി 2023 ജൂലൈ 9-ാം തീയതി ഞായറാഴ്ച പ്രാർത്ഥനാദിനമായി ആചരിക്കുവാൻ കെസി ബിസി നിശ്ചയിച്ചിരിക്കുകയാണ്. അന്നേദിവസം വിശ്വാസികൾ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സന്ന്യാസഭവനങ്ങ ളിലും പ്രത്യേക പ്രാർത്ഥനകൾ നടത്തുക ഉചിതമാണ്. കേസ് വാദിക്കുന്ന വക്കീലന്മാരെയും വിധി കല്പിക്കുന്ന ജഡ്ജിമാ രെയും പ്രത്യേകം സമർപ്പിച്ചു പ്രാർത്ഥിക്കാം.

ഈശോയിൽ സ്നേഹപൂർവ്വം,

**ബിഷപ് ഗീവർഗ്ഗീസ് മാർ അപ്രേം**

ചെയർമാൻ, കെസിബിസി എസ് സി/എസ് ടി/ബിസി കമ്മീഷൻ

**ബിഷപ് ഡോ. വിൻസെന്റ് സാമുവൽ**

വൈസ് ചെയർമാൻ, കെസിബിസി എസ് സി/എസ് ടി/ ബിസി കമ്മീഷൻ

**ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ**

വൈസ് ചെയർമാൻ, കെസിബിസി എസ് സി/എസ് ടി/ ബിസി കമ്മീഷൻ

പി.ഒ.സി, കേരള കത്തോലിക്കാസഭയുടെ
ആസ്ഥാനകാര്യാലയം
കൊച്ചി, 682025

---

NB: 2023 ജൂലൈ 2-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോമലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും സന്ന്യാസഭവനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്കു വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

No. 3879/K 35/OL/KCBC/DS 23.06.2023

## യുവജനദിനം 2023, ജൂലൈ 9, ഞായർ

## കെസിബിസി യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുക്രിസ്തുവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

കേരള കത്തോലിക്കാസഭ ജൂലൈ 9, ഞായറാഴ്ച യുവജനദിനമായി ആചരിക്കുന്നു. ഏവർക്കും കെസിബിസി യുവജനകമ്മീഷനിൽനിന്നു യുവജനദിനത്തിന്റെ ആശംസകൾ!

വിശുദ്ധ ജോൺപോൾ പാപ്പാ 1986 ൽ ആരംഭിച്ച ലോക യുവജനദിനാഘോഷത്തിന്റെ 37-ാമത്തെ പതിപ്പിൽ എത്തിനിൽക്കുന്നു. "മേരി എഴുന്നേറ്റു തിടുക്കത്തിൽ യാത്രപുറപ്പെട്ടു" (ലൂക്കാ 1,39) എന്ന വേദവാക്യമാണ് പരിശുദ്ധ ഫ്രാൻസിസ് പാപ്പാ ഈ വർഷത്തെ യുവജനദിനാഘോഷത്തിന്റെ ആപ്തവാക്യമായി തിരഞ്ഞെടുത്തിരിക്കുന്നത്. സഭയുടെ ചാലകശക്തികളായ ലക്ഷക്കണക്കിനു യുവജനങ്ങൾ ഒരുമിച്ചുവന്ന് ആഹ്ളാദപൂർവം ദൈവത്തിനു നന്ദിപറയുന്ന അവസരത്തെ സമർപ്പിച്ച് നമുക്കു പ്രത്യേകമായി പ്രാർത്ഥിക്കാം. പരിശുദ്ധ അമ്മയെപ്പോലെ തിടുക്കവും തീക്ഷ്ണതയുമുള്ള ഒരു യുവജനസഭ, കേരളസഭയിലുണ്ടാകാനായി നമുക്ക് പദ്ധതികൾ തയ്യാറാക്കാം.

### തീക്ഷ്ണയൗവ്വനം ക്രിസ്തുവിൽ ഒന്നായി

ആഗോള കത്തോലിക്കാസഭയുടെ പരമാധ്യക്ഷൻ ഫ്രാൻസിസ് പാപ്പാ പ്രഖ്യാപിച്ച ആഗോള സിനഡിന്റെ പശ്ചാത്തലത്തിൽ കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം എന്നീ ആദർശങ്ങളിൽ അടിസ്ഥാനപ്പെടുത്തി 'സഹയാനം ചെയ്യുന്ന സഭ' എന്ന ആശയം യുവത്വം ഏറ്റെടുക്കുന്നു. ഈ വർഷം ആപ്തവാക്യമായി തിരഞ്ഞെടുത്തിരിക്കുന്നത് 'തീക്ഷ്ണ യൗവ്വനം ക്രിസ്തുവിൽ ഒന്നായി' എന്നതാണ്. കേരളസഭ 2022

–25 വർഷങ്ങളെ സഭാനവീകരണകാലഘട്ടമായി പ്രഖ്യാപിച്ചിരിക്കുന്നു. 'സഭ ക്രിസ്തുവിൽ പണിയപ്പെടുന്ന ഭവനം' എന്ന ആപ്തവാക്യത്തിലൂന്നിയ സഭാനവീകരണ പ്രവർത്തനങ്ങളിൽ മുഖ്യപങ്കു വഹിക്കേണ്ടത് യുവജനങ്ങളാണ്. കേരളസഭാനവീകരണത്തിന്റെ ആദ്യവർഷമായ 2022 ശ്രവണകാലഘട്ടമായിരുന്നു. യുവജനങ്ങൾ നേരിടുന്ന വെല്ലുവിളികൾ, വിശ്വാസപരമായ സന്ദേഹങ്ങൾ, ആത്മീയവും ഭൗതികവുമായ സംഘർഷങ്ങൾ തുടങ്ങിയവ പൊതുവിടങ്ങളിൽ ചർച്ചയാകേണ്ടതുണ്ട്. 2023 ഡിസംബർ 1,2,3 തീയതികളിൽ നടക്കുന്ന ദിവ്യകാരുണ്യ കോൺഗ്രസിന്റെ സമാപനസമ്മേളനത്തിൽവച്ച് 2024 വർഷം യുവജനവർഷമായി പ്രഖ്യാപിക്കപ്പെടുന്നു. കേരളസഭയിലെ യുവജനങ്ങൾ സഭയുടെ പ്രേഷിതരായി മാറാൻ 2025 ജൂബിലിവർഷത്തിൽ മിഷൻവർഷമായി ആചരിക്കാനും പദ്ധതിയുണ്ട്.

വിഭജിക്കപ്പെട്ട സഭ പാഷണ്ഡതയാണ്. സഭയുടെ ഐക്യം ഊട്ടിയുറപ്പിക്കാൻ വിളിക്കപ്പെട്ടവരാണ് യുവജനങ്ങൾ. ആഗോള കത്തോലിക്കാസഭയിലെ 24 സഭകളുടെ കൂട്ടായ്മ പ്രതിഫലിക്കുന്ന ഇടമാണ് ഭാരതസഭ. പ്രത്യേകിച്ച് മൂന്നു വ്യക്തിഗതസഭകൾ ഒരേ സ്ഥലത്തായിരിക്കുന്ന കേരളസഭ. മൂന്നു റീത്തുകളിലുമുള്ള യുവാക്കൾക്ക് ഒത്തുചേരാനും സഭയുടെയും സമൂഹത്തിന്റെയും പ്രശ്നങ്ങളിൽ ഇടപെടാനുമുള്ള അന്തരീക്ഷമാണ് നമുക്കുള്ളത്. അതിന്റെ സാധ്യതകളെ കണ്ടെത്തി ദൗത്യത്തിന്റെ കനൽ ഏറ്റുവാങ്ങാൻ യുവജനങ്ങൾ ബാധ്യസ്ഥരാണ്. ഐക്യത്തിന്റെ ആത്മാവിനെയാണ് നാം സ്വീകരിച്ചിരിക്കുന്നത്. മൂന്നു റീത്തുകളിലെയും യുവജനങ്ങൾ ഒത്തുചേർന്ന് നവീകരണത്തിന്റെ 'കാറ്റലിസ്റ്റു'കളാകാൻ വിളിക്കപ്പെട്ടിരിക്കുന്നു. ഓരോ സഭയ്ക്കും അതിന്റേതായ ചരിത്രവും സ്വത്വവും പാരമ്പര്യവും ആരാധനക്രമവും ഒക്കെയുമുള്ളപ്പോഴും അതിനെ അതിലംഘിക്കുന്ന ഐക്യത്തിന്റെ പ്രതീകമാണ് കേരളസഭയിലെ യുവജനശുശ്രൂഷ.

**യുവാക്കൾ: ക്രിസ്തുവിന്റെ കരങ്ങൾ**

ക്രിസ്തുവിന്റെ അനുകമ്പ അദ്ഭുതങ്ങളായി മാറുന്ന കാഴ്ച വേദപുസ്തകത്തിന്റെ താളുകളിൽ നാം കാണുന്നു. ക്രിസ്തുവിന്റെ കരുണയുടെ കരങ്ങളായി മാറുന്ന യുവത്വം സഭയുടെ സ്വപ്നമാണ്. പ്രത്യേകിച്ച്, ആരോരുമില്ലാത്തവർ, സ്പെഷ്യൽ സ്കൂളുകളിലെ കുട്ടികൾ, ഉപേക്ഷിക്കപ്പെട്ട വൃദ്ധജനങ്ങൾ എന്നിവരിലേക്കു നീളുന്ന കരുണയുടെ കരങ്ങളായി യുവജനങ്ങൾ മാറേണ്ടതുണ്ട്.

**ലഹരിമുക്തയൗവ്വനം**

യുവാവായ ക്രിസ്തുവിലേക്ക് ആകർഷിക്കപ്പെടുന്ന യുവത്വം സഭയുടെ മുതൽക്കൂട്ടാണ്; സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും സമ്പത്താണ് യൗവ്വനം: ഒരു തലമുറ ജീവിതാന്തസ്സു തിരഞ്ഞെടുക്കുന്ന കാലം; അവർ ഉത്തമപൗരന്മാരും ക്രിസ്തുദർശനത്തിന്റെ കാവലാളുകളുമാകാൻ പരിശ്രമിക്കുന്ന കാലം. എന്നാൽ, മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം യൗവ്വനത്തിന്റെ ലഹരിയെ നശിപ്പിക്കുന്നു. അത്തരം ലഹരിക്കടിമപ്പെടുന്ന യൗവ്വനം ഒരു ബാധ്യതയാണ്. തീവ്രവാദത്തിന്റെ ഫണ്ടിങ്ങിനായി മാരകമായ ലഹരിവസ്തുക്കൾ കേരളത്തിലേക്ക് ഇറക്കുമതി ചെയ്യപ്പെടുന്നു എന്ന സത്യം വാർത്തകളിൽ നിറയുന്നു. യൗവ്വനത്തിന്റെ തീക്ഷ്ണതയെ കയറൂരിവിടുന്ന ലൈംഗിക അരാജകത്വം, സ്വവർഗവിവാഹംപോലുള്ള തിന്മകൾ, വിവാഹപൂർവലൈംഗികത, വിവാഹേതരലൈംഗികത, ഒത്തുവസിക്കലുകൾ, അതേത്തുടർന്നുണ്ടാകുന്ന ഗർഭച്ഛിദ്രങ്ങൾ, പ്രണയത്തിന്റെ മറവിലെ തീവ്രവാദങ്ങൾ, 'കല്യാണയുദ്ധങ്ങൾ' അങ്ങനെ വെല്ലുവിളികൾ ധാരാളമുണ്ട്. സാങ്കേതികവിദ്യയുടെ അതിപ്രസരംമൂലം ഗെയിം അഡിക്ഷൻ, സ്ക്രീൻ അഡിക്ഷൻ, മൊബൈൽ അഡിക്ഷൻ തുടങ്ങിയവ കോവിഡനന്തര കാലത്തു വർധിച്ചിട്ടുണ്ട്. അക്കാര്യത്തിൽ യുവത്വം ജാഗ്രത പുലർത്തുകയും അതിജീവിക്കാൻ വേണ്ട പരിശീലനം നേടുകയും വേണം.

**വിദ്യാഭ്യാസം, തൊഴിൽ, സംരംഭകത്വം**

കേരളത്തിന്റെ സാക്ഷരതയ്ക്ക് ക്രൈസ്തവരുടെ പങ്ക് അനന്യമാണ്. വിദ്യാഭ്യാസമേഖലയിലെ ആരോഗ്യകരമല്ലാത്ത പ്രവണതകൾ, പാഠപുസ്തകപരിഷ്കരണത്തിലെ രാഷ്ട്രീയ താത്പര്യങ്ങൾ, അനാവശ്യ നിയമനിർമാണങ്ങൾ, ക്രൈസ്തവ വിദ്യാഭ്യാസസ്ഥാപനങ്ങൾക്കുനേരേയുള്ള അക്രമങ്ങൾ, അനാവശ്യസമരങ്ങൾ, വിദ്യാഭ്യാസമേഖലയിലെ ക്രൈസ്തവസംഭാവനകളുടെ തമസ്കരണം തുടങ്ങിയ സമകാലിക യാഥാർത്ഥ്യങ്ങൾ യുവജനങ്ങൾ മനസ്സിലാക്കുകയും സൃഷ്ടിപരമായി പ്രതികരിക്കുകയും ചെയ്യേണ്ടതാണ്.

തൊഴിലില്ലായ്മ, സംരംഭകർക്ക് അനുകൂലമല്ലാത്ത അന്തരീക്ഷം സൃഷ്ടിക്കുന്ന സർക്കാർ-രാഷ്ട്രീയ സംവിധാനങ്ങൾ തുടങ്ങിയവ നിമിത്തം വിദേശരാജ്യങ്ങളിലേക്കു നമ്മുടെ യൗവ്വനം ഒഴുകുന്നു. ഇതുമൂലം ഉണ്ടാകുന്ന വിശ്വാസപരവും സാംസ്കാരികപരവുമായ വിടവുകൾ സഭ ഏറെ ശ്രദ്ധയോടെ വീക്ഷിക്കുന്നു. അതോടൊപ്പം അന്യസംസ്ഥാനങ്ങളിൽനിന്നു പ്രവാസികളായി വന്നുചേർന്നിരിക്കുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾ, അവരുടെ ഐഡന്റിറ്റി, അതിന്റെ പ്രത്യാഘാതങ്ങൾ ഇവയൊക്കെ ഗൗരവമായ പരിഗണന അർഹിക്കുന്ന വിഷയങ്ങൾതന്നെ. ഇവയ്ക്കു പരിഹാരം കണ്ടെത്താൻ സാധിക്കും വിധമുള്ള യുവജനശുശ്രൂഷാമോഡലുകൾ രൂപംകൊള്ളാൻ സഭ ആഗ്രഹിക്കുന്നു. ഈ നാടിന്റെ സംരംഭകരായി മാറാൻ, സർക്കാർ ജോലി നേടാൻ ഒക്കെ യുവജനങ്ങളെ പ്രേരിപ്പിക്കുക എന്നതാണ് അതിനുള്ള മാർഗം.

**യുവാക്കൾ ക്ഷേമരാഷ്ട്രനിർമ്മിതിക്ക്**

ഇന്ത്യയെന്ന മഹത്തായ രാഷ്ട്രത്തിന്റെ ക്ഷേമത്തിനും ഐശ്വര്യത്തിനുമായി പ്രവർത്തിക്കാൻ പ്രതിജ്ഞാബദ്ധരാണ് യുവജനങ്ങൾ. ശുദ്ധരാഷ്ട്രീയത്തിന്റെ വക്താക്കളായി ക്രൈസ്തവയുവത്വം മാറേണ്ടതുണ്ട്. ഭാരതത്തിന്റെ മതേതരത്വത്തെ

കാക്കാൻ കടപ്പെട്ടവരാണ് ക്രൈസ്തവയുവത്വം. സ്വന്തം മതത്തെ പ്രഘോഷിക്കുമ്പോഴും മറ്റു മതങ്ങളെ ബഹുമാനത്തോടെ കാണാൻ കഴിയുന്ന കണ്ണാണ് യുവജനങ്ങൾക്കുണ്ടാകേണ്ടത്. അല്ലെങ്കിൽ അത് വർഗ്ഗീയതീവ്രവാദത്തിന്റെ കനലുകളെ ഊതിക്കത്തിക്കുമെന്നതിന് ചരിത്രം സാക്ഷി. വിഭജനത്തിന്റെ നാൾമുതൽ ഭാരതം കണ്ടുകൊണ്ടിരിക്കുന്ന ഭീകരസംഭവങ്ങൾ നമ്മുടെ ഓർമ്മയിലുണ്ട്. ആഗോളഭീകരതയുടെ വേരുകൾ കേരളത്തിലെത്തിനിൽക്കുന്നു. കേരളം തീവ്രവാദത്തിന്റെ ഹബായി മാറിക്കൊണ്ടിരിക്കുന്നു. ഇവിടെ വേറിട്ടൊരു നിലപാടുമായി മതേതരത്വത്തിന്റെ കാവലായി ക്രൈസ്തവ യുവത്വം മറേണ്ടതുണ്ട്. തീവ്രവാദത്തിന്റെ ഫണ്ടിങ്ങിനായി സ്വർണ്ണക്കടത്ത്, മയക്കുമരുന്നുവ്യാപാരം, ഹവാലപണത്തിന്റെ സമാന്തരസമ്പദ്ക്രമം എന്നിവ പരസ്യമായ രഹസ്യങ്ങളായി വാഴുന്ന കാലത്ത് സുതാര്യമായ ജീവിതക്രമവും രാഷ്ട്രീയവും മുന്നോട്ടുവയ്ക്കാൻ യുവാക്കൾക്കു കഴിയണം. ഇപ്പോൾ മണിപ്പൂരിൽ നടക്കുന്നതുപോലുള്ള തീവ്രവാദ വർഗീയ ആക്രമണങ്ങളെ അപലപിക്കാനും അതിനെതിരേ പ്രതിഷേധിക്കാനും അതേസമയംതന്നെ, ഫ്രാൻസിസ് അസ്സീസിയുടെ പ്രാർത്ഥന പോലെ, 'സമാധാനത്തിന്റെ ഉപകരണങ്ങൾ' ആകാനും യുവജനങ്ങൾക്കു സാധിക്കണം.

കേരള കത്തോലിക്കാസഭയിലെ യുവജനം സഭയുടെ ജീവനാണ്; മുത്താണ്. അവർ ലൈവാണ്; ലൈഫാണ്. ക്രിസ്തുവെന്ന യുവാവായ ദൈവം പകരുന്ന ആദർശമാണ് അവരുടെ അടിത്തറ. യുവജനകമ്മീഷന്റെ ആഭിമുഖ്യത്തിൽ കെസിവൈഎം, ജീസസ്‌യൂത്ത്, സിഎൽസി, മിജാർക്ക്, ഐക്കഫ്, യൂക്കരിസ്റ്റിയ, ഇദൈന്തെ യൂത്ത്, ബോസ്കോ യൂത്ത് എന്നീ സംഘടനകളിലും അല്ലാതെയുമായി ക്രിസ്തുവിനു സാക്ഷ്യം നല്കുന്ന എല്ലാ യുവജനങ്ങൾക്കും അവരെ അനു

ധാവനം ചെയ്യുന്ന വൈദികർക്കും സന്ന്യസ്തർക്കും യുവജനദിനത്തിന്റെ ആശംസകൾ.

യൗവനയുക്തനായ ക്രിസ്തു ഏവരെയും അനുഗ്രഹിക്കട്ടെ!

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ.**

(ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. മാർ ജോസഫ് പണ്ടാരശ്ശേരിൽ**

(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. മാത്യൂസ് മാർ പോളികാർപ്പോസ്**

(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,

പി.ഒ.സി., കൊച്ചി - 682 025

---

NB: 2023 ജൂലൈ 9-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

No. 3880/K 35/OL/KCBC/DS 26.06.2023

# മണിപ്പൂരിൽ രൂക്ഷമായി തുടരുന്ന കലാപാന്തരീക്ഷത്തിന്റെ പശ്ചാത്തലത്തിൽ

## കേരള കത്തോലിക്കാ മെത്രാൻ സമിതി പ്രസിദ്ധീകരിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരെ,

ഇന്ത്യയുടെ വടക്കു കിഴക്കൻ സംസ്ഥാനമായ മണിപ്പൂരിൽ കഴിഞ്ഞ മേയ് മൂന്നിന് ആരംഭിച്ച് ഇപ്പോഴും തുടരുന്ന ആഭ്യന്തരകലാപം ഇതിനോടകം നൂറിലധികം മനുഷ്യജീവനുകൾ അപഹരിച്ചിരിക്കുന്നു. അതോടൊപ്പം പതിനായിരക്കണക്കിനുപേർ എല്ലാം ഉപേക്ഷിച്ച് പലായനം ചെയ്യാൻ നിർബ്ബന്ധിതരാവുകയും നിരവധി സ്ഥാപനങ്ങളും ദൈവാലയങ്ങളും അഗ്നിക്കിരയാക്കപ്പെടുകയും ചെയ്തിരിക്കുന്നു. ഇത് വലിയ ആശങ്കയും ഭീതിയുമാണ് രാജ്യമൊട്ടാകെ ഉളവാക്കിയിട്ടുള്ളത്. മണിപ്പൂരിലെ ക്രൈസ്തവസമൂഹത്തെ തുടച്ചുനീക്കുക എന്ന നിഗൂഢലക്ഷ്യത്തോടെ മതമൗലികവാദപ്രസ്ഥാനങ്ങളുമായി ബന്ധമുള്ള സായുധസംഘങ്ങൾ ആസൂത്രിതമായാണ് മണിപ്പൂർ സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ കലാപത്തിന്റെ മറവിൽ ആക്രമണങ്ങൾ അഴിച്ചുവിട്ടുകൊണ്ടിരിക്കുന്നത് എന്നത് ഈ ദിവസങ്ങളിൽ കൂടുതൽ വ്യക്തമാണ്.

രാജ്യത്തിന്റെ ഐക്യത്തിനും പുരോഗതിക്കും തടസ്സമാകുന്ന ഇത്തരം നീക്കങ്ങളും കലാപങ്ങളും നിയമപരമായും നിഷ്പക്ഷമായും കൈകാര്യം ചെയ്തുകൊണ്ട് ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷിതത്വം ഉറപ്പുവരുത്താനുള്ള ഉത്തരവാദിത്വത്തിൽനിന്ന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ഒഴിഞ്ഞുമാറാനാകില്ല. അങ്ങനെയിരിക്കേ, ചില പ്രത്യേക പ്രത്യയശാസ്ത്രങ്ങളെ പിന്തുണയ്ക്കുന്ന സായുധസംഘങ്ങളെ സംസ്ഥാനസർക്കാർ സഹായിക്കുന്നതായും അവർ നടത്തുന്ന അക്രമപ്രവർത്തനങ്ങൾക്കുനേരേ കണ്ണടയ്ക്കുന്നതായുമുള്ള വാർത്തകൾ ആശങ്കാജനകമാണ്. അതോടൊപ്പംതന്നെ, കേന്ദ്രസർക്കാർ സാഹചര്യങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്നില്ല എന്നത് ആശങ്കകൾ വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

ക്രൈസ്തവസമൂഹത്തിലെ അംഗങ്ങൾ എന്ന നിലയിലും മതേതരത്വത്തെ മാനിക്കുന്നവർ എന്ന നിലയിലും രാജ്യത്തുണ്ടാകുന്ന ഇത്തരം അസ്വസ്ഥതകളെയും അരക്ഷിതാവസ്ഥകളെയും കണ്ടില്ല എന്നു നടിക്കാനോ പ്രതികരിക്കാതിരിക്കാനോ നമുക്കു കഴിയുകയില്ല. ഏതു സമൂഹത്തിനും അവർ ആയിരിക്കുന്ന ഇടങ്ങളിൽ സുരക്ഷിതമായി, ഭയലേശമില്ലാതെ ജീവിക്കാൻ സാധിക്കുന്നവിധം രാജ്യത്തിലെ പൗരന്മാരെ ഒന്നായിക്കണ്ട് അവർക്ക് സുരക്ഷിതത്വം ഉറപ്പുനൽകേണ്ട ഉത്തരവാദിത്വം ഭരണനേതൃത്വങ്ങൾക്കുണ്ട്. ഏതൊരു രാഷ്ട്രീയപ്പാർട്ടിയും ഭരണത്തിലേക്കു വരുന്നത് രാജ്യത്തിലെ പൗരന്മാർ പ്രതീക്ഷയോടെ അർപ്പിക്കുന്ന വോട്ടുകളുടെ ബലത്തിലും പാർട്ടികൾക്കും പ്രത്യയശാസ്ത്രങ്ങൾക്കും അതീതമായ അവരുടെ സഹകരണത്തോടെയുമാണ്. അക്കാരണത്താൽത്തന്നെ മണിപ്പൂരിൽ നടമാടുന്ന അക്രമപ്രവർത്തനങ്ങളോടും കലാപങ്ങളോടും നിഷ്പക്ഷമായി പ്രതികരിക്കാൻ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ ഇനിയും വൈകരുത്.

ക്രൈസ്തവരെന്ന നിലയിൽ രാജ്യത്തിന്റെ സുരക്ഷിതത്വത്തിനും ഐക്യത്തിനും അഖണ്ഡതയ്ക്കുംവേണ്ടി ഒത്തൊരുമിച്ചു പ്രവർത്തിക്കുന്നതിനും രാജ്യത്തോടുള്ള കൂറും വിശ്വസ്തതയും ഒരിക്കൽക്കൂടി ഉറക്കെ പ്രഖ്യാപിക്കുന്നതിനും ഈ അവസരത്തിൽ നാം ഉണർന്നു ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യേണ്ടതുണ്ട്. മണിപ്പൂരിൽ കൊല്ലപ്പെട്ട സഹോദരരെ ഓർമ്മിച്ചുകൊണ്ടും എല്ലാം നഷ്ടപ്പെട്ട് സ്വഭവനങ്ങളിൽ നിന്നും സംസ്ഥാനത്തുനിന്നുതന്നെയും ഓടിപ്പോകേണ്ടിവരുന്നരും മരണഭീതിയിൽ കഴിയുന്നവരും പീഡിപ്പിക്കപ്പെടുന്നവരുമായ മണിപ്പൂരിലെ ആയിരക്കണക്കിനു സഹോദരീസഹോദരന്മാരോട് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ടും അവരെ ശക്തിപ്പെടുത്തിക്കൊണ്ടും 2023 ജൂലൈ 2-ാം തീയതി ഒരു പ്രാർത്ഥനാദിനമായി ആചരിക്കണമെന്ന് ഭാരത കത്തോലിക്കാ മെത്രാൻ സമിതി ആഹ്വാനം ചെയ്തിട്ടുണ്ട്. ഈ ആഹ്വാനത്തെ സർവാത്മനാ സ്വീകരിച്ചുകൊണ്ട് കേരള

കത്തോലിക്കാസഭയും ജൂലൈ 2 പ്രാർത്ഥനാദിനമായി ആചരിക്കുകയും മണിപ്പൂരിനെയും ഇന്ത്യയെ മുഴുവനെയും ദൈവതിരുമുമ്പിൽ സമർപ്പിച്ചു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

കൊല്ലപ്പെട്ടവരുടെ ആത്മാക്കൾക്കു നിത്യശാന്തി ലഭിക്കുന്നതിനും മുറിവേറ്റും പീഡിപ്പിക്കപ്പെട്ടും മാരകമായ അവസ്ഥയിലൂടെ കടന്നുപോകുന്നവർക്ക് ആശ്വാസം ലഭിക്കുന്നതിനും എല്ലാം നഷ്ടപ്പെട്ടു പലായനം ചെയ്യപ്പെട്ട വ്യക്തികൾക്ക് സ്വദേശത്ത് തിരികെയെത്തി സമാധാനത്തിൽ ജീവിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടുന്നതിനുംവേണ്ടിയുള്ള നമ്മുടെ യാചനകൾ ദൈവതിരുമുമ്പിൽ സമർപ്പിക്കാൻ ഈ പ്രാർത്ഥനാദിനം സഹായിക്കട്ടെ. ഈ പ്രാർത്ഥനാദിനാചരണത്തോടു ചേർന്നുതന്നെ നമ്മുടെ പ്രതിഷേധങ്ങളും ആശങ്കകളും പൊതുസമൂഹത്തിൽ അവതരിപ്പിക്കാനുള്ള സാഹചര്യങ്ങൾ ഇടവകതലത്തിലും സംഘടനാതലങ്ങളിലും ക്രമീകരിക്കാനായും ഈ അവസരം പ്രയോജനപ്പെടുത്തുമല്ലോ. അതീവ ഗൗരവമുള്ള ഈ വിഷയത്തിലേക്ക് സർക്കാരിന്റെ സത്വരശ്രദ്ധ ആകർഷിക്കത്തക്കവിധം, ഇടവക, ഫൊറോന, രൂപതാതലങ്ങളിൽ വിവിധ സംഘടനകളുടെ നേതൃത്വത്തിൽ വിശ്വാസീസമൂഹത്തിന്റെ പ്രതിഷേധപരിപാടികൾ ക്രമീകരിക്കുന്നത് ഉചിതമാണ്.

ഈ കലാപത്തിൽ സകലതും നഷ്ടപ്പെട്ട ആളുകളെ വേർതിരിവുകൾക്കതീതമായി സഹോദരീസഹോദരന്മാരായി കണ്ടുകൊണ്ട് സഹായിക്കുക സൻമനസ്സുള്ള ഏവരുടെയും കടമയാണ്. ജൂലൈ 9–ാം തീയതി ഞായറാഴ്ചയിലെ സ്തോത്രക്കാഴ്ച മണിപ്പൂരിനുവേണ്ടി പ്രത്യേകമായി സമാഹരിക്കേണ്ടതാണ്. അതിനുള്ള അറിയിപ്പ് പ്രാർത്ഥനാദിനമായി ആചരിക്കുന്ന ജൂലൈ രണ്ടിനു ദിവ്യബലിമധ്യേ നൽകുമല്ലോ. മണിപ്പൂരിൽ പുനരധിവാസ–ദുരിതാശ്വാസപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിക്കൊണ്ടിരിക്കുന്ന, ഭാരത കത്തോലിക്കാസഭയുടെ ജീവകാരുണ്യപ്രവർത്തന, സാമൂഹികസേവന വിഭാഗമായ കാരിത്താസ് ഇന്ത്യയ്ക്കാണ് ആ പണം എത്തിച്ചു

നൽകേണ്ടത്. കാരിത്താസ് ഇന്ത്യയുടെ ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ നൽകുന്നു.

Account name: Caritas India; Account Number: 0153053000007238;

Name and address of the Bank: The South Indian Bank, 22, Regal Building Connaught Place, New Delhi -110 001; Bank's IFSC Code: SIBL0000153.

ഇടവകകളിൽനിന്നു സ്തോത്രക്കാഴ്ചയിലൂടെ സമാഹരിക്കുന്ന പണം മേൽപ്പറഞ്ഞ ബാങ്ക് അക്കൗണ്ടിലേക്ക് അയക്കാൻ ആവശ്യമായ ക്രമീകരണങ്ങൾ രൂപതാകേന്ദ്രത്തിൽ നിന്ന് ഒരുക്കണമെന്ന് അഭ്യർഥിക്കുന്നു.

ആഭ്യന്തരകലാപത്തിന്റെ തുടർച്ചയായ കടുത്ത ദുരിതത്തിലൂടെ കടന്നുപോകുന്ന കുഞ്ഞുങ്ങളും വൃദ്ധരും രോഗികളും ഉൾപ്പെടുന്ന പതിനായിരക്കണക്കിനു ജനങ്ങളോടുള്ള ഐക്യദാർഢ്യം വാക്കുകൾകൊണ്ടുമാത്രമല്ല, പ്രായോഗിക തലത്തിലും നമുക്കു പ്രകടിപ്പിക്കാം. രാജ്യത്തിലെ ഉത്തമ പൗരന്മാരെന്ന നിലയിൽ നമ്മുടെ സഹപൗരന്മാരുടെ വേദനയിൽ പങ്കുപറ്റിക്കൊണ്ട് ജാതിമതരാഷ്ട്രീയഭേദമന്യേ ഏവരുടെയും കണ്ണുതുറപ്പിക്കാനും സമയോചിതമായ ഇടപെടലിലൂടെ സമാധാനം പുനഃസ്ഥാപിക്കുന്നതിനുമായി ഭരണകർത്താക്കൾ പ്രവർത്തനനിരതരാകാനും നമ്മുടെ പ്രാർത്ഥനയും പ്രവർത്തനങ്ങളും വഴിയൊരുക്കട്ടെ എന്ന് ആശംസിക്കുന്നു.

**കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ്**
**കാതോലിക്കാ ബാവ**

കെസിബിസി പ്രസിഡന്റ്

**ബിഷപ് മാർ പോളി കണ്ണൂക്കാടൻ**

കെസിബിസി വൈസ് പ്രസിഡന്റ്

**ബിഷപ് ഡോ. അലക്സ് വടക്കുംതല**

കെസിബിസി സെക്രട്ടറി ജനറൽ

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,

പി.ഒ.സി., കൊച്ചി - 682 025

# സംഭാവനശേഖരണം

**1. പത്രോസിന്റെ കാശ്**

മാർപാപ്പായുടെ അജപാലനപ്രവർത്തനങ്ങളെ സഹായിക്കുന്നതിനുവേണ്ടി പത്രോസ് - പൗലോസ് ശ്ലീഹന്മാരുടെ തിരുനാളിനോടനുബന്ധിച്ച് (ജൂൺ-29) ആഗോളസഭയിൽ നടത്തപ്പെടുന്ന സംഭാവനശേഖരണത്തിൽ നമുക്കു പങ്കു ചേരാം. ജൂലൈ 2-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ ഈ നിയോഗാർത്ഥം സംഭാവന ശേഖരിക്കുകയും ലഭിക്കുന്ന തുക ജൂലൈ 31 നു മുമ്പായി രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കുകയും ചെയ്യേണ്ടതാണ്.

**2. സീറോ മലബാർ സഭാദിനം**

വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടെ ഓർമ്മദിനം ജൂലൈ മൂന്നാം തീയതി സീറോ മലബാർ സഭാദിനമായിട്ടാണല്ലോ നാം ആചരിക്കുന്നത്. അന്നേദിവസം സീറോ മലബാർ സഭയുടെ പൊതുവായ പ്രവർത്തനങ്ങൾക്കായി പ്രത്യേകം പ്രാർത്ഥിക്കേണ്ടതും അന്ന് കുർബാനമധ്യേ ഈ നിയോഗത്തിനായി പ്രത്യേക സ്തോത്രക്കാഴ്ച സ്വീകരിക്കേണ്ടതും അത് ജൂലൈ 31 നു മുമ്പ് രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതുമാണ്.

**3. മണിപ്പൂർ പുനരധിവാസസംഭാവന**

ജൂലൈ 9-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ മണിപ്പൂർ പുനരധിവാസസംഭാവന ശേഖരണം നടത്തേണ്ടതും ലഭിക്കുന്ന തുക ജൂലൈ 31നുമുമ്പ് രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതുമാണ്.

**4. യുവജനദിനം**

ജൂലൈ 16-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ യുവജനക്ഷേമ സംഭാവനശേഖരണം നടത്തേണ്ടതും പിരിഞ്ഞുകിട്ടുന്ന തുക ആഗസ്റ്റ് 15 നുമുമ്പ് രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതുമാണ്.

# കച്ചേരിക്കാര്യം

## Transfers & Appointments (July 2023)

| | Name | Office |
|---|---|---|
| 1 | Moolakunnel Alexander | Spiritual Director, Alphonsa Shrine Church and Pilgrim Center Bharananganam |
| 2 | Madathikunnel Paul | Pastoral Asst. Kuravilangad |
| 3 | Pottemparampil Thomas MCBS | Relieved, Vicar, Karimpani |
| 4 | Karimankal James MCBS | Vicar, Karimpani |
| 5 | Malamackal Scaria | Vicar, Mannackanad |

## അറിയിപ്പ്

പാലാ മാർ സ്ലീവാ മെഡിസിറ്റിയുടെ അക്കാഡമിക്സ് വിഭാഗമായ മാർ സ്ലീവാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് സയൻസസ് & റിസർച്ച് പാലാ നടത്തുന്ന വിവിധ പി.ജി., യു.ജി., ഡിപ്ലോമ, സർട്ടിഫിക്കറ്റ് കോഴ്സുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. കവർ പേജിൽ നൽകിയിരിക്കുന്ന വിശദവിവരങ്ങൾ പള്ളിയിൽ അറിയിപ്പായി നൽകണമെന്ന് താത്പര്യപ്പെടുന്നു.

**മോൺ. ജോസഫ് കണിയോടിക്കൽ**

## രൂപത ഡയറക്ടറി – 2023

നമ്മുടെ രൂപതയുടെ 2023 ലെ ഡയറക്ടറി പ്രസിദ്ധീകരിച്ചു. ബിഷപ്സ് ഹൗസിൽ ഡയറക്ടറി ലഭ്യമാണ്.

പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടാനുള്ള വിവരങ്ങൾ

Ph. No: 8590793411

Email: alphonsianpst@gmail.com

# അറിയിപ്പ്

## വാർഷികധ്യാനം

സ്നേഹബഹുമാനപ്പെട്ട അച്ചന്മാരേ,

ജൂലൈ-ഓഗസ്റ്റ് മാസങ്ങളിലായി നമ്മുടെ വാർഷിക ധ്യാനം നടക്കുകയാണല്ലോ. ഒന്നാം ബാച്ച് ജൂലൈ 30 ഞായർ മുതൽ ഓഗസ്റ്റ് 3 വ്യാഴംവരെയും രണ്ടാം ബാച്ച് ഓഗസ്റ്റ് 6 ഞായർ മുതൽ ഓഗസ്റ്റ് 10 വ്യാഴംവരെയുമാണു ക്രമീകരിച്ചിരിക്കുന്നത്. അജപാലകർ എന്ന നിലയിൽ നമ്മുടെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ദിവസങ്ങളാണ് വാർഷികധ്യാനദിനങ്ങൾ. ഈശോയുടെ സവിധത്തിലിരുന്ന് ദൈവവചനം ശ്രവിക്കുന്നതു വളരെ പ്രാധാന്യമേറിയ കാര്യമാണ്. പ്രാർത്ഥിച്ച് ഒരുങ്ങിവേണം ധ്യാനത്തിലേക്കു പ്രവേശിക്കാൻ. ദൈവവചനത്തിനും ആരാധനാജീവിതത്തിനും അജപാലനദൈവശാസ്ത്രത്തിനും പ്രാധാന്യം നൽകുന്ന ധ്യാനമാണ് ഈ വർഷം ക്രമീകരിച്ചിരിക്കുന്നത്. തലശ്ശേരി അതിരൂപതാംഗമായ **റവ. ഡോ. ടോം ഓലിക്കരോട്ട്** ധ്യാനം നയിക്കുന്നതായിരിക്കും.

നമ്മുടെ രൂപതയിലെ എല്ലാ വൈദികരും ധ്യാനത്തിൽ സംബന്ധിക്കണം. ആരോഗ്യപരമായ കാരണങ്ങളാൽ ആർക്കെങ്കിലും പങ്കെടുക്കാൻ സാധിക്കുകയില്ലെങ്കിൽ പിന്നീട് ഏറ്റവും അടുത്ത നാല് പൂർണ്ണദിവസങ്ങളിൽ ധ്യാനിക്കേണ്ടതാണ്. ധ്യാനത്തിനുപോകുന്ന സ്ഥലവും സമയവും എന്നെ നേരിട്ട് അറിയിക്കുമല്ലോ.

### വാർഷികധ്യാനത്തിൽ പങ്കെടുക്കാൻ വരുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. വിശുദ്ധഗ്രന്ഥം, യാമപ്രാർത്ഥനാപ്പുസ്തകം (രണ്ടാം വാല്യം), കുർബാനക്കണക്ക്, കൊത്തീന, സൂനാറ, ഊറാറ, എന്നിവ കൊണ്ടുവരേണ്ടതാണ്.

2. ധ്യാനദിവസങ്ങളിലെ പരിശുദ്ധ കുർബാനയിൽ എല്ലാ വൈദികരും പങ്കെടുക്കണം. ആ ദിവസങ്ങളിൽ ഇടവകകളിലോ സ്ഥാപനങ്ങളിലോ വിശുദ്ധ കുർബാന അർപ്പിക്കുവാൻ പോകേണ്ടതില്ല.

3. നൂറിൽ കൂടുതൽ വിശുദ്ധ കുർബാനനിയോഗങ്ങൾ കൈവശമുള്ള വൈദികർ അവ ധ്യാനാവസരത്തിൽ രൂപതക്കച്ചേരിയിൽ ഏൽപ്പിക്കേണ്ടതാണ്.

4. കഴിഞ്ഞ വാർഷികധ്യാനത്തിനുശേഷം വൈദികർ രൂപതാദ്ധ്യക്ഷന്റെ നിയോഗത്തിൽ അർപ്പിച്ചിട്ടുള്ള വിശുദ്ധ കുർബാനകളുടെ എണ്ണം (binated and trinated) റിപ്പോർട്ട് ചെയ്യേണ്ടതാണ്.

5. ധ്യാനദിവസങ്ങളിൽ ബഹുമാനപ്പെട്ട വൈദികർക്കുവേണ്ടി പ്രാർത്ഥിക്കണമെന്നു വിശ്വാസികളെ ഉദ്ബോധിപ്പിക്കേണ്ടതാണ്.

6. ധ്യാനത്തിന്റെ പ്രാരംഭദിവസമായ ഞായറാഴ്ച വൈകുന്നേരം ആറുമണിക്കുമുമ്പായി എല്ലാ വൈദികരും അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ എത്തിച്ചേരേണ്ടതാണ്.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 30-06-2023

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

---

NB: രണ്ടു ബാച്ചുകളിലായി ക്രമീകരിച്ചിരിക്കുന്ന വാർഷികധ്യാനത്തിൽ (**ബാച്ച് I ജൂലൈ 30 ഞായർ മുതൽ ഓഗസ്റ്റ് 3 വ്യാഴം; ബാച്ച് II ഓഗസ്റ്റ് 6 ഞായർ മുതൽ ഓഗസ്റ്റ് 10 വ്യാഴം**) പങ്കെടുക്കേണ്ട ബഹുമാനപ്പെട്ട വൈദികരുടെ ലിസ്റ്റ് 2023 ഏപ്രിൽ മാസത്തെ ബുള്ളറ്റിനിൽ (സാന്ത്വനപ്രകാശം Vol LXXIII April 2023 No. 4) പ്രസിദ്ധീകരിച്ചിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ.

# പാലാ ഹോം പ്രോജക്ട്

## സാമ്പത്തികസഹായം ലഭിച്ചവർ

| | | Amount From Centre | Amount From Parish & Congregation |
|---|---|---|---|
| 1 | ലിസി, ഏഴാച്ചേരി | 3,00,000 | |
| 2 | എൽസി ജോസ്, അടുക്കം | 50,000 | |
| 3 | ഔസേപ്പ്, നീലൂർ | 50,000 | |
| 4 | ചാക്കോ, പിറവം | 50,000 | |
| 5 | ജോബിൻ കെ. ജോസഫ്, മല്ലികശേരി | 20,000 | |
| 6 | രാഹുൽ ഷാജി, നെല്ലിയാനി | 50,000 | |
| 7 | തെരിസാമ്മ മാത്യു, പൈക | 50,000 | |
| 8 | സിമി ( „ „ ) | | 1,35,400 |
| 9 | ബാബു ( „ „ ) | | 20,000 |
| 10 | തോമസ് ( „ „ ) | | 11,850 |
| 11 | ജോയി ( „ „ ) | | 24,600 |
| 12 | സരസു ( „ „ ) | | 25,000 |
| 13 | സെബാസ്റ്റ്യൻ ( „ „ ) | | 33,500 |
| 14 | മോളി ജോയി (CMC), ഇലഞ്ഞി | | 15,000 |
| 15 | മിനി ജയിൻ (CMC), തിരുമാറാടി | | 1,00,000 |
| 16 | ലിസമ്മ മാത്തുകുട്ടി (CMC), മൂഴൂർ | | 20,000 |
| 17 | ജോബി ജോൺ (CMC), തുടങ്ങനാട് | | 25,000 |
| 18 | ജോളി ബെന്നി (CMC), പ്ലാശനാൽ | | 25,000 |

## സാമ്പത്തികസഹായം നൽകിയവർ

| | |
|---|---|
| ഫാ. ജോസഫ് തോലാനിക്കൽ | 4 ലക്ഷം |

**ഫാ. കുര്യാക്കോസ് വെള്ളച്ചാലിൽ**
എക്സിക്യൂട്ടീവ് ഡയറക്ടർ

**മോൺ. ജോസഫ് മലേപ്പറമ്പിൽ**
കോർഡിനേറ്റർ

## COLLECTION LIST 2023

| Sl .NO | | Bible Sunday | Syro Malabar Mission | Holy Childhood | Hunger & Disease | Madhyav irudha Samithi | Sabamathi Mission |
|---|---|---|---|---|---|---|---|
| 1 | Adivaram | 800.00 | 700.00 | 900.00 | 900.00 | 450.00 | 400.00 |
| 2 | Adukam | 500.00 | 500.00 | 500.00 | 500.00 | 500.00 | 7,777.00 |
| 3 | Aimcombu | 3,410.00 | 1,500.00 | 1,000.00 | 3,000.00 | 1,000.00 | 8,000.00 |
| 4 | Alphonsagiri | 500.00 | 500.00 | 500.00 | 500.00 | 500.00 | 1,000.00 |
| 5 | Alphonsapuram | 200.00 | 200.00 | 200.00 | 200.00 | 200.00 | 500.00 |
| 6 | Amparanirappel | 6,000.00 | 5,250.00 | 3,050.00 | 3,500.00 | 3,000.00 | 12,840.00 |
| 7 | Anthialam | 1,000.00 | 1,000.00 | 500.00 | 750.00 | 500.00 | 1,000.00 |
| 8 | Anthinadu | 1,500.00 | 4,000.00 | 1,000.00 | 1,000.00 | 1,000.00 | 10,000.00 |
| 9 | Arakulam New | 2,000.00 | 2,000.00 | - | - | - | 3,500.00 |
| 10 | Arakulam Old | 1,300.00 | 1,200.00 | 1,230.00 | 1,300.00 | 1,300.00 | 1,400.00 |
| 11 | Arunapuram | 5,000.00 | 2,000.00 | 2,000.00 | 2,000.00 | 8,000.00 | 9,000.00 |
| 12 | Arunoottimangalam | 1,000.00 | 1,500.00 | 1,000.00 | 1,000.00 | 1,882.00 | 1,000.00 |
| 13 | Aruvithura | 20,965.00 | 21,225.00 | 20,090.00 | 21,390.00 | 23,470.00 | 21,200.00 |
| 14 | Ayyampara | 600.00 | 950.00 | 950.00 | 1,100.00 | 1,100.00 | 1,400.00 |
| 15 | Bharananganam Forane | 16,910.00 | 6,970.00 | 3,250.00 | 20,130.00 | 3,805.00 | 18,670.00 |
| 16 | Chakkampuzha | 4,000.00 | 1,000.00 | 2,000.00 | 2,000.00 | 1,000.00 | 2,000.00 |
| 17 | Chemmalamattam | 2,100.00 | 2,900.00 | 2,000.00 | 36,445.00 | 4,900.00 | 2,300.00 |

| | | | | | | | |
|---|---|---|---|---|---|---|---|
| 18 | Chempilavu | 560.00 | 300.00 | 400.00 | 1,300.00 | 400.00 | 2,500.00 |
| 19 | Chennad | 2,000.00 | 4,000.00 | 1,000.00 | 4,865.00 | 1,660.00 | 4,000.00 |
| 20 | Cherpumkal Forane | 19,203.00 | 17,138.00 | 20,128.00 | 17,175.00 | 20,615.00 | 19,055.00 |
| 21 | Chettuthodu | 750.00 | 1,200.00 | 600.00 | 1,500.00 | 800.00 | 9,524.00 |
| 22 | Chittar | 2,000.00 | 1,500.00 | 1,500.00 | 2,000.00 | 1,000.00 | 1,000.00 |
| 23 | Cholathadam | 250.00 | 250.00 | 250.00 | 250.00 | 250.00 | 250.00 |
| 24 | Choondachery | 900.00 | 2,000.00 | 1,000.00 | 1,000.00 | 1,000.00 | 1,200.00 |
| 25 | Edadu | 300.00 | 1,000.00 | 300.00 | 300.00 | 350.00 | 300.00 |
| 26 | Edamaruku | 1,450.00 | 2,050.00 | 2,175.00 | 2,375.00 | 2,250.00 | 1,900.00 |
| 27 | Edappady | 1,500.00 | 1,500.00 | 1,500.00 | 1,500.00 | 1,500.00 | 9,000.00 |
| 28 | Elamthottam | 8,000.00 | 6,400.00 | 7,000.00 | 7,000.00 | 5,000.00 | 7,500.00 |
| 29 | Elanji Forane | 5,000.00 | 4,000.00 | 2,500.00 | 8,500.00 | 3,000.00 | 10,000.00 |
| 30 | Elappally | 700.00 | 750.00 | 400.00 | 350.00 | 400.00 | 1,750.00 |
| 31 | Eravimangalam | 650.00 | 600.00 | 600.00 | 500.00 | 500.00 | 700.00 |
| 32 | Ezhacherry | 220.00 | 300.00 | 1,200.00 | 1,100.00 | 1,000.00 | - |
| 33 | Fathimapuram | 2,375.00 | 600.00 | 850.00 | 5,000.00 | 800.00 | 2,520.00 |
| 34 | Gagultha | 500.00 | 600.00 | 500.00 | 500.00 | 500.00 | 1,000.00 |
| 35 | Geovally | 1,100.00 | 1,000.00 | 330.00 | 450.00 | 300.00 | 1,000.00 |
| 36 | Idamattam | 2,000.00 | 1,500.00 | 2,000.00 | 2,500.00 | 1,500.00 | 5,000.00 |
| 37 | Jaigiri | 500.00 | 500.00 | 1,000.00 | 1,000.00 | 500.00 | 5,000.00 |

| | | | | | | | |
|---|---|---|---|---|---|---|---|
| 38 | Jose Mount | 900.00 | 850.00 | 800.00 | 1,000.00 | 900.00 | 890.00 |
| 39 | Josegiri | 800.00 | 850.00 | 1,100.00 | 1,250.00 | 1,150.00 | 750.00 |
| 40 | Kadanad | 7,600.00 | 8,040.00 | 3,500.00 | 9,000.00 | 1,500.00 | 14,860.00 |
| 41 | Kadaplamattam | 1,000.00 | 2,000.00 | 1,000.00 | 2,000.00 | 1,000.00 | 1,000.00 |
| 42 | Kaduthuruthy | 7,500.00 | 11,500.00 | 12,000.00 | 22,000.00 | 11,000.00 | 40,000.00 |
| 43 | Kaippally | 500.00 | 1,000.00 | 500.00 | 500.00 | 500.00 | 1,000.00 |
| 44 | Kakkoor | 1,750.00 | 2,750.00 | 1,000.00 | 2,000.00 | 750.00 | 2,500.00 |
| 45 | Kakombu | 800.00 | 1,000.00 | 800.00 | 1,000.00 | 800.00 | 700.00 |
| 46 | Kalathookadavu | 1,500.00 | 1,000.00 | 1,500.00 | 2,000.00 | 1,300.00 | 11,000.00 |
| 47 | Kalathoor | 3,600.00 | 3,100.00 | 2,300.00 | 6,600.00 | 3,200.00 | 6,100.00 |
| 48 | Kalikavu | 13,670.00 | 4,000.00 | 5,500.00 | 14,164.00 | 6,378.00 | 10,020.00 |
| 49 | Kanjiramattam | 11,735.00 | 8,221.00 | 5,500.00 | 7,000.00 | 6,000.00 | 5,000.00 |
| 50 | Kanjirathanam | 3,300.00 | 2,000.00 | 3,500.00 | 5,000.00 | 3,500.00 | 7,000.00 |
| 51 | Karimpany | 1,000.00 | 1,000.00 | 1,000.00 | 1,000.00 | 1,000.00 | 1,000.00 |
| 52 | Karoor | 2,000.00 | 2,500.00 | 2,000.00 | 2,000.00 | 2,000.00 | 2,500.00 |
| 53 | Kattampak | 1,000.00 | 1,000.00 | 1,500.00 | 3,000.00 | 2,000.00 | 5,000.00 |
| 54 | Kavaly | 700.00 | 700.00 | 500.00 | 700.00 | 500.00 | 2,000.00 |
| 55 | Kaveekunnu | 1,000.00 | 750.00 | 750.00 | 1,000.00 | 750.00 | 3,150.00 |
| 56 | Kavumkandam | 2,000.00 | 2,000.00 | 2,500.00 | 2,000.00 | 2,500.00 | 2,000.00 |
| 57 | Kayyoor | 1,000.00 | 1,500.00 | - | - | - | 2,000.00 |

| | | | | | | | |
|---|---|---|---|---|---|---|---|
| 58 | Keezhoor | 2,200.00 | 2,000.00 | 1,000.00 | 1,500.00 | 1,000.00 | 17,000.00 |
| 59 | Kizhaparayar | 1,300.00 | 1,525.00 | 1,000.00 | 2,000.00 | 1,300.00 | 4,430.00 |
| 60 | Kizhathadiyoor, | 16,280.00 | 11,690.00 | 12,560.00 | 12,870.00 | 11,185.00 | 47,590.00 |
| 61 | Kondad | 200.00 | 200.00 | 300.00 | 400.00 | 400.00 | 300.00 |
| 62 | Koodalloor | 2,500.00 | 5,000.00 | 3,000.00 | 10,000.00 | 5,000.00 | 10,000.00 |
| 63 | Koothattukulam | 5,640.00 | 3,500.00 | 3,500.00 | 5,623.00 | 4,180.00 | 11,250.00 |
| 64 | Koottikal | 2,500.00 | 3,500.00 | 2,500.00 | 2,500.00 | 2,000.00 | 10,000.00 |
| 65 | Kothanalloor | 9,000.00 | 10,000.00 | 9,500.00 | 15,190.00 | 9,000.00 | 20,000.00 |
| 66 | Kozhuvanal | 1,000.00 | 1,500.00 | 1,000.00 | 2,000.00 | 1,000.00 | 32,700.00 |
| 67 | Kudakkachira | 3,614.00 | 4,050.00 | 1,750.00 | 12,100.00 | 2,050.00 | 34,075.00 |
| 68 | Kudayathoor | 1,100.00 | 1,200.00 | 1,100.00 | 2,000.00 | 1,200.00 | 2,200.00 |
| 69 | Kulamavu | 600.00 | 750.00 | 550.00 | 600.00 | 650.00 | 650.00 |
| 70 | Kunnonni | 3,000.00 | 3,000.00 | 3,000.00 | 3,000.00 | 3,000.00 | 3,500.00 |
| 71 | Kuravilangad | 18,560.00 | 19,260.00 | 12,120.00 | 23,100.00 | 14,970.00 | 119,930.00 |
| 72 | Kurichithanam | 6,140.00 | 10,010.00 | 3,000.00 | 4,000.00 | 8,580.00 | 9,130.00 |
| 73 | Kurinji | 2,000.00 | 2,000.00 | 300.00 | 300.00 | 500.00 | 1,000.00 |
| 74 | Kurumannu | 800.00 | 2,000.00 | 800.00 | 700.00 | 1,000.00 | 3,000.00 |
| 75 | Kuruvinal | - | 1,000.00 | 1,000.00 | 1,000.00 | 1,000.00 | 1,000.00 |
| 76 | Lalam New Palai | 13,173.00 | 15,835.00 | 15,653.00 | 13,784.00 | 14,641.00 | 13,173.00 |
| 77 | Lalam Old Palai | 13,050.00 | 12,100.00 | 8,300.00 | 10,100.00 | 10,200.00 | 10,600.00 |

| | | | | | | | |
|---|---|---|---|---|---|---|---|
| 78 | Lourdes Mount | 300.00 | 300.00 | 250.00 | 300.00 | 300.00 | 300.00 |
| 79 | Malapuram | 2,000.00 | 1,500.00 | 1,500.00 | 2,000.00 | 1,500.00 | 4,000.00 |
| 80 | Malayinchipara | 1,100.00 | 1,200.00 | 1,200.00 | 1,200.00 | 1,100.00 | 1,200.00 |
| 81 | Mallikassery | 1,250.00 | 2,000.00 | 1,000.00 | 1,750.00 | 1,000.00 | 2,000.00 |
| 82 | Manalumkal | 1,000.00 | 4,000.00 | 1,100.00 | 4,000.00 | 800.00 | 10,000.00 |
| 83 | Manathoor | 1,250.00 | 2,000.00 | 1,000.00 | 1,000.00 | 1,000.00 | 13,250.00 |
| 84 | Mangalagiri | 500.00 | 1,000.00 | 500.00 | 500.00 | 500.00 | 500.00 |
| 85 | Mangalaram | 1,000.00 | 1,500.00 | 1,000.00 | 1,500.00 | 1,000.00 | 1,500.00 |
| 86 | Maniamkulam | 400.00 | 1,100.00 | 400.00 | 700.00 | 400.00 | 900.00 |
| 87 | Maniamkunnu | 950.00 | 1,200.00 | 600.00 | 950.00 | 600.00 | 1,200.00 |
| 88 | Manjamattam | 1,112.00 | 1,312.00 | 1,148.00 | 1,128.00 | 1,244.00 | 1,056.00 |
| 89 | Mannackanad | 3,000.00 | 4,000.00 | 1,500.00 | 4,000.00 | 1,000.00 | 9,500.00 |
| 90 | Mannar. | 2,000.00 | 2,000.00 | 2,000.00 | 11,628.00 | 2,000.00 | 2,000.00 |
| 91 | Mannarappara | 5,000.00 | 5,000.00 | 7,800.00 | 8,600.00 | 5,000.00 | 50,000.00 |
| 92 | Manvettam | 3,500.00 | 6,000.00 | 3,500.00 | 3,000.00 | 2,500.00 | 5,000.00 |
| 93 | Marangattupally | 5,000.00 | 10,000.00 | 3,300.00 | 3,500.00 | 3,600.00 | 8,000.00 |
| 94 | Marangoly | 5,059.00 | 5,804.00 | 3,880.00 | 4,050.00 | 4,415.00 | 10,000.00 |
| 95 | Maryland | 750.00 | 900.00 | 700.00 | 1,200.00 | 1,000.00 | 1,200.00 |
| 96 | Mattakkara | 500.00 | 1,000.00 | 500.00 | 600.00 | 400.00 | 5,000.00 |
| 97 | Mavady | 500.00 | 500.00 | 600.00 | 750.00 | 600.00 | 6,488.00 |

| | | | | | | | |
|---|---|---|---|---|---|---|---|
| 98 | Meenachil | 2,950.00 | 2,730.00 | 1,190.00 | 1,360.00 | 1,370.00 | 3,350.00 |
| 99 | Melukavumattam | 1,500.00 | 1,500.00 | 1,500.00 | 2,000.00 | 1,500.00 | 2,000.00 |
| 100 | Mevida | 1,000.00 | 1,000.00 | 500.00 | 1,000.00 | 500.00 | 1,000.00 |
| 101 | Monippally | 1,050.00 | 1,500.00 | 1,500.00 | 1,100.00 | 1,500.00 | 16,152.00 |
| 102 | Moolamattam | 7,150.00 | 2,500.00 | 5,070.00 | 10,830.00 | 5,010.00 | 10,000.00 |
| 103 | Moonnani | 400.00 | 1,000.00 | 300.00 | 800.00 | 200.00 | 1,000.00 |
| 104 | Moonnilavu | 1,500.00 | 4,000.00 | 1,200.00 | 1,300.00 | 1,000.00 | 3,000.00 |
| 105 | Moozhoor | 1,000.00 | 1,500.00 | 2,000.00 | 10,850.00 | 3,300.00 | 1,500.00 |
| 106 | Mulakulam | 660.00 | 1,500.00 | 588.00 | 676.00 | 1,666.00 | 1,000.00 |
| 107 | Mundankal | 3,000.00 | 9,000.00 | 4,800.00 | 7,000.00 | 5,200.00 | 17,300.00 |
| 108 | Mutholapuram | 5,000.00 | 5,000.00 | 1,000.00 | 15,000.00 | 4,000.00 | 10,000.00 |
| 109 | Mutholy | 4,345.00 | 5,153.00 | 5,448.00 | 5,021.00 | 5,057.00 | 5,259.00 |
| 110 | Muttuchira Forane | 3,000.00 | 3,000.00 | 3,000.00 | 6,000.00 | 15,251.00 | 33,875.00 |
| 111 | Nambiakulam | 3,000.00 | 5,000.00 | 500.00 | 500.00 | 500.00 | 5,000.00 |
| 112 | Narianganam | 500.00 | 500.00 | 500.00 | 500.00 | 500.00 | 10,340.00 |
| 113 | Neeloor | 2,000.00 | 3,000.00 | 2,000.00 | 2,000.00 | 4,000.00 | 12,684.00 |
| 114 | Neeranthanam | 3,200.00 | 2,800.00 | 1,000.00 | 2,000.00 | 1,000.00 | 100,000.00 |
| 115 | Nellappara | 750.00 | 1,000.00 | 447.00 | 1,895.00 | 449.00 | 1,000.00 |
| 116 | Nelliani | 2,250.00 | 3,000.00 | 1,500.00 | 2,250.00 | 1,800.00 | 5,140.00 |
| 117 | Poovakulam | 300.00 | 200.00 | 200.00 | 300.00 | 200.00 | 1,865.00 |

| | | | | | | | |
|---|---|---|---|---|---|---|---|
| 118 | Paduva | 6,053.00 | 5,020.00 | 7,186.00 | 6,578.00 | 8,233.00 | 10,043.00 |
| 119 | Paika | 1,000.00 | 2,000.00 | 1,000.00 | 1,000.00 | 500.00 | 1,000.00 |
| 120 | Paingulam | 4,000.00 | 3,500.00 | 2,000.00 | 6,000.00 | 2,500.00 | 5,500.00 |
| 121 | Palai Cathedral | 30,000.00 | 15,000.00 | 10,000.00 | 15,000.00 | 15,000.00 | 65,000.00 |
| 122 | Palakad | 200.00 | 200.00 | 150.00 | 150.00 | 250.00 | 250.00 |
| 123 | Palakattumala | 1,000.00 | 1,000.00 | 1,100.00 | 1,500.00 | 1,000.00 | 5,000.00 |
| 124 | Palayam | 1,400.00 | 1,600.00 | 900.00 | 1,000.00 | 900.00 | 2,000.00 |
| 125 | Parathanam | 4,000.00 | 4,000.00 | 4,000.00 | 4,000.00 | 4,000.00 | 4,000.00 |
| 126 | Payyanithottam | 2,000.00 | 2,000.00 | 1,000.00 | 1,500.00 | 500.00 | 3,500.00 |
| 127 | Periapuram | 500.00 | 1,100.00 | 310.00 | 350.00 | 300.00 | 500.00 |
| 128 | Peringulam | 3,000.00 | 4,000.00 | 2,000.00 | 7,000.00 | 2,500.00 | 4,000.00 |
| 129 | Perumthuruth | 500.00 | 500.00 | 500.00 | 500.00 | 500.00 | 1,000.00 |
| 130 | Piravom | 1,800.00 | 2,000.00 | 1,000.00 | 1,000.00 | 1,000.00 | 4,500.00 |
| 131 | Piusmount | 1,100.00 | 1,030.00 | 900.00 | 1,100.00 | 900.00 | 3,000.00 |
| 132 | Pizhaku(Urumpukavu) | 2,000.00 | 1,500.00 | 1,500.00 | 2,500.00 | 2,000.00 | 6,000.00 |
| 133 | Plassanal | 7,000.00 | 11,111.00 | 3,333.00 | 11,111.00 | 4,444.00 | 3,72,000.00 Direct Payment |
| 134 | Poonjar | 3,000.00 | 3,000.00 | 3,500.00 | 7,500.00 | 3,500.00 | 10,000.00 |
| 135 | Poovakulam | 300.00 | 200.00 | 200.00 | 300.00 | 200.00 | 1,865.00 |
| 136 | Poovarany | 1,500.00 | 1,500.00 | 1,000.00 | 2,000.00 | 1,000.00 | 2,300.00 |

| | | | | | | | |
|---|---|---|---|---|---|---|---|
| 137 | Poovathodu | 1,350.00 | 800.00 | 900.00 | 1,980.00 | 780.00 | 2,500.00 |
| 138 | Poozhikol | 2,000.00 | 3,000.00 | 250.00 | 250.00 | 250.00 | 7,000.00 |
| 139 | Pravithanam | 5,400.00 | 5,600.00 | 6,000.00 | 7,500.00 | 5,600.00 | 15,000.00 |
| 140 | Ramapuram | - | - | - | - | - | - |
| 141 | Ratnagiri | 500.00 | 500.00 | 8,250.00 | 8,350.00 | 8,430.00 | 20,000.00 |
| 142 | Santhigiri. | 460.00 | 920.00 | 800.00 | 900.00 | 800.00 | 1,100.00 |
| 143 | Santhipuram | 1,000.00 | 1,000.00 | 1,000.00 | 2,000.00 | 1,000.00 | 1,000.00 |
| 144 | Sibigiri | 1,000.00 | 3,000.00 | 1,000.00 | 5,000.00 | 1,000.00 | 3,000.00 |
| 145 | Slivapuram | 1,250.00 | 1,500.00 | 1,000.00 | 2,000.00 | 1,000.00 | 4,000.00 |
| 146 | Teekoy | 6,000.00 | 15,000.00 | 6,000.00 | 9,000.00 | 6,000.00 | 19,279.00 |
| 147 | Thakadi | 300.00 | 400.00 | 200.00 | 300.00 | 200.00 | 300.00 |
| 148 | Thidanad | 12,000.00 | 12,000.00 | 5,000.00 | 5,000.00 | 5,000.00 | 30,000.00 |
| 149 | Thirumarady | 600.00 | 1,200.00 | - | 810.00 | 1,570.00 | 900.00 |
| 150 | Thodanal | 4,215.00 | 4,800.00 | 2,503.00 | 2,369.00 | 2,708.00 | 4,056.00 |
| 151 | Thudanganad Forane | 2,100.00 | 1,850.00 | 1,150.00 | 2,050.00 | 1,200.00 | 2,640.00 |
| 152 | Thuruthipally | 950.00 | 500.00 | 300.00 | 450.00 | 400.00 | 1,500.00 |
| 153 | Udayagiri | 1,700.00 | 1,700.00 | 2,000.00 | 2,000.00 | 1,500.00 | 4,600.00 |
| 154 | Ullanad | - | 1,500.00 | 1,500.00 | 7,000.00 | 3,000.00 | 15,000.00 |
| 155 | Urulikunnam | 2,000.00 | 2,000.00 | 1,000.00 | 2,500.00 | 1,100.00 | 4,000.00 |
| 156 | Vadakara | 1,500.00 | 2,000.00 | 1,000.00 | 1,500.00 | 1,000.00 | 1,300.00 |

| | | | | | | | |
|---|---|---|---|---|---|---|---|
| 157 | Vagamon | 800.00 | 1,000.00 | 540.00 | 900.00 | 1,070.00 | 1,000.00 |
| 158 | Vakakkad | 2,500.00 | 2,000.00 | 2,300.00 | 1,600.00 | 1,500.00 | 2,500.00 |
| 159 | Vakkad | 750.00 | 1,000.00 | 400.00 | 400.00 | 400.00 | 1,000.00 |
| 160 | Valachira | 600.00 | 1,000.00 | 500.00 | 4,000.00 | 1,000.00 | 500.00 |
| 161 | Valavoor | - | 5,110.00 | 1,565.00 | 1,020.00 | 1,140.00 | 10,000.00 |
| 162 | Varianikkad | 700.00 | 1,000.00 | 2,265.00 | 900.00 | 2,237.00 | 800.00 |
| 163 | Vayala | 3,150.00 | 2,000.00 | 2,400.00 | 2,800.00 | 2,800.00 | 25,000.00 |
| 164 | Vedagiri | 1,000.00 | 1,000.00 | 1,000.00 | 1,000.00 | 1,000.00 | 1,500.00 |
| 165 | Velanilam | 500.00 | 500.00 | 500.00 | 500.00 | 500.00 | 10,000.00 |
| 166 | Velliamattam | 700.00 | 700.00 | 800.00 | 800.00 | 700.00 | 700.00 |
| 167 | Vellikulam | - | 800.00 | - | 2,800.00 | 700.00 | 2,750.00 |
| 168 | Vezhaganam | 400.00 | 500.00 | 300.00 | 600.00 | 250.00 | 700.00 |
| 169 | Vilakumadam | 4,000.00 | 8,000.00 | 1,800.00 | 3,300.00 | 2,600.00 | 10,000.00 |
| 170 | Vimalagiri | 500.00 | 500.00 | 400.00 | 300.00 | 300.00 | 800.00 |
| 171 | Xavierpuram | 515.00 | 535.00 | 565.00 | 1,985.00 | 490.00 | 2,200.00 |
| 172 | Yenthayar | 1,000.00 | 2,000.00 | 1,500.00 | 1,000.00 | 1,500.00 | 3,000.00 |
| | **INSTITUTIONS** | | | | | | |
| 173 | Kallorkulam Chapel | 410.00 | - | - | - | - | - |
| 174 | Valakattu Kunnu Chapel | 500.00 | - | - | - | - | - |
| 175 | Holy Ghost Hospital Muttuchira | - | 55,500.00 | - | - | - | - |
| 176 | Fathima Hospital Kozhuvanal | - | - | - | - | - | 1,500.00 |

GOOD SHEPHERD MINOR SEMINARY PALAI
PONAD-KAROOR P.O. PALA, 686 574

## Admission 2023 - 2024

| No. | House Name | Name | Parish | Qualification |
|---|---|---|---|---|
| 1. | Anasseril | Mathew(Allen Lincy) | Kalikavu | 10 |
| 2. | Kadankavil | Mathew(Joyal Mathew Salas) | Anthyalam | 10 |
| 3. | Kadhaliyil | Mathew (Deon Biju) | Maryland | 12 |
| 4. | Kakkanattu | AntonyJojo George | Vedagiri | 10 |
| 5. | Kaniparambil | Joseph(Jerin Roy) | Manjamattom | 12 |
| 6. | Karuvelil | Joseph(Daine Joseph Tony) | Kadaplamattom | 10 |
| 7. | Kaviyil | George(Christopher Joshy) | Mutholy | 10 |
| 8. | Koonthaniyel | Joseph(JelbinSaji) | Koodalloor | 10 |
| 9. | Kuttiyanickal | Varkey(Jermin George) | Kunnonni | 10 |
| 10. | Kumbakeel | Luka(Albin Babu) | Manalumkal | 10 |
| 11. | Mangalath | Sebastian(Tom Baiju) | Kuravilangad | 10 |
| 12. | Manjakunnel | Manuel (Jeswin Manuel Jojo) | Pravithanam | 10 |
| 13. | Moolechalil | Thomas (Alan Thomas) | Maniyamkulam | 10 |
| 14. | Panakunnel | Sebastian (Abhin Lenu) | Valachira | 10 |
| 15. | Paravarakathu | Joseph (Albin Shaiby) | Ayyampara | 10 |
| 16. | Parayil | Cheriyan (Roshan Biju) | Aruvithura | 10 |
| 17. | Perumthanathu | Antony (Joyel Sebastian) | Bharanganam | 10 |
| 18. | Plakuzhiyil | Joseph (Favio Gervasis) | Kothanalloor | 10 |
| 19. | Thenammackal | Bonifus (Bonit Joseph) | Vakakkad | 10 |
| 20. | Vettukallel | Jude Cyriac (Daveed Charly) | Thidanadu | 10 |

# മാർ സ്ലീവാ മെഡിസിറ്റി, പാലാ

**മാർ സ്ലീവാ മെഡിസിറ്റി പാലായിൽ സ്റ്റാഫ് നഴ്സസിനായി ചൊവ്വാഴ്ചകളിൽ വാക്ക് - ഇൻ - ഇന്റർവ്യൂ**

മാർ സ്ലീവാ മെഡിസിറ്റി പാലായിൽ സ്റ്റാഫ് നഴ്സസിനായി ചൊവ്വാഴ്ചകളിൽ വാക്ക് - ഇൻ - ഇന്റർവ്യൂ സംഘടിപ്പിക്കുന്നു. ജി.എൻ.എം. നഴ്സിംഗ് ഡിഗ്രിയും കേരള നഴ്സിംഗ് കൗൺസിൽ രജിസ്ട്രേഷനും ഉള്ളവർക്കു പങ്കെടുക്കാം. താത്പര്യമുള്ളവർ ബയോഡാറ്റ, ഫോട്ടോ, സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ എന്നിവ സഹിതം ഹ്യൂമൻ റിസോഴ്സ് ഡിപ്പാർട്ട്മെന്റിൽ ചൊവ്വാഴ്ചകളിൽ രാവിലെ 9 മണിക്ക് നേരിട്ടു ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് 9188525970, 8281699258, 04822 266813/814 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

**ഒരു മണിക്കൂർ പത്തു മിനിറ്റിൽ കുമളിയിൽനിന്ന് മാർ സ്ലീവാ മെഡിസിറ്റിയിലേക്ക് : രക്ഷിച്ചത് ഒരു ജീവൻ**

കമ്മൽ വിഴുങ്ങിയ മൂന്നു വയസ്സുകാരിയെ കുമളിയിൽനിന്ന് 110 കിലോമീറ്റർ അകലെയുള്ള പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ ആംബുലൻസിൽ എത്തിച്ചത് ഒരു മണിക്കൂർ പത്തുമിനിറ്റിൽ. കുമളി റൂറൽ ഓർഗനൈസേഷൻ ഓഫ് സോഷ്യൽ സർവീസ് (ക്രോസ്സ്) ആംബുലൻസിലായിരുന്നു ഡ്രൈവർ ഡിനി കെ. ജോസഫ് കുട്ടിയെ ആശുപത്രിയിൽ എത്തിച്ചത്. കുട്ടിയെ വീട്ടുകാർ ഉടൻതന്നെ സമീപത്തുള്ള ക്ലിനിക്കിൽ എത്തിച്ചെങ്കിലും എക്സ്റേയിൽ ശ്വാസകോശത്തിനു സമീപം അപകടകരമായ അവസ്ഥയിലാണ് കമ്മൽ എന്നു മനസ്സിലാക്കി പാലാ മാർ സ്ലീവാ മെഡിസിറ്റിയിലേക്ക് റഫർ ചെയ്യുകയായിരുന്നു. ആശുപത്രിയിൽ കാത്തുനിന്ന വൈദ്യസംഘം ആംബുലൻസ് എത്തിയ ഉടൻതന്നെ കുട്ടിയെ ഓപ്പറേഷൻ തീയേറ്ററിലേക്കു മാറ്റി കമ്മൽ പുറത്തെടുത്തു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ സൗജന്യ നടുവേദന പരിശോധനക്യാമ്പ് നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയിൽ ന്യൂറോ സർജറിവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ മേയ് 26 വെള്ളിയാഴ്ച ഉച്ചയ്ക്ക് 2 മണി മുതൽ 4

മണി വരെ നടുവേദനസംബന്ധമായ രോഗങ്ങൾക്കായി സൗജന്യ പരിശോധനക്യാമ്പ് നടത്തി. നടുവേദന, കഴുത്തുവേദന, നടക്കാനുള്ള ബുദ്ധിമുട്ട്, കൈകളിലും കാലുകളിലും മരവിപ്പ്, പുകച്ചിൽ എന്നീ ലക്ഷണങ്ങൾ ഉള്ളവർക്കായി ഒരുക്കിയ ക്യാമ്പിൽ സൗജന്യ രജിസ്ട്രേഷൻ, കൺസൾട്ടേഷൻ, തുടർചികിത്സയ്ക്ക് പ്രത്യേക ഇളവുകൾ എന്നിവ ലഭ്യമായിരുന്നു.

**മാർ സ്ലീവാ മെഡിസിറ്റി ഓക്സിജൻ ജനറേഷൻ പ്ലാന്റ് ഉദ്ഘാടനം ചെയ്തു.**

മാർ സ്ലീവാ മെഡിസിറ്റിക്ക് ഫ്രഞ്ച് സർക്കാർ നൽകിയ ഓക്സിജൻ ജനറേഷൻ പ്ലാന്റ് ഫ്രഞ്ച് കൗൺസിൽ ജനറൽ ലിസ്ടാൽ ബോട്ട്ബാരി ഉദ്ഘാടനം ചെയ്തു. മാനവരാശിയുടെ ക്ഷേമം മുൻനിർത്തി പ്രവർത്തിക്കുന്ന സർക്കാരുകൾ അവരുടെ നേട്ടങ്ങൾ മറ്റുള്ളവർക്കായി പങ്കുവെക്കുവാൻ തയ്യാറാകണമെന്ന് അവർ അഭിപ്രായപ്പെട്ടു. ആശുപത്രിയുടെ സ്ഥാപകനും രക്ഷാധികാരിയുമായ പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്, മാനേജിങ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ, ഡയറക്ടർമാരായ ഫാ. ജോസഫ് കീരഞ്ചിറ, റവ. ഡോ. ഇമ്മാനുവേൽ പാറേക്കാട്ട്, ഫാ. മാത്യു ചേന്നാട്ട്, ഫാ. ജോസഫ് മുത്തനാട്ട്, ഫാ. അഗസ്റ്റിൻ കൊഴുപ്പൻകുറ്റി, ഫാ. തോമസ് മണ്ണൂർ, ഫാ. ജോസഫ് കുഴിഞ്ഞാലിൽ എന്നിവർ പങ്കെടുത്തു .

**അരുവിത്തുറയിൽ പാലാ മാർ സ്ലീവാ മെഡിസിറ്റി സർവീസ് സെന്റർ**

എട്ട് ഒ.പി വിഭാഗങ്ങളും ലബോറട്ടറി സേവനങ്ങളുമായി പാലാ മാർ സ്ലീവാ മെഡിസിറ്റിയുടെ പുതിയ സർവീസ് സെന്റർ അരുവിത്തുറ ആർക്കേഡിൽ ആശുപത്രിയുടെ സ്ഥാപകനും രക്ഷാധികാരിയുമായ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. തിങ്കൾമുതൽ ശനിവരെ രാവിലെ ഒൻപതുമുതൽ വൈകിട്ട് അഞ്ചു മണിവരെ ഫാമിലി മെഡിസിൻ വിഭാഗവും മറ്റു ദിവസങ്ങളിൽ ആഴ്ചയിൽ ഒരിക്കൽവീതം പൾമണറി മെഡിസിൻ, റുമറ്റോളജി, നെഫ്രോളജി, ന്യൂറോളജി, കാർഡിയോളജി, ഡെർമറ്റോളജി, എൻഡോക്രൈനോളജി എന്നിവ കൂടാതെ രാവിലെ ഏഴു മണി മുതൽ വൈകിട്ട് ഏഴു മണിവരെ ലബോറട്ടറിസേവനങ്ങളും

ലഭ്യമാണ്. ശ്രീ ആന്റോ ആന്റണി എം.പി, അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ, ശ്രീ പി.സി. ജോർജ്, വെരി റവ. ഡോ. ജോസഫ് തടത്തിൽ, മോൺ. ഡോ. ജോസഫ് കണിയോടിക്കൽ, വെരി റവ. ഡോ. അഗസ്റ്റിൻ പാലക്കാപറമ്പിൽ, ശ്രീമതി സുഹറ അബ്ദുൽ ഖാദർ, അഡ്വ. മുഹമ്മദ് ഇല്യാസ്, അഡ്വ. ഷോൺ ജോർജ്, ശ്രീ വി. എം. സിറാജ്, ശ്രീമതി സുഹറ ഫാത്തിമ, ശ്രീ എ.എം.എ. ഖാദർ, റവ. ഫാ. ജോസ് കീരഞ്ചിറ, റവ. ഡോ. ഇമ്മാനുവേൽ പാറേക്കാട്ട്, റവ. ഫാ. മാത്യു ചേന്നാട്ട്, ഡോ. പോളിൻ ബാബു എന്നിവർ പങ്കെടുത്തു.

## NEW DOCTORS (JUNE)

1 . ഡോ . സിജോ സെബാസ്റ്റ്യൻ - കൺസൾട്ടന്റ്, ഓർത്തോപീഡിക്സ്

**മോൺ. ജോസഫ് കണിയോടിക്കൽ**

മാനേജിംഗ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ




# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**കബറിടം സന്ദർശിച്ച വിശിഷ്ടവ്യക്തികൾ**

മാർ ജോസഫ് സ്രാമ്പിക്കൽ (ഗ്രേറ്റ് ബ്രിട്ടൻ രൂപതാധ്യക്ഷൻ)

മാർ സെബാസ്റ്റ്യൻ വടക്കേൽ (ഉജ്ജെയ്ൻ രൂപതാധ്യക്ഷൻ)

മാർ ജോസ് പുത്തൻവീട്ടിൽ (ഫരീദാബാദ് രൂപതാസഹായമെത്രാൻ)

**ബഹു. വൈദികരുടെയും സിസ്റ്റേഴ്സിന്റെയും സ്ഥലം മാറ്റം**

തീർത്ഥാടനകേന്ദ്രത്തിൽ സ്പിരിചൽ ഡയറക്ടറായി സേവനം ചെയ്തിരുന്ന ഫാ. മാത്യു പുത്തൻപുരയ്ക്കൽ മാർ അപ്രേം പ്രീസ്റ്റ് ഹോമിലേക്കു സ്ഥലം മാറി. ബഹു. അച്ചന്റെ എല്ലാ ശുശ്രൂഷകൾക്കും ഹൃദ്യമായ നന്ദി.

തീർത്ഥാടനകേന്ദ്രത്തിൽ പുതിയ സ്പിരിചൽ ഡയറക്ടറായി ഫാ. അലക്സ് മൂലക്കുന്നേൽ നിയമിതനായി.

ഒരു വർഷക്കാലത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം തിടനാട് ക്ലാര നഗർ മഠത്തിലേക്കു സ്ഥലം മാറിപ്പോയ സി. വിനീത ഇടയാൽ എഫ്.സി.സിക്കു ഹൃദ്യമായ നന്ദി.

**ഇതരസംസ്ഥാന ക്രൈസ്തവസഹോദരങ്ങൾക്കുവേണ്ടിയുള്ള ആത്മീയശുശ്രൂഷ**

ഹിന്ദി സംസാരിക്കുന്ന ഇതരസംസ്ഥാനങ്ങളിൽനിന്നുള്ള സഹോദരങ്ങൾക്കു വേണ്ടി 2023 ജൂൺ 4 ഞായറാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് പരി. കുമ്പസാരവും വി. കുർബാനയും നടത്തപ്പെട്ടു. ഫാ. ബാബു കാക്കാനിയിൽ SVD നേതൃത്വം വഹിച്ചു.

**രാത്രിയാരാധന**

2023 ജൂൺ 24 ശനിയാഴ്ച പാലാ രൂപത ഇവാഞ്ചലൈസേഷന്റെ ആഭിമുഖ്യത്തിൽ ബ്രദർ അനിൽ അമയന്നൂർ നയിച്ച രാത്രിയാരാധന വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ നടത്തപ്പെട്ടു.

**ജപമാലപ്രദക്ഷിണം**

തീർത്ഥാടനകേന്ദ്രത്തിൽ എല്ലാ ശനിയാഴ്ചകളിലും വൈകുന്നേരം അഞ്ചു മണിക്കുള്ള വിശുദ്ധ കുർബാനയെത്തുടർന്ന് വിശ്വാസിസമൂഹത്തിന്റെ കൂട്ടായ്മയിൽ കത്തിച്ച മെഴുകുതിരികളുമായി ദൈവാലയം ചുറ്റി നടത്തിവരുന്ന ജപമാല പ്രദക്ഷിണത്തിനു ജൂൺ മാസത്തിലെ വിവിധ ശനിയാഴ്ചകളിലായി പൂവത്തോട് (03/06/2023), തിടനാട് (10/06/2023), ചൂണ്ടച്ചേരി (17/06/2023), കിഴതടിയൂർ (24/06/2023) എന്നീ ഇടവകകൾ നേതൃത്വം വഹിച്ചു.

ജൂലൈ മാസത്തെ ജപമാലപ്രദക്ഷിണങ്ങൾക്കു നേതൃത്വം നൽകുന്ന ഇടവകകൾ: ഉള്ളനാട് (01/07/2023), കവീക്കുന്ന് (08/07/2023), വേഴാങ്ങാനം (15/07/2023), പിഴക് (29/07/2023).

**ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

## 1. വിശ്വാസപരിശീലനദിനം

വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ ദുക്റാന ത്തിരുനാൾദിനം നമ്മുടെ രൂപതയിൽ വിശ്വാസപരിശീലനദിനമായി ആചരിക്കുന്നു. ചെറുപുഷ്പമിഷൻലീഗിന്റെ അംഗത്വസ്വീകരണവും തിരുബാലസഖ്യത്തിന്റെ അംഗത്വസ്വീകരണവും അംഗത്വനവീകരണവും അന്നേദിവസംതന്നെ നടത്തുന്നതാണ്.

## 2. രൂപത വിശ്വാസപരിശീലന പ്രമോട്ടേഴ്സ് ടീം മീറ്റിംഗ്

രൂപതയിലെ വിശ്വാസപരിശീലന പ്രമോട്ടേഴ്സ് ടീം അംഗങ്ങളുടെ മീറ്റിംഗ് 2023 ജൂലൈ 1 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്

## 3. CTP കോഴ്സ് 2023 -2024

2023-2024 വിശ്വാസപരിശീലന വർഷത്തിലെ CTP കോഴ്സിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവരുടെ ലിസ്റ്റ് വിശ്വാസപരിശീലനകേന്ദ്രത്തിൽ ഏല്പിക്കുന്നതിനുള്ള കാലാവധി ജൂൺ 24 ശനിയാഴ്ച അവസാനിച്ചു. ഈ വർഷത്തെ CTP കോഴ്സ് ജൂലൈ 8 ശനിയാഴ്ച ആരംഭിക്കുന്നതാണ്.

## 4. പുതിയ മേഖല ഡയറക്ടർമാർ

വിശ്വാസപരിശീലനം, തിരുബാലസഖ്യം, ചെറുപുഷ്പമിഷൻലീഗ് എന്നിവയുടെ മേഖല ഡയറക്ടർമാരായി താഴെപ്പറയുന്നവരെ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിയമിച്ചു.

1. പാലാ കത്തീഡ്രൽ : ഫാ. ജോർജ് ഒഴുകയിൽ
2. ഭരണങ്ങാനം : ഫാ. തോമസ് വാഴയിൽ
3. ചേർപ്പുങ്കൽ : ഫാ. സെബാസ്റ്റ്യൻ പേണ്ടാനം
4. കടനാട് : ഫാ. ഐസക് പെരിങ്ങാമലയിൽ
5. കടുത്തുരുത്തി : ഫാ. അബ്രാഹം കിഴക്കേപ്പറമ്പിൽ CRM
6. കൂട്ടിക്കൽ : ഫാ. ജോസ് കുഴിഞ്ഞാലിൽ

7. മൂലമറ്റം : ഫാ. തോമസ് താന്നിമലയിൽ
8. മുട്ടുചിറ : ഫാ. ജോസഫ് ചെങ്ങഴശ്ശേരിൽ
9. പൂഞ്ഞാർ : ഫാ. ജോസഫ് ആറ്റുചാലിൽ
10. രാമപുരം : ഫാ. ജോസഫ് മണർകാട്ട്
11. തീക്കോയി : ഫാ. മാത്യു കാടൻകാവിൽ
12. പ്രവിത്താനം : ഫാ. ജോസഫ് കുറുപ്പശ്ശേരിൽ

പുതിയ മേഖല ഡയറക്ടർമാർക്ക് അഭിനന്ദനങ്ങളും ആശംസകളും.

**5. സ്കൂൾ മതബോധന-സന്മാർഗ്ഗ പരിശീലനരംഗം**

പുതിയ അദ്ധ്യയനവർഷത്തിൽ (2023-2024) ഇതര പാഠ്യവിഷയങ്ങളോടൊപ്പം നൽകേണ്ട മതബോധന-സന്മാർഗ്ഗപരിശീലന ക്ലാസ്സുകൾക്കാവശ്യമായ പാഠപുസ്തകങ്ങളുടെ വിതരണം നടത്തിവരുന്നു. 2023 ജൂൺ 17-ാം തീയതി മുതൽ എല്ലാ സ്കൂളുകളിലും മതബോധന-സന്മാർഗ്ഗപരിശീലന ക്ലാസ്സുകൾ ആരംഭിച്ചു.

**6. പ്രഥമാധ്യാപകസമ്മേളനം**

നമ്മുടെ രൂപതയിൽ പ്രവർത്തിക്കുന്ന സ്കൂളുകളിലെ പ്രിൻസിപ്പൽമാരുടെയും ഹെഡ്മാസ്റ്റർമാരുടെയും സമ്മേളനം 2023 ജൂൺ 8-ാം തീയതി വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണി വരെയുള്ള സമയത്ത് പാലാ, അരുണാപുരത്തുള്ള അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടത്തപ്പെട്ടു. പാലാ രൂപത വികാരിജനറാൾ പെരിയ ബഹു. സെബാസ്റ്റ്യൻ വേത്താനത്ത് അച്ചൻ സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ശ്രീ. മാത്യു എം കുര്യാക്കോസ് ക്ലാസ്സ് നയിച്ചു. പാലാ രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷനൽ സെക്രട്ടറി ഫാ. ബർക്കുമാൻസ് കുന്നുംപുറം, അസി. സെക്രട്ടറി ഫാ. ജോർജ് പുല്ലുകാലായിൽ എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു.

**7. തിരുബാലസഖ്യം ആനിമേറ്റർമാരുടെ സമ്മേളനം**

1 മുതൽ 4 വരെയുള്ള വിശ്വാസപരിശീലനക്ലാസ്സുകളിലെ കുട്ടികൾക്കായുള്ള തിരുബാലസഖ്യം സംഘടനയുടെ ആനിമേറ്റർമാരുടെ സമ്മേളനം ഭരണങ്ങാനം മാതൃഭവനിൽവച്ച് 2023 ജൂൺ 10 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ വൈകിട്ട് 4 വരെ സമയത്ത് നടത്തപ്പെട്ടു. തിരുബാലസഖ്യം ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ ആമുഖപ്രഭാഷണം നടത്തി. സി. ഡോണ FCC orientation ക്ലാസ്സ് നയിച്ചു. തിരുബാലസഖ്യം 2023 -2024 പ്രവർത്തനവർഷത്തെ മാർഗ്ഗരേഖ പ്രകാശനം ചെയ്തു. സമ്മേളനത്തിന്റെ സമാപനത്തിൽ ഡയറക്ടറച്ചൻ സംഘടനാപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുള്ള ആനിമേറ്റർമാർമാരുടെ സംശയങ്ങൾക്കു മറുപടി നൽകുകയും സമ്മേളനത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി അറിയിക്കുകയും ചെയ്തു.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# പാലാ മിഷൻ – അദിലാബാദ്

**1. തിരുനാളുകൾ**

ഗൊല്ലപ്പള്ളി പള്ളിയിൽ തിരുനാളിനൊരുക്കമായി മേയ് 26 ന് ഫാ. മാത്യു പുതിയിടത്തും 27 ന് ഫാ. ഐസക് കുറിച്ചിയേലും വിശുദ്ധ കുർബാനയർപ്പിച്ചു

സന്ദേശം നൽകി. 28 ന് ഫാ. ജോസഫ് കൂവള്ളൂർ വിശുദ്ധ കുർബാന അർപ്പിച്ചു. ഫാ. സ്നേഹരാജ് ധ്യാനത്തിനു നേതൃത്വം നൽകി.

മേയ് 29 ന് ഗൊല്ലപ്പള്ളി പള്ളിയിൽ രാവിലെ 10.30 ന് അഭിവന്ദ്യ മാർ പ്രിൻസ് ആന്റണി പിതാവ് തിരുനാൾ കുർബാന അർപ്പിച്ചു സന്ദേശം നൽകി. തുടർന്ന് സ്നേഹവിരുന്ന്. വൈകിട്ട് 6 ന് വില്ലേജിലൂടെ പ്രദക്ഷിണം

മന്നഗുഡം പള്ളിയിൽ തിരുനാളിനൊരുക്കമായി മേയ് 30 ന് ഫാ. ജിജോ വെട്ടത്ത് ധ്യാനത്തിനു നേതൃത്വം നൽകി. മേയ് 31 ന് മന്നഗൂഡം പള്ളിയിൽ പിതാവിന്റെ ഇടയനടുത്ത സന്ദർശനം. രാവിലെ 10 പിതാവിനു സ്വീകരണം. തുടർന്ന്, പിതാവ് എല്ലാ കുടുംബങ്ങളും സന്ദർശിച്ചു സംസാരിച്ചു പ്രാർത്ഥിച്ചു. വൈകുന്നേരം 7 ന് തിരുനാൾ കുർബാന, സന്ദേശം, പ്രദക്ഷിണം, സ്നേഹവിരുന്ന്.

ജൂൺ 4 ന് രാവിലെ 10 ന് ഖർജി പള്ളിയിൽ പിതാവിനു സ്വീകരണം. തിരുനാൾ കുർബാന സന്ദേശം, പ്രവേശകകൂദാശകൾ. സ്നേഹവിരുന്ന്. തുടർന്ന് കുടുംബ സന്ദർശനം.

വൈകുന്നേരം 6.30 ന് കോനംപെട്ട പള്ളിയിൽ പിതാവിനു സ്വീകരണം. തിരുനാൾ കുർബാന, സന്ദേശം, പ്രദക്ഷിണം, സ്നേഹവിരുന്ന്.

ജൂൺ 6 ന് വെങ്കിട്ടപുരം പള്ളിയിൽ തിരുനാൾ കുർബാന, സന്ദേശം ഫാ. ബിനോയ് കണയിങ്കൽ. തുടർന്ന് സ്നേഹവിരുന്ന്. വൈകുന്നേരം 6 ന് വില്ലേജിലൂടെ പ്രദക്ഷിണം. കലാപരിപാടികൾ.

**2. മിഷൻ ലീഗ് പ്രവർത്തനോദ്ഘാടനം**

പാലാ രൂപതയിലെ പെരിങ്ങുളം ഇടവകയിൽ ജൂൺ 18 ന് ഫാ. മാത്യു പുതിയിടത്ത് 9.30 ന് വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് മിഷൻ ലീഗിന്റെ ഈ വർഷത്തെ പ്രവർത്തനോദ്ഘാടനം, അംഗത്വസ്വീകരണം, നവീകരണം, തിരുബാലസഖ്യം അംഗത്വസ്വീകരണം എന്നിവ നടത്തി. മിഷൻ പ്രവർത്തനങ്ങളെക്കുറിച്ചു ക്ലാസ്സ് എടുത്തു.

**3. പഠനോപകരണവിതരണം**

പാലാ മിഷനിലെ എല്ലാ സെന്ററുകളിലെയും സ്കൂൾകുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു.

**4. അഭിനന്ദനങ്ങളും നന്ദിയും**

പാലാ മിഷനെ ഈ നാളുകളിൽ പ്രാർത്ഥനയിലൂടെയും സാമ്പത്തികമായും സഹായിച്ച എല്ലാവർക്കും പ്രാർത്ഥനയും നന്ദിയും.

**ഫാ. മാത്യു പുതിയിടത്ത്** (കോ-ഓർഡിനേറ്റർ)

---

# പാലാ മിഷൻ – ഗുജറാത്ത്

---

**1. അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെ സന്ദർശനം**

ഷംഷാബാദ് രൂപതാധ്യക്ഷൻ മാർ റാഫേൽ തട്ടിൽ ജൂൺ 23, 24 തീയതികളിൽ ഗുജറാത്ത് റീജൺ സന്ദർശിച്ചു. സഹായമെത്രാൻ ജോസഫ് കൊല്ലംപറമ്പിൽ പിതാവുമായും റീജണിലെ വൈദികരുമായും അഭിവന്ദ്യ പിതാവ് കൂടിക്കാഴ്ച നടത്തി.

**2. ഓറിയന്റേഷൻ ക്ലാസ്**

സബർമതി സെന്റ് സെബാസ്റ്റ്യൻ സീറോ മലബാർ ചർച്ചിൽ ജൂൺ മാസം പതിനൊന്നാം തീയതി വിശ്വാസപരിശീലനത്തിന്റെ പുതിയ അധ്യയനവർഷം ആരംഭിക്കുന്നതിന്റെ ഭാഗമായി ടീച്ചേഴ്സിനെ വിളിച്ചുചേർത്ത് അവർക്ക് ഒരു ഓറിയന്റേഷൻ ക്ലാസ് നൽകുകയുണ്ടായി. റവ. ഫാ. ജിബി OFM ക്ലാസിനു നേതൃത്വം നൽകി.

**3. വിശ്വാസപരിശീലന ക്ലാസുകളുടെ ഔദ്യോഗിക ഉദ്ഘാടനം**

ജൂൺ മാസം പതിനെട്ടാം തീയതി വിശ്വാസപരിശീലനക്ലാസുകൾ ഔദ്യോഗികമായി ആരംഭിക്കുകയുണ്ടായി. പുതിയ അധ്യയനവർഷത്തിന്റെ ഉദ്ഘാടനം റീജണൽ ക്യാറ്റക്കിസം ഡയറക്ടർ റവ. ഫാ. പോൾ പാറപ്ലാക്കൽ നിർവഹിച്ചു.

**4. വിശുദ്ധ അന്തോനീസിന്റെ തിരുനാൾ**

വിശുദ്ധ അന്തോനീസിന്റെ തിരുനാൾ സബർമതി പള്ളിയിൽ ഭക്ത്യാദരപൂർവ്വം ആഘോഷിച്ചു. തിരുനാൾ കുർബാനയ്ക്ക് ബഹു. വികാരിയച്ചൻ ഫാദർ പോൾ പാറപ്ലാക്കൽ മുഖ്യകാർമികത്വം വഹിച്ചു. തിരുനാൾ ഈ വർഷം ഏറ്റെടുത്തു നടത്തിയത്, സബർമതി ഇടവകയിലെ സെന്റ് ആന്റണി വാർഡുകാരായിരുന്നു.

**5. പരിസ്ഥിതിദിനാചരണം**

ബാപ്പുനഗർ മദർമേരി ഇടവകയിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ പരിസ്ഥിദിനം ആചരിച്ചു. വികാരി ഫാ. മാത്യു കോലത്ത് പരിസ്ഥിതിദിനാചരണത്തിനു നേതൃത്വം നൽകി.

**6. ഫാദേഴ്സ് ഡേ**

ബാപ്പുനഗർ മദർമേരി ഇടവകയിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ ഫാദേഴ്സ് ഡേ ആചരിച്ചു.

**7. തിരുഹൃദയത്തിരുനാൾ**

ബാപ്പുനഗർ മദർമേരി ഇടവകയിൽ തിരുഹൃദയത്തിരുനാൾ ഭക്ത്യാദരപൂർവ്വം ആചരിച്ചു.

**8. വൈദികരുടെ മാസധ്യാനം**

ജൂൺ 26, 27, 28 തീയതികളിൽ സിൽവാസയിൽ വച്ച് റീജണിലെ വൈദികരുടെ മാസധ്യാനം നടത്തപ്പെട്ടു. റവ.ഫാ. സ്റ്റീഫൻ ജയരാജ് കപ്പൂച്ചിൻ ധ്യാനസന്ദേശം നൽകി.

**മാർ ജോസഫ് കൊല്ലംപറമ്പിൽ** (സഹായമെത്രാൻ)

# മിഷൻലീഗ് വാർത്തകൾ

**രൂപതാവാർത്തകൾ**

**എക്സിക്യൂട്ടീവ്**

പാലാ രൂപത ചെറുപുഷ്പ മിഷൻലീഗിന്റെ ജൂൺ മാസത്തെ എക്സിക്യൂട്ടീവ് യോഗം ജൂൺ 4 ഞായറാഴ്ച വൈകുന്നേരം മൂന്നുമണിക്ക് ഭരണങ്ങാനം മാതൃഭവനിൽവച്ചു നടന്നു. രൂപത പ്രസിഡന്റ് ശ്രീ ജോബിൻ തട്ടാംപറമ്പിൽ

അധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി അഗസ്റ്റിൻ തോമസ് കടൂക്കുന്നേൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. യോഗം അത് പാസാക്കി. രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സന്ദേശം നൽകി. ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തിയ യോഗം ജൂൺ മാസത്തെ പ്രവർത്തനങ്ങളെപ്പറ്റി ചർച്ചചെയ്തു തീരുമാനങ്ങൾ എടുത്തു.

**പ്രവർത്തനവർഷ ഉദ്ഘാടനം**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപത 2023-2024 പ്രവർത്തനവർഷ ഉദ്ഘാടനം ജൂൺ 18 ഞായറാഴ്ച മുണ്ടാങ്കൽ സെന്റ് ഡൊമിനിക് ദൈവാലയത്തിൽ വച്ചു നടന്നു. രാവിലെ 9 മണിക്ക് രൂപത പ്രസിഡന്റ് ശ്രീ ജോബിൻ തട്ടാംപറമ്പിൽ പതാക ഉയർത്തി. 9.15-നുള്ള സപ്രായ്ക്കുശേഷം ചെറുപുഷ്പ മിഷൻലീഗ് രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിലിന്റെ മുഖ്യകാർമികത്വത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന്, രൂപത പ്രസിഡന്റ് ശ്രീ ജോബിൻ റ്റി. ജോണി തട്ടാംപറമ്പിലിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പാലാ രൂപത പ്രോട്ടോ സിഞ്ചെല്ലൂസ് പെരിയ ബഹു. ജോസഫ് തടത്തിൽ അച്ചൻ പ്രവർത്തനവർഷ ഉദ്ഘാടനം നടത്തി. മുണ്ടാങ്കൽ ഇടവക വികാരി ഫാ. ജോർജ് പഴേപറമ്പിൽ, രൂപത വൈസ് ഡയറക്ടർ സി. മോനിക്ക SH, മേഖല ഡയറക്ടർ ഫാ. ജോസഫ് കുറുപ്പശ്ശേരിൽ, മേഖല പ്രസിഡന്റ് ആകാശ് തെങ്ങുംപള്ളിൽ, മുണ്ടാങ്കൽ ശാഖ പ്രസിഡന്റ് സജിൻ പടിഞ്ഞാറയിൽ തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. വിവിധ ശാഖകളിൽനിന്നായി അഞ്ഞൂറോളം ഭാരവാഹികൾ സംബന്ധിച്ചു.

**വൈസ് ഡയറക്ടേഴ്സ് മീറ്റ്**

രൂപതയിലെ ചെറുപുഷ്പ മിഷൻലീഗ് ശാഖ, മേഖല വൈസ് ഡയറക്ടർമാരുടെ സമ്മേളനം ജൂൺ 10 ശനിയാഴ്ച ഭരണങ്ങാനം മാതൃഭവനിൽ നടന്നു. രാവിലെ 9.30 നു ആരംഭിച്ച സമ്മേളനത്തിൽ രൂപത പ്രസിഡന്റ് ശ്രീ ജോബിൻ തട്ടാംപറമ്പിൽ അധ്യക്ഷത വഹിച്ചു. രൂപത വൈസ് ഡയറക്ടർ സി. മോനിക്ക S.H. സമ്മേളനം ഉദ്ഘാടനം ചെയ്തു. 2023-24 വർഷത്തെ പ്രവർത്തന മാർഗ്ഗരേഖ ചെറുപുഷ്പ മിഷൻലീഗ് രൂപത ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ കുറവിലങ്ങാട് മേഖല വൈസ് ഡയറക്ടർ സി റോസിലിൻ SVM ന് നൽകി പ്രകാശനം ചെയ്തു. തുടർന്ന് ശ്രീ നിക്സൺ കെ. അറയ്ക്കൽ ക്ലാസ് നയിച്ചു. ദേശീയ റീജിയണൽ ഓർഗനൈസറും രൂപത എക്സിക്യൂട്ടീവ് അംഗവുമായ ശ്രീ ബെന്നി മുത്തനാട്ട് മിഷൻ അനുഭവങ്ങൾ പങ്കുവച്ചു. രൂപത റീജിയണൽ ഓർഗനൈസർമാരായ റ്റിജോ വെള്ളേടത്ത്, മനു മാളികപ്പുറത്ത്, ജോർജിൻ പുത്തൻപുരയിൽ, ജോമിൻ വലിയകാപ്പിൽ, റോയി മലയിൽ, സിബി കാടാശേരി യിൽ, ദിയ ഫ്രാങ്ക്സൻ എന്നിവർ സംസാരിച്ചു. രൂപത ഭാരവാഹികൾ സമ്മേളന ത്തിന് നേതൃത്വം നൽകി. കഴിഞ്ഞ പ്രവർത്തനവർഷത്തെ മികച്ച മേഖലകളി ലെയും ശാഖകളിലെയും വൈസ് ഡയറക്ടേഴ്സ് തങ്ങളുടെ പ്രവർത്തനമാതൃകകൾ അവതരിപ്പിച്ചു. രൂപതയിലെ എല്ലാ ശാഖ, മേഖല വൈസ് ഡയറക്ടർമാരും യോഗ ത്തിൽ സംബന്ധിച്ചു.

**രൂപത മാനേജിംഗ് കമ്മിറ്റി**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതയുടെ 2023-2024 വർഷത്തെ പ്രഥമ മാനേജിംഗ് കമ്മിറ്റി ജൂലൈ 9 ഞായറാഴ്ച വൈകുന്നേരം 3 മണിക്ക് ഭരണങ്ങാനം മാതൃഭവനിൽ വച്ചു നടക്കും.

**ജീവദർശൻ കോഴ്സ്**

പാലാ രൂപത ചെറുപുഷ്പ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ CTP കോഴ്സ് പൂർത്തിയാക്കിയ വിശ്വാസപരിശീലകർക്കായി ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ജീവദർശൻ കോഴ്സ് നടത്തുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ജൂൺ 30 നു മുമ്പായി രൂപതാകേന്ദ്രത്തിൽ അപേക്ഷ നൽകേണ്ടതാണ്.

**കുഞ്ഞുമിഷനറി മാസിക**

കുഞ്ഞുമിഷനറി മാസിക ജൂൺ മാസവും pdf രൂപത്തിൽ പ്രസിദ്ധീകരിച്ചു. ഇത് വിശ്വാസപരിശീലനത്തിന്റെയും മിഷൻലീഗിന്റെയും വാട്സ്ആപ്പ് ഗ്രൂപ്പുകളിലൂടെ കുട്ടികളിലെത്തിച്ചു.

**മേഖലാവാർത്തകൾ**

**അരുവിത്തുറ മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് ജൂൺ 4 ഞായറാഴ്ച അരുവിത്തുറയിൽ വച്ചു നടന്നു. പ്രസിഡന്റ് ഷാജു കുന്നയ്ക്കാട്ട് അധ്യക്ഷത വഹിച്ചു.

**കടനാട് മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് യോഗം ജൂൺ 4 ഞായറാഴ്ച നടന്നു.

**രാമപുരം മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് ജൂൺ 4 ഞായറാഴ്ച നടന്നു.

**കൂട്ടിക്കൽ മേഖല**

**എക്സിക്യൂട്ടീവ്**

മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് ജൂൺ 3 ശനിയാഴ്ച നടന്നു.

**പ്രവിത്താനം മേഖല**

**എക്സിക്യൂട്ടീവ്**

മേഖലയുടെ എക്സിക്യൂട്ടീവ് മീറ്റിംഗ് ജൂൺ 4 ഞായറാഴ്ച പ്രവിത്താനം മേഖല ഓഫീസിൽ നടന്നു.

**കുറവിലങ്ങാട് മേഖല**

**എക്സിക്യൂട്ടീവ്**

ചെറുപുഷ്പ മിഷൻലീഗ് കുറവിലങ്ങാട് മേഖല എക്സിക്യൂട്ടീവ് മീറ്റിംഗ് ജൂൺ 4 ഞായറാഴ്ച വൈകുന്നേരം 4 മണിക്ക് നടന്നു.

**നവപ്രേഷിതസംഗമം**

ചെറുപുഷ്പ മിഷൻലീഗ് കുറവിലങ്ങാട് മേഖലയുടെ ആഭിമുഖ്യത്തിൽ ഈ

വർഷം പ്രഥമ കുമ്പസാരവും തുടർന്നുള്ള കുർബാന സ്വീകരണവും നടത്തിയ കുട്ടികൾക്കായുള്ള നവപ്രേഷിതസംഗമം മേയ് 28 ഞായറാഴ്ച 9 മണിക്ക് കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ ദൈവാലയത്തിൽവച്ചു നടത്തി.

**ചേർപ്പുങ്കൽ മേഖല**

ചെറുപുഷ്പ മിഷൻലീഗ് ചേർപ്പുങ്കൽ മേഖല എക്സിക്യൂട്ടീവ് യോഗം ജൂൺ 11 ഞായറാഴ്ച നടന്നു.

**കൂട്ടിക്കൽ മേഖല**

ചെറുപുഷ്പ മിഷൻലീഗ് കൂട്ടിക്കൽ മേഖല എക്സിക്യൂട്ടീവ് യോഗം ജൂൺ 11 ഞായറാഴ്ച നടന്നു.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# കെ.സി.എസ്.എൽ.

**സ്റ്റേറ്റ് ആനിമേറ്റേഴ്സ് മീറ്റിംഗ്**

ജൂൺ 10 ശനിയാഴ്ച എറണാകുളം പി.ഒ.സി. യിൽവച്ചു നടന്ന സ്റ്റേറ്റ് ആനിമേറ്റേഴ്സ് മീറ്റിംഗിൽ പാലാ രൂപതയിൽനിന്ന് അഞ്ച് ആനിമേറ്റേഴ്സ് പങ്കെടുത്തു. പ്രസിഡന്റ് ജിജോ മാത്യു, ട്രഷറർ സി. ജെയിൻ റോസ് സി.എം.സി, സി. മെർലിൻ എസ്.എച്ച്, പ്രിറ്റി അഗസ്റ്റിൻ, ബ്രദർ റിജു തുളുവനാനിക്കൽ എന്നിവരാണു പങ്കെടുത്തത്. രാവിലെ 10 മണിക്ക് ആരംഭിച്ച മീറ്റിംഗ് ഉച്ചയ്ക്ക് അവസാനിച്ചു.

**രൂപതാതല ആനിമേറ്റേഴ്സ് മീറ്റിംഗ്**

രൂപതാതല ആനിമേറ്റേഴ്സ് മീറ്റിംഗ് ജൂൺ 17 ശനിയാഴ്ച പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചു നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ജോസഫ് സ്രാമ്പിക്കൽ പിതാവ് (ഗ്രേറ്റ് ബ്രിട്ടൻ) ഉദ്ഘാടനം ചെയ്തു. എക്സിക്യൂട്ടീവ് മെമ്പർ ജോഷി ജോർജ്ജ് സ്വാഗതം ആശംസിച്ചു. എക്സിക്യൂട്ടീവ് മെമ്പർ പ്രിറ്റി സാവിയോ കൃതജ്ഞത രേഖപ്പെടുത്തി. തുടർന്ന് ഉച്ചവരെ ആനിമേറ്റേഴ്സിന് ക്ലാസ്സ് എടുത്തു. മീറ്റിംഗിൽ 110 ടീച്ചേഴ്സ് പങ്കെടുത്തു. ഡയറക്ടർ ഫാ. ജോർജ്ജ് പുല്ലുകാലായിൽ, ഷിജോ സഖറിയാസ് എന്നിവർ ക്ലാസ്സ് എടുത്തു.

**രൂപതാതല പ്രവർത്തനോദ്ഘാടനം**

ഈ വർഷത്തെ രൂപതാതല പ്രവർത്തനോദ്ഘാടനം മുട്ടുചിറ സെന്റ് ആഗ്നസ് ഹൈസ്കൂളിൽ വച്ച് ജൂൺ 27 ന് നടത്തപ്പെട്ടു. കോർപ്പറേറ്റ് സെക്രട്ടറി ഫാ. ബർക്കുമാൻസ് കുന്നുംപുറം ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു.

**ഫാ. ജോർജ്ജ് പുല്ലുകാലായിൽ** (ഡയറക്ടർ)

# എസ്.എം.വൈ.എം. – കെ.സി.വൈ.എം.

**1. പ്രവേശനോത്സവം**

കുരുന്നുമക്കൾക്ക് പുതിയ അധ്യയനവർഷത്തിൽ രൂപതാകുടുംബം ആശംസകൾ നൽകി.

**2. സന്ദർശനം**

യുവജനപ്രസ്ഥാനത്തിനു നേതൃത്വം നൽകിയ ആരംഭകാലത്തെ പ്രസിഡന്റ്, ജനറൽ സെക്രട്ടറി, വൈസ് പ്രസിഡന്റ് എന്നിവരെ രൂപതാകുടുംബം സന്ദർശിച്ചു.

**3. ആദരാഞ്ജലികൾ നേർന്നു പ്രാർത്ഥിച്ചു**

ഒഡീഷ ട്രെയിൻ ദുരന്തത്തിൽ മരണമടഞ്ഞ പ്രിയസഹോദരങ്ങൾക്ക് ആദരാഞ്ജലികൾ നേർന്നു പ്രാർത്ഥിച്ചു.

**4. ക്രാഫ്റ്റ് മേക്കിങ് കോമ്പറ്റീഷൻ**

SMYM- KCYM പാലാ രൂപതയിലെ യുവജനങ്ങൾക്കുവേണ്ടി പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ക്രാഫ്റ്റ് മേക്കിങ് കോമ്പറ്റീഷൻ നടത്തി. പൂവരണി യൂണിറ്റിലെ ജിയാ ജിജി സമ്മാനർഹയായി.

**5. യുവജനങ്ങൾ പരിസ്ഥിതിയെ സ്നേഹിക്കുന്നവരായി മാറണം മാർ ജോസഫ് പള്ളിക്കാപറമ്പിൽ.**

എസ്.എം.വൈ.എം. - കെ.സി.വൈ.എം. പാലാ രൂപതയുടെ ആഭിമുഖ്യത്തിൽ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുമായി ചേർന്ന് പരിസ്ഥിതിദിനം ആചരിച്ചു.

യുവജനങ്ങൾ പരിസ്ഥിതിയുടെ കാവൽക്കാരാകണമെന്നും കൃഷിയിലേക്കു യുവജനങ്ങൾ കടന്നുവരണമെന്നും അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവ് ഓർമിപ്പിച്ചു. അതോടൊപ്പം, രൂപതാകുടുംബത്തിനു വൃക്ഷത്തൈ കൈമാറുകയും ചെയ്തു.

എസ്.എം.വൈ.എം. പാലാ രൂപത ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, സ്റ്റീൽ ഇന്ത്യ ഡയറക്ടർ ഫാ. ജോസഫ് താഴത്തുവരിക്കയിൽ, എസ്.എം.വൈ.എം. രൂപത ഫൊറോനാസമിതിയംഗങ്ങളും ഈ പ്രോഗ്രാമിൽ സന്നിഹിതരായിരുന്നു.

**6. ഐക്യദാർഢ്യാലി**

ക്രൈസ്തവർക്കും പൊതുസമൂഹത്തിനും നേർക്കുള്ള സംഘടിത ഭീകരതക്കെതിരേ താക്കീതു നൽകിക്കൊണ്ട് എസ്.എം.വൈ.എം. കാഞ്ഞിരപ്പള്ളി രൂപതയുടെ നേതൃത്വത്തിൽ നടത്തിയ ഐക്യദാർഢ്യറാലിയിൽ എസ്.എം.വൈ.എം. പാലാ രൂപതയിലെ യുവജനങ്ങൾ പങ്കെടുത്തു.

**7. YATP ക്യാമ്പ്**

ജൂൺ മാസത്തെ YATP ക്യാമ്പ് പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ചു നടത്തപ്പെട്ടു.

**8. അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്റെ മെത്രാഭിഷേകത്തിന്റെ സുവർണ്ണജൂബിലിയാഘോഷം രൂപത കുടുംബത്തോടൊപ്പം**

പാലാ രൂപതയുടെ വലിയ ഇടയനും പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ ആദ്യഡയറക്ടറുമായ അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്റെ മെത്രാഭിഷേകത്തിന്റെ സുവർണ്ണജൂബിലി എസ്.എം.വൈ.എം. രൂപതാസമിതിയുടെ നേതൃത്വത്തിൽ ആഘോഷിച്ചു. വൈ.എ.ടി.പി 30th ബാച്ച് അംഗങ്ങൾ, 2022

രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ, ഫൊറോനാനേതാക്കൾ എന്നിവർ പങ്കുചേർന്നു.

**9. ലോകരക്തദാനദിനം**

എസ്.എം.വൈ.എം.-കെ.സി.വൈ.എം. പാലാ രൂപതയുടെയും നിർദ്ദേശ പ്രകാരം ഫൊറോന, യൂണിറ്റുകളുടെ നേതൃത്വത്തിൽ, മാർ സ്ലീവാ മെഡിസിറ്റി, മെഡിക്കൽ കോളേജ് കോട്ടയം, കാരിത്താസ് ഹോസ്പിറ്റൽ തെള്ളകം, മരിയൻ മെഡിക്കൽ സെന്റർ പാലാ, ഐ.എച്ച്.എം. ഹോസ്പിറ്റൽ മേരിഗിരി, ഹോളി ഗോസ്റ്റ് മിഷൻ ഹോസ്പിറ്റൽ, മുട്ടുചിറ തുടങ്ങിയ കോട്ടയം ജില്ലയിലെ വിവിധ ആശുപത്രികളിൽ യുവജനങ്ങളുടെ നേതൃത്വത്തിൽ രക്തദാനം നടത്തിവരുന്നു. ഇരുനൂറോളം യൂണിറ്റ് രക്തം ഇതിനോടകം രൂപതയുടെ നേതൃത്വത്തിൽ നൽകിക്കഴിഞ്ഞു. എസ്.എം.വൈ.എം. പാലാ ബ്ലഡ് ഫോറത്തിന്റെ നേതൃത്വത്തിൽ വിവിധ ആശുപത്രികളിൽ രക്തദാനം നടത്തുവാൻ യുവജനങ്ങൾ മുന്നോട്ടു വന്നുകൊണ്ടിരിക്കുന്നു.

**10. പടയൊരുക്കം 2023 - ലഹരിവിരുദ്ധസേനയുമായി പാലാ രൂപത**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെയും, എസ്.എം.വൈ.എം. പാലാ രൂപതയുടെയും നേതൃത്വത്തിൽ രൂപീകരിക്കുന്ന പാലാ രൂപതാതല ആന്റി ഡ്രഗ് ടാസ്ക് ഫോഴ്സിന്റെ ഔദ്യോഗിക ഉദ്ഘാടനവും ബോധനസെമിനാറും നെല്ലിയാനി സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽവച്ചു നടത്തപ്പെട്ടു. രൂപത വികാരി ജനറാൾ മോൺ. ജോസഫ് മലേപ്പറമ്പിലിന്റെ അധ്യക്ഷതയിൽ എറണാകുളം മുനിസിഫ് മജിസ്ട്രേറ്റ് ജി. പത്മകുമാർ ലഹരിവിരുദ്ധസേനയുടെ ഉദ്ഘാടന കർമ്മം നിർവഹിച്ചു. പാലാ രൂപത വികാരി ജനറാൾ മോൺ. ജോസഫ് മലേപ്പറമ്പിൽ എസ്.എം.വൈ.എം. പാലാ രൂപത പ്രസിഡന്റ് തോമസ് ബാബുവിന് ടാസ്ക് ഫോഴ്സിന്റെ ജേഴ്സി നൽകി പ്രകാശനം ചെയ്തു. പി.എസ്.ഡബ്ലിയു. എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, രൂപത എസ്.എം. വൈ എം. ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് വികാരി ഫാ. ജോസഫ് ഇല്ലിമൂട്ടിൽ, അസിസ്റ്റന്റ് വികാരി ഫാ. ജോർജ് കൊട്ടാരത്തിൽ, പി. എസ്.ഡബ്ലിയു.എസ്. പ്രൊജെക്റ്റ് ഓഫീസർ മെർലി ജെയിംസ്, എസ്.എം. വൈ.എം. രൂപത പ്രസിഡന്റ് തോമസ് ബാബു ഇടാട്ടുകുന്നേൽ എന്നിവർ പ്രസംഗിച്ചു. ടോണി കവിയിൽ, സെഞ്ചു ജേക്കബ്, ജസ്റ്റിൻ ജോസഫ്, എസ്.എം. വൈ.എം. രൂപതാഭാരവാഹികൾ, പി.എസ്.ഡബ്ലി.യു.എസ്. ഭാരവാഹികൾ എന്നിവർ നേതൃത്വം കൊടുത്തു.

**11. ഫൊറോന സെനറ്റ് സമ്മേളനം**

ഇലഞ്ഞി, മുട്ടുചിറ, പൂഞ്ഞാർ, അരുവിത്തറ, പാലാ, തുടങ്ങനാട്, കുറവിലങ്ങാട് എന്നീ ഫൊറോനകളുടെ നേതൃത്വത്തിൽ സെനറ്റ് സമ്മേളനവും നടത്തപ്പെട്ടു. രൂപതാഭാരവാഹികൾ സമ്മേളനത്തിൽ പങ്കുചേർന്ന് സമ്മേളനം വിലയിരുത്തി.

**12. സുവർണ്ണജൂബിലിവർഷ ഉദ്ഘാടനം**

SMYM പാലാ രൂപതയുടെ സുവർണ്ണജൂബിലിവർഷ ഉദ്ഘാടനം ജൂലൈ 8 ന് പാലാ കിഴതടിയൂർ പള്ളി പാരീഷ് ഹാളിൽവച്ച് രാവിലെ 9.30 ന് ആരംഭി

ക്കുന്നതാണ്. ഏവരെയും സ്നേഹപൂർവ്വം ജൂബിലി ആഘോഷത്തിലേക്കു സ്വാഗതം ചെയ്യുന്നു.

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

# ജീസസ് യൂത്ത്

**നൈറ്റ് വിജിൽ**

എല്ലാ മാസവും ആദ്യവെള്ളിയാഴ്ച നടന്നുവരുന്ന നൈറ്റ് വിജിൽ ജൂൺ മാസം 2-ാം തീയതി വൈകിട്ട് 7 മണി മുതൽ 3-ാം തീയതി രാവിലെ 5:00 മണി വരെ പാലാ അൽഫോൻസാകോളജ് ചാപ്പലിൽവച്ചു നടത്തപ്പെട്ടു. ഇരുപതോളം പേർ പങ്കെടുത്തു.

**ബുധനാഴ്ചക്കൂട്ടായ്മ**

എല്ലാ ബുധനാഴ്ചയും വൈകിട്ട് 5.15 ന് ളാലം പള്ളിയിലെ മിനി ഹാളിൽ വച്ച് ബുധനാഴ്ചക്കൂട്ടായ്മ നടത്തപ്പെടുന്നു.

**സെക്കൻഡ് സാറ്റർഡേ ഗ്യാതറിങ്**

2023 ജൂൺ പത്താം തീയതി രണ്ടാം ശനിയാഴ്ച രാവിലെ ഒമ്പതരമുതൽ വൈകിട്ട് മൂന്നരവരെ പാലാ അൽഫോൻസാ കോളേജിൽവച്ച് സെക്കൻഡ് സാറ്റർഡേ ഗ്യാതറിങ് നടത്തപ്പെട്ടു. സ്കൂളുകളിൽനിന്നും കോളജുകളിൽ നിന്നുമായി ഏകദേശം 80 പേർ പങ്കെടുത്തു.

**ഹൗസ്ഹോൾഡ്**

2023 ജൂൺ 11 ന് ഉച്ചകഴിഞ്ഞ് 2.30 മണിക്ക് അരുവിത്തുറ പള്ളിയിലെ പാരിഷ് ഹാളിൽവച്ച് അരുവിത്തുറ ഹൗസ്ഹോൾഡ് നടത്തപ്പെട്ടു. പതിനഞ്ചോളം ആളുകൾ പങ്കെടുത്തു.

**2023-25 വർഷത്തെ പുതിയ ടീമുകൾ**

2023-25 വർഷത്തെ പാലാ സോണിലെ പുതിയ ടീമുകൾ നിലവിൽ വന്നു. ക്യാമ്പസ് ടീമിൽ ലിബിനും ടീൻസ് ടീമിൽ ആൽഫിനും പാരിഷ് ടീമിൽ മാത്യൂസും മിഷൻ ടീമിൽ മാർട്ടിനും ഇന്റർസെഷൻ ടീമിൽ ആദിത്യനും കോർഡിനേറ്ററായി. അടുത്ത രണ്ടു വർഷത്തേക്ക് ശുശ്രൂഷ ചെയ്യാനാണ് ഇവരടങ്ങുന്ന ടീമിനെ തിരഞ്ഞെടുത്തത്. ടീമുകളുടെ അനോയിന്റിങ് ജൂൺ 3,4 തീയതികളിലായി പാലാ കാർമൽ സ്കൂളിൽവച്ചു നടത്തപ്പെട്ടു. ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളി അനോയിന്റിങ് നൽകി.

**സെക്കന്റ് സാറ്റർഡേ ഫാമിലി ഗ്യാതറിങ്**

2023 ജൂൺ 10-ാം തീയതി രണ്ടാം ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകിട്ട് 3.30 വരെ പാലാ അൽഫോൻസാ കോളേജിൽ വച്ച് ഫാമിലി ഗ്യാതറിങ് നടത്തപ്പെട്ടു. പത്തു കുടുംബങ്ങൾ പങ്കെടുത്തു.

**തുടങ്ങനാട് ഏകദിനപ്രോഗ്രാം**

ജൂൺ മാസം 28-ാം തീയതി തുടങ്ങനാട് പള്ളിയിലെ കൗമാരക്കാർക്കും യുവജനങ്ങൾക്കുമായി സിറ്റിയോ 2.0 നടത്തപ്പെട്ടു. എല്ലാവരും വളരെ സന്തോഷത്തോടെ ഈ ഏകദിന പ്രോഗ്രാമിൽ പങ്കെടുത്തു.

**ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ** (ഡയറക്ടർ)

# കുടുംബക്കൂട്ടായ്മ

1. രൂപതാ കുടുംബക്കൂട്ടായ്മാ റിസോഴ്സ് ടീമംഗങ്ങളുടെ യോഗം 15/6/2023 നും 21/6/2023 നും ഡയറക്ടർ റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കലിന്റെ അധ്യക്ഷതയിൽ ചേർന്ന് തുടർപരിശീലനപരിപാടികൾ നടത്തി.

2. കുടുംബക്കൂട്ടായ്മ രൂപതാ കൗൺസിൽ യോഗം 21/6/2023, രാവിലെ 10.45 ന് ഷാലോം പാസ്റ്ററൽ സെന്ററിൽ ചേർന്നു. വിവിധ ഫൊറോനാ കൗൺസിലുകളിൽ നിന്നു ലഭിച്ച നിർദ്ദേശങ്ങൾ ചർച്ച ചെയ്തു.

3. 24/6/2023 ശനിയാഴ്ച വൈകിട്ട് 5 ന് മുന്നാനി ഇടവകയിലെ എട്ടു വാർഡുകളിലും കുടുംബക്കൂട്ടായ്മ റിസോഴ്സ് ടീം അംഗങ്ങൾ ക്ലാസെടുത്തു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

**A. വിവാഹ ഒരുക്ക ധ്യാനം**

**1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി**

**ജൂൺ 5-7, 19-21** തീയതിയിലെ വിവാഹ ഒരുക്ക സെമിനാറിൽ 140 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

**ജൂലൈ 10-12, 24-26, ആഗസ്റ്റ് 14-16, 25-27** എന്നീ തീയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

**3. പേരന്റ്സ് മീറ്റ്**

ജൂൺ മാസത്തിലെ പേരന്റ്സ് മീറ്റിംഗിൽ റവ.ഡോ. ജോസഫ് കടുപ്പിൽ, പ്രൊഫ. തങ്കച്ചൻ റ്റി.സി. എന്നിവർ ക്ലാസ്സെടുത്തു. രണ്ടു മീറ്റിങ്ങിലായി 160 മാതാപിതാക്കൻമാർ സംബന്ധിച്ചു.

**B. പിതൃവേദി**

**1. രൂപതാസമിതി**

ജൂൺ 10-ാം തീയതി ഉച്ചകഴിഞ്ഞ് 4 മണിക്ക് ഷാലോം പാസ്റ്ററൽ സെന്ററിൽ ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ രൂപതാസമിതി യോഗം ചേർന്നു.

**2. പുതിയ യൂണിറ്റ്**

ജൂൺ 11-ാം തീയതി മുളക്കുളം ഇടവകയിൽ പുതിയ പിതൃവേദി യൂണിറ്റ് ആരംഭിച്ചു. തദവസരത്തിൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ച് രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ സംസാരിച്ചു.

**3. മെരിറ്റ് ഡേ ആഘോഷം**

ജൂൺ 17-ാം തീയതി മാൻവെട്ടം ഇടവകയിലും ജൂൺ 25-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് രാമപുരം ഇടവകയിലും വൈകുന്നേരം 6 മണിക്ക്

ഉള്ളനാട് ഇടവകയിലും പിതൃവേദി യൂണിറ്റ് സംഘടിപ്പിച്ച മെരിറ്റ് ഡേ ചടങ്ങിൽ രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ സംബന്ധിച്ച് ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

**4. സെമിനാർ**

ജൂൺ 30-ാം തീയതി വെള്ളികുളം ഇടവകയിൽ പിതൃവേദിയുടെ ആഭിമുഖ്യത്തിൽ മാതാപിതാക്കൾക്കായി സംഘടിപ്പിച്ച സെമിനാറിൽ രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ സംബന്ധിച്ച് ക്ലാസ്സ് നയിച്ചു.

## C. മാതൃവേദി

**1. എക്സിക്യൂട്ടീവ് മീറ്റിങ്**

ജൂൺ 2-ാം തീയതി രാവിലെ 10.30 മണിക്ക് ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് മീറ്റിങ് നടത്തി.

**1. രൂപതാസമിതി**

ജൂൺ 7-ാം തീയതി രാവിലെ 11 മണിക്ക് അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ രൂപതാസമിതി ചേർന്നു പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു.

## D. പ്രോലൈഫ്

**1. അനുമോദനം**

ജൂൺ 23-ാം തീയതി ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ സമിതി കൂടുകയും 2022-2023 വർഷത്തെ മികച്ച അധ്യാപകനുള്ള സംസ്ഥാന അവാർഡ് നേടിയ പ്രോലൈഫ് പ്രസിഡന്റ് ശ്രീ മാത്യു എം. കുര്യാക്കോസിനെ അനുമോദിക്കുകയും ചെയ്തു.

## E. സീറോ മലബാർ പാലാ മാട്രിമണി

**1. ഡേറ്റാ സ്വീകരണം**

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ 'സീറോ മലബാർ പാലാ മാട്രിമണി ' സീറോ മലബാർ സഭയിലെ 18 രൂപതകളുടെയും മാട്രിമണികളുമായി ചേർന്ന് പ്രവർത്തിക്കുകയാണ്. ദീപിക പത്രത്തിന്റെ മാട്രിമോണിയലും ഈ സംരംഭത്തിൽ പങ്കാളിയാണ്. Palai Matrimony യിൽ രജിസ്ട്രേഷൻ ചെയ്യുന്നവർക്ക് 18 രൂപതകളിലെയും ദീപിക മാട്രിമോണിയലിലെയും മെമ്പേഴ്സിനെ സെർച്ച് ചെയ്യുവാൻ സാധിക്കും. അതോടൊപ്പം Payment നടത്തിയ ദിവസത്തിനുശേഷമുള്ള ഞായറാഴ്ചത്തെ ദീപിക പത്രത്തിൽ പരസ്യം ചെയ്യുന്നതുമാണ്. നമ്മുടെ രൂപതയിലെ വിവാഹാർത്ഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കുവാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് Palai Matrimony യുടെ 7306915897, 9778199182 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**2. ഡയറക്ടേഴ്സ് മീറ്റിംഗ്**

ജൂൺ 22-ാം തീയതി സീറോ മലബാർ മാട്രിമോണി ഓൺലൈൻ മീറ്റിങ്ങിൽ കൂടിയ ഡയറക്ടേഴ്സ് മീറ്റിംഗിൽ ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ പങ്കെടുത്തു. ജൂലൈ 3-ാം തീയതി പുതിയ മാട്രിമണി സൈറ്റ് ഉദ്ഘാടനം നടത്തുവാൻ വേണ്ട കാര്യങ്ങൾ ചർച്ച ചെയ്തു.

**F. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഹോംസയൻസ് ക്ലാസ്സുകൾ നടത്തപ്പെടുന്നു. യുവതികൾക്ക് ഉത്തമകുടുംബജീവിതത്തിന് ആവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽപരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബീഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംബോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കോളാഷ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. ഈ കോഴ്സുകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്കു വിളിക്കേണ്ട നമ്പർ - 9496571321.

**ഫാ. ജോസഫ് നരിതൂക്കിൽ** (ഡയറക്ടർ)

# കത്തോലിക്കാ കോൺഗ്രസ്

**രൂപത കമ്മിറ്റി**

കത്തോലിക്ക കോൺഗ്രസിന്റെ രൂപത കമ്മറ്റി പ്രസിഡന്റ് എമ്മാനുവൽ നിധീരിയുടെ അധ്യക്ഷതയിൽ കൂടി. ജനറൽ സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. ചർച്ചകൾക്ക് ഡയറക്ടർ ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ നേതൃത്വം നല്കി.

**തീരുമാനങ്ങൾ**

**1.** യൂണിറ്റുകൾ ശക്തിപ്പെടുത്തുന്നതിന് ഫൊറോന, രൂപത ഭാരവാഹികൾ യൂണിറ്റുകളിൽ സന്ദർശനം നടത്തിവേണ്ട ക്രമീകരണങ്ങൾ ചെയ്യുക.

2. ജൂലൈ 3 ന് സഭാദിനാചരണവും സമുദായസംഗമവും നടത്തുക.

3. കാർഷികപ്രശ്നങ്ങളുടെ പരിഹാരത്തിനു ശക്തമായ സമരപരിപാടികൾ നടത്തുക.

4. അടുക്കളത്തോട്ടമത്സരം ഒക്ടോബറിൽ തുടങ്ങുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുക.

106-ാം ജന്മദിനസമ്മേളനം ഗ്ലോബൽ തലത്തിൽ 2024 ൽ പാലായിൽ വച്ചാണ് നടത്തുന്നത് എന്ന കാര്യം ഡയറക്ടർ അറിയിച്ചു.

**മണിപ്പൂർ ഐക്യദാർഢ്യസമ്മേളനങ്ങൾ**

മണിപ്പൂരിൽ നടക്കുന്ന ആക്രമണങ്ങളിൽനിന്ന് ക്രൈസ്തവജനതയ്ക്കു ശാശ്വത പരിഹാരം ഉണ്ടാക്കുവാൻ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ഇടപെട

ണമെന്ന് ആവിശ്യപ്പെട്ടുകൊണ്ടും വേദനയനുഭവിക്കുന്ന സഹോദരങ്ങൾക്കു ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടും മണിപ്പൂർ ഐക്യദാർഢ്യദിനം ആചരിച്ച് യൂണിറ്റുകളിൽ പ്രാർത്ഥനായജ്ഞം, പ്രതിഷേധസമ്മേളനങ്ങൾ എന്നിവ നടത്തി.

**ഫൊറോന കമ്മറ്റികൾ**

**മൂലമറ്റം**

മൂലമറ്റം ഫൊറോന കമ്മറ്റി പ്രസിഡന്റ് അജിൻ പനച്ചിക്കലിന്റെ അധ്യക്ഷതയിൽ നടത്തി. ഡയറക്ടർ ഫാ. കുര്യൻ കാലായിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. രൂപതാഭാരവാഹികളായ എമ്മാനുവൽ നിധീരി, ജോസ് വട്ടുകുളം, ഫ്രാൻസിസ് കരിമ്പാനി തുടങ്ങിയവർ സംബന്ധിച്ചു.

**യൂണിറ്റുതല സമ്മേളനങ്ങൾ**

**കുറവിലങ്ങാട്**

കുറവിലങ്ങാട് യൂണിറ്റിന്റെ നേതൃത്വത്തിൽ മണിപ്പൂർ ഐക്യദാർഢ്യ ഉപവാസപ്രാർത്ഥനയും സമ്മേളനവും നടത്തി. യൂണിറ്റ് പ്രസിഡന്റ് ബ്രൈബസ് വെള്ളാരംകാല, റെജി പടിഞ്ഞാറേട്ട് തുടങ്ങിയവർ നേതൃത്വം നൽകി.

**മരങ്ങോലി**

മരങ്ങോലി യൂണിറ്റിന്റെ നേതൃത്വത്തിൽ മണിപ്പൂർ ഐക്യദാർഢ്യപ്രാർത്ഥനയും പ്രതിജ്ഞയും നടത്തി. റവ. ഫാ. ജോസഫ് പര്യാത്ത്, ഫ്രാൻസിസ് കൊച്ചുമലയിൽ, ബെന്നി കൊഴുപ്പൻകുറ്റി എന്നിവർ നേതൃത്വം നല്കി.

**കാഞ്ഞിരത്താനം**

കാഞ്ഞിരത്താനം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ മണിപ്പൂർ ഐക്യദാർഢ്യ സമ്മേളനവും പ്രാർത്ഥനയും നടത്തി. റവ.ഫാ. ജയിംസ് വയലിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. രാജ് നെടുമറ്റം, സാബു നടുവിലേക്കുറ്റ്, ജോസ് വട്ടുകുളം എന്നിവർ നേതൃത്വം നൽകി.

**മേലുകാവുമറ്റം**

മേലുകാവുമറ്റം യൂണിറ്റിന്റെ നേതൃത്വത്തിൽ മണിപ്പൂർ കൂട്ടുകുരുതിക്കെതിരേ സമാധാനറാലിയും പ്രാർത്ഥനയും നടത്തി. റവ. ഫാ. ജോർജ് കാരാംവേലി, ജോർജ് വട്ടക്കാനായിൽ, ജോഫി പാമ്പയ്ക്കൽ തുടങ്ങിയവർ നേതൃത്വം നല്കി. രാജീവ് കൊച്ചുപറമ്പിൽ മുഖ്യപ്രഭാഷണം നടത്തി.

**മുട്ടം സിബിഗിരി**

സിബിഗിരി യൂണിറ്റിന്റെ സമ്മേളനം ജോസ് മറ്റത്താനികൂട്ടിന്റെ അധ്യക്ഷതയിൽ നടത്തി. ഡയറക്ടർ റവ.ഫാ. ജോൺ പാളിത്തോട്ടം സമ്മേളനം ഉദ്ഘാടനം ചെയ്തു.

2023 ജൂലൈ 3 ലെ രൂപതാതല സഭാദിനാചരണവും സമുദായസംഗമവും സിബിഗിരിയിൽവച്ചു നടത്തുന്നതിനു തീരുമാനിച്ചു. അതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്യുന്നതിന് ഡയറക്ടറുടെ നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിച്ചു.

മണിപ്പൂർ ഐക്യദാർഢ്യപ്രതിജ്ഞയും പ്രാർത്ഥനയും നടത്തി. രൂപത യൂത്ത് കോർഡിനേറ്റർ എഡ്വിൻ പാപ്പാറ തുടങ്ങിയവർ നേതൃത്വം നൽകി.

**ശ്രീ ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**സാൻതോം ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ഓഫീസിന്റെയും അഗ്രിമാ സെൻട്രൽ നേഴ്സറിയുടെയും ഉദ്ഘാടനം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ നേതൃത്വത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനിയുടെ രൂപീകരണത്തിന്റെ ഭാഗമായി കൃഷിവകുപ്പിന്റെ കീഴിൽ രൂപീകരിച്ച സാൻതോം ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ ഓഫീസിന്റെയും അഗ്രിമ സെൻട്രൽ നേഴ്സറിയുടെയും ഉദ്ഘാടനം നടന്നു. പാലാ മുണ്ടുപാലം സ്റ്റീൽ ഇന്ത്യാ ഗ്രൗണ്ടിനു സമീപമാണ് അഗ്രിമ സെൻട്രൽ നേഴ്സറി ആരംഭിച്ചിരിക്കുന്നത്.

പാലാ രൂപത പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ ജോസഫ് തടത്തിലിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ വച്ച് പാലാ രൂപത മെത്രാൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനവും വെഞ്ചെരിപ്പും നടത്തി. അഗ്രിമ സെൻട്രൽ നേഴ്സറിയുടെ വിപണനോദ്ഘാടനം മാണി സി. കാപ്പൻ എം.എൽ.എ. നിർവഹിച്ചു. പാലാ മുനിസിപ്പൽ ചെയർപേഴ്സൺ ജോസിൻ ബിനോയി, മോൺ സെബാസ്റ്റ്യൻ വേത്താനത്ത്, ട്രഷറർ ഫാ. ജോസ് മുത്തനാട്ട്, പി.എസ്.ഡബ്ല്യു. എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, അസി. ഡയറക്ടർമാരായ ഫാ. ജോർജ് വടക്കേത്തൊട്ടിയിൽ, ഫാ. ജോസഫ് താഴത്തുവരിക്കയിൽ, മുനിസിപ്പൽ സ്റ്റാന്റിങ് കമ്മറ്റി ചെയർമാൻ ശ്രീ ഷാജു വി. തുരുത്തേൽ, ഡാന്റീസ് കൂനാനിക്കൽ, സിബി കണിയാംപടി തുടങ്ങിയവർ പ്രസംഗിച്ചു.

**അഗ്രിമ സെൻട്രൽ നഴ്സറി**

പി.എസ്.ഡബ്ല്യു.എസ്. സാൻതോം ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ ആഭിമുഖ്യത്തിൽ പാലാ മുണ്ടുപാലം സ്റ്റീൽ ഇന്ത്യ ഓഫീസിനുസമീപം ആരംഭിച്ചിരിക്കുന്നു. അഗ്രിമ സെൻട്രൽ നേഴ്സറിയിൽ 100 ൽ പരം വിദേശ പഴവർഗ്ഗ ചെടികൾ, വിവിധയിനം പ്ലാവ്, മാവ്, തെങ്ങ് എന്നിവയും പൂച്ചെടികൾ, മറ്റു ഫല വൃക്ഷത്തൈകൾ എന്നിവയുടെ ലഭ്യമാണ്. കൂടാതെ, നഴ്സറിയുടെ സമീപത്താരംഭിച്ച ഫലവൃക്ഷത്തൈകളുടെ നടീൽ ഉദ്ഘാടനം പാലാ രൂപത മെത്രാൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു.

**കുടുംബോദ്ധാരണപദ്ധതി പുതിയ 225 കുടുംബങ്ങളെക്കൂടി ഏറ്റെടുക്കുന്നു.**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി സേവ് എ ഫാമിലി പ്ലാനിന്റെ സഹകരണത്തോടെ നടപ്പിലാക്കിവരുന്ന കുടുംബോദ്ധാരണപദ്ധതിയിലേക്ക് പുതിയ 225 കുടുംബങ്ങളെക്കൂടി എടുക്കുന്നു. പ്രത്യക്ഷത്തിൽ ദരിദ്രരായ, 13 വയസ്സിൽ താഴെപ്രായമുള്ള കുട്ടികളുള്ള കുടുംബത്തെയാണ് പദ്ധതിയിൽ അംഗമാക്കുക. കൂടാതെ, ക്യാൻസർ, മാനസിക - ശാരീരികവൈകല്യങ്ങൾ, ക്ഷയം എന്നിവയിൽ ഏതെങ്കിലുമുള്ളവരോ, വിധവകളോ ഉള്ള കുടുംബം ആയിരിക്കണം.

പദ്ധതിയിൽ അംഗമായി തിരഞ്ഞെടുക്കപ്പെട്ടാൽ ആറു വർഷംകൊണ്ട് ഒരു ലക്ഷത്തിലധികം രൂപയുടെ ധനസഹായം ഓരോ കുടുംബാംഗത്തിനും ലഭിക്കും. സ്വയംതൊഴിൽ ചെയ്യുന്നതിനാണ് പ്രസ്തുത ധനസഹായം ലഭിക്കുക. താത്പര്യമുള്ളവർ പി.എസ്.ഡബ്ല്യു.എസിൽ പേര് നൽകുക.

**തൈവിതരണം**

പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിലും സെൻട്രൽ നഴ്സറിയിലും കുറ്റ്യാടി, ലക്ഷദ്വീപ് തെങ്ങ്, ഗംഗാബോണ്ടം, മലയൻ പച്ച, ഗൗളി, പതിനെട്ടാം പട്ട, D x T, T x D കേരശ്രീ, വണ്ണകി തുടങ്ങിയ വിവിധയിനം തെങ്ങിൻതൈകളുടെ വിതരണം ആരംഭിച്ചു.

**കാടവിതരണം**

പാലാ അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽ വച്ചു മുട്ടകാടക്കുഞ്ഞുങ്ങളെ വിതരണം നടത്തി.

**ലോകപരിസ്ഥിതിദിനാചരണം**

മനുഷ്യജീവന്റെ മഹത്ത്വം ഉൾകൊണ്ടുള്ളതാവണം പരിസ്ഥിതിസംരക്ഷണമെന്ന് മാർ ജോസഫ് കല്ലറങ്ങാട്ട്. പരിസ്ഥിതിബോധത്തിൽ അടിയുറച്ച ദൈവശാസ്ത്രബോധനമാണ് സഭയുടെ മുഖമുദ്രയെന്ന് പിതാവ് ഓർമിപ്പിച്ചു. മനുഷ്യർക്കൊപ്പം മറ്റു ജന്തുവർഗങ്ങൾക്കും ജീവിക്കാനവകാശമുണ്ടെന്നും എന്നാൽ, മനുഷ്യജീവന്റെ മഹത്ത്വം ഉയർത്തിപ്പിടിക്കുന്നതാവണം പരിസ്ഥിതിസംരക്ഷണമെന്നും പിതാവ് തുടർന്നു പറഞ്ഞു. ലോകപരിസ്ഥിതിദിനാചരണത്തിന്റെ രൂപതാതല ഉദ്ഘാടനം നിർവഹിച്ചു. ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിൽ പ്രസംഗിക്കുകയായിരുന്നു ബിഷപ്. മെഡിസിറ്റി മാനേജിംഗ് ഡയറക്ടർ മോൺ. ജോസഫ് കണിയോടിക്കൽ അധ്യക്ഷത വഹിച്ചു. മലിനീകരണനിയന്ത്രണ ബോർഡ് ജില്ലാ എഞ്ചിനീയർ ബിജു ബി., പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, മെഡിസിറ്റി ഡയറക്ടർമാരായ ഫാ. ജോസ്, കീരഞ്ചിറ, ഫാ. ഇമ്മാനുവൽ പാറേക്കാട്ട്, ഫാ. മാത്യു ചേന്നാട്ട്, ഫാ. മാണി കൊഴുപ്പൻകുറ്റി, ഫാ. തോമസ് മണ്ണൂർ, ഡോ. സാബു ഡി മാത്യു, ഡാന്റീസ് കൂനാനിക്കൽ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

പരിസ്ഥിതിദിനാചരണത്തിന്റെ ഭാഗമായി പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ അഗ്രിമ സെൻട്രൽ കാർഷികനേഴ്സറിയുടെ ആഭിമുഖ്യത്തിൽ വിവിധ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും സഹകരണത്തോടെ ഫലവൃക്ഷത്തൈകൾ, പച്ചക്കറിത്തൈകൾ എന്നിവയുടെ വിതരണവും തൈനടീലും നടന്നു. വിദേശയിനങ്ങളടക്കം വിവിധയിനം ഫലവൃക്ഷത്തൈകൾ സബ്സിഡി നിരക്കിൽ പാലാ അഗ്രിമ സെൻട്രൽ നഴ്സറിയിൽനിന്നു ലഭ്യമാണ്.

**പരിസ്ഥിതിദിനാചരണം വിവിധ ഇടവകകളിൽ**

പരിസ്ഥിതിദിനാചരണത്തിന്റെ ഭാഗമായി പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ നേതൃത്വത്തിൽ വിവിധ ഇടവകകളിൽ സ്വയംസഹായസംഘങ്ങൾ, കർഷകദളങ്ങൾ, സ്വാശ്രയസംഘങ്ങൾ തുടങ്ങിയവർ ഫലവൃക്ഷത്തൈകൾ പള്ളിയങ്കണത്തിലും പൊതുസ്ഥലങ്ങളിലും നടുകയുണ്ടായി.

**ആശാകിരണം – ക്യാൻസർ സുരക്ഷായജ്ഞം**

ആശാകിരണം പദ്ധതിയിൽ ഉൾപ്പെടുത്തി ക്യാൻസർ രോഗബാധിതരായ കുടുംബങ്ങളിലെ അമ്പതിലധികം കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. സ്കൂൾ ബാഗ്, കുട, നോട്ടുബുക്കുകൾ, പെൻസിൽബോക്സുകൾ തുടങ്ങിയവയാണ് കിറ്റിലുണ്ടായിരുന്നത്.

**എസ്.എസ്.എൽ.സി., പ്ലസ്ടു പരീക്ഷകളിൽ മികച്ച വിജയം ലഭിച്ചവരെ ആദരിച്ചു**

പി.എസ്.ഡബ്ല്യു.എസ്. സ്വയംസഹായസംഘങ്ങൾ, സ്വാശ്രയസംഘങ്ങൾ അംഗങ്ങളുടെ കുട്ടികളിൽ മികച്ച വിജയം ലഭിച്ചവരെ സോണൽ, ഇടവകതലത്തിൽ ഡയറക്ടറച്ചന്മാരുടെ നേതൃത്വത്തിൽ ആദരിച്ചു.

**സജീവം – ലഹരി വിരുദ്ധയജ്ഞം**

സജീവം പദ്ധതിയുടെ ഭാഗമായി സജീവം ലോഗോ ഡിസൈൻ, ടാഗ്‌ലൈൻ സൃഷ്ടിക്കൽ സംസ്ഥാനതലമത്സരത്തിൽ രൂപതയിലെ വിവിധ കോളജ് വിദ്യാർത്ഥികൾ സംഘടനാംഗങ്ങൾ തുടങ്ങിയവരെ പങ്കെടുപ്പിച്ചു.

**സജീവം – ബോധവത്കരണ ക്ലാസ്**

രൂപതയിലെ ഡി.സി.എം.എസ്. സംഘടനയിലെ യുവതീയുവാക്കൾക്കായി ശ്രീ ഫിലിപ് തോമസ്, സിവിൽ പോലീസ് ഓഫീസർ, എക്സൈസ് ഓഫീസർ തുടങ്ങിയവർ നേതൃത്വത്തിൽ ക്ലാസ് നടത്തി. 150 ഓളം പേർ പരിപാടിയിൽ പങ്കെടുത്തു. ഡിസിഎംഎസ് രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ്, പി.എസ്. ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ എസ്.എം.വൈ.എം. കുറവിലങ്ങാട് സോണിൽ ലഹരിവിരുദ്ധറാലിയും ബോധവത്കരണക്ലാസും നടത്തി. ശ്രീ ദീപേഷ്, സിവിൽ പോലീസ് ഓഫീസർ, എക്സൈസ്, കുറവിലങ്ങാട് ക്ലാസുകൾ നയിച്ചു. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, എസ്. എം.വൈ.എം. കുറവിലങ്ങാട് സോൺ ഡയറക്ടർ ഫാ. ജോസഫ് ആലാനി, വയലാ പള്ളി വികാരി ഫാ. ജോസ് കോട്ടയിൽ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**സജീവം ടാസ്ക് ഫോഴ്സ് രൂപീകരണം**

സജീവം ലഹരിവിരുദ്ധയജ്ഞത്തിന്റെ ഭാഗമായി രൂപതയിലെ എസ്.എം. വൈ.എം. സംഘടനയിലെ അംഗങ്ങളെ ഉൾപ്പെടുത്തി ടാസ്ക് ഫോഴ്സ് രൂപീകരിക്കാൻ തീരുമാനിച്ചു. ഇടവകതലത്തിലും രൂപതാതലത്തിലും ലഹരിവിരുദ്ധപ്രവർത്തനങ്ങൾക്ക് നായകത്വം വഹിക്കുകയാണ് ടാസ്ക്ഫോഴ്സ് അംഗങ്ങളുടെ ചുമതല. 'പടയൊരുക്കം' എന്ന പേരിൽ 2023 ജൂൺ 25 ഉച്ചയ്ക്ക് 2 മണിക്ക് നെല്ലിയാനി സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് പാരിഷ് ഹാളിൽ ടാസ്ക് ഫോഴ്സ് അംഗത്വവിതരണം നടത്തുകയാണ്. ശ്രീ പത്മകുമാർ (മുൻസിഫ് മജിസ്ട്രേറ്റ് എറണാകുളം) മുഖ്യപ്രഭാഷണം നടത്തുന്നു.

**സ്വാശ്രയസംഘം കർഷകദള ഫെഡറേഷൻ വാർഷികങ്ങൾ**

മണ്ണാറപ്പാറ, അമ്പാറനിരപ്പേൽ, ജയ്ഗിരി എന്നീ സ്വാശ്രയസംഘങ്ങളുടെ വാർഷികങ്ങൾ നടത്തി.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)
**ഫാ. ജോസഫ് താഴത്തുവരിക്കയിൽ**
**ഫാ. ജോർജ് വടക്കേത്തൊട്ടിയിൽ**
(അസി. ഡയറക്ടേഴ്സ്)

# ഡി.സി.എം.എസ്.

**രൂപതാവാർഷികസമ്മേളനവും**
**കെ.സി.ബി.സി. സ്കോളർഷിപ്പ് വിതരണവും**

2023 ജൂൺ 3-ാം തീയതി ഷാലോം പാസ്റ്ററൽ സെന്ററിൽവച്ച് രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോണിന്റെ അധ്യക്ഷതയിൽ രൂപതാവാർഷികം നടത്തപ്പെട്ടു. പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് രൂപത വാർഷികസമ്മേളനം ഉദ്ഘാടനം ചെയ്തു. രൂപത സെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി വാർഷികറിപ്പോർട്ടും രൂപത ഖജാൻജി ശ്രീമതി മേരി എം.പി. വാർഷിക കണക്കും അവതരിപ്പിച്ചു പാസ്സാക്കി. പ്രസ്തുത സമ്മേളനത്തിൽവച്ച് പാലാ രൂപതാംഗങ്ങളായ ദളിത് കത്തോലിക്കാ വിദ്യാർത്ഥികൾക്ക് കെ.സി.ബി.സി എസ ്.സി/എസ്.ടി/ബി.സി കമ്മീഷന്റെ സ്കോളർഷിപ്പ് കെ.സി.ബി.സി എസ്.സി/എസ്.ടി/ബി.സി കമ്മീഷൻ ചെയർമാൻ ഗീവർഗ്ഗീസ് മാർ അപ്രേം പിതാവ് വിതരണം ചെയ്തു. കെ.സി.ബി.സി എസ്.സി/എസ്.ടി/ബി.സി കമ്മീഷൻ സെക്രട്ടറിയും ഡി.സി.എം.എസ്. രൂപത ഡയറക്ടറുമായ ഫാ. ജോസ് വടക്കേക്കുറ്റ് യോഗത്തിന് സ്വാഗതം ആശംസിച്ചു. കെ.സി.ബി.സി എസ്.സി/എസ്.ടി/ബി.സി കമ്മീഷൻ ജോയിന്റ് സെക്രട്ടറി ശ്രീ ജെയിംസ് ഇലവുങ്കൽ മുഖ്യപ്രഭാഷണം നടത്തി. രൂപത പാസ്റ്ററൽ സെക്രട്ടറി ശ്രി സിജു സെബാസ്റ്റ്യൻ ഡി.സി.എം.എസ് സംസ്ഥാന സെക്രട്ടറി ബിജി സാലസ് എന്നിവർ യോഗത്തിന് ആശംസയർപ്പിച്ചു. രൂപതാവാർഷികദിനത്തിൽ ബെസ്റ്റ് മേഖലകളായ കുറവിലങ്ങാട്, മുട്ടുചിറ എന്നീ മേഖലകൾക്കും ബെസ്റ്റ് യൂണിറ്റുകളായ മരങ്ങോലി, കാളികാവ് യൂണിറ്റുകൾക്കും രൂപതാധ്യാക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് മെമന്റോ നൽകി ആദരിച്ചു. രൂപത ഓർഗനൈസർ ശ്രീ ബേബി പാറയ്ക്കൽ, രൂപത വൈസ് പ്രസിഡന്റ് ശ്രീമതി ഫെമിന സിബിച്ചൻ എന്നിവർ യോഗത്തിൽ സംസാരിച്ചു.

**നാമഹേതുകത്തിരുനാൾ ആശംസകളർപ്പിച്ചു**

2023 ജൂൺ 18-ന് നാമഹേതുകത്തിരുനാൾ ആഘോഷിക്കുന്ന കെ.സി. ബി.സി എസ്.സി/എസ്.ടി/ബി.സി കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ അപ്രേം പിതാവിന് ഡി.സി.എം.എസ്. പാലാ രൂപത സമിതി നാമഹേതുക തിരുനാൾ ആശംസകളർപ്പിച്ചു.

**രൂപത കമ്മിറ്റി**

2023 ജൂൺ 25-ാം തീയതി രാവിലെ 10.30 ന് ഷാലോം പാസ്റ്ററൽ സെന്ററിൽവച്ച് രൂപത പ്രസിഡന്റ് ശ്രീ ബിനോയി ജോണിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് സന്ദേശം നൽകി. രൂപത സെക്രട്ടറി ശ്രീമതി ബിന്ദു ആന്റണി റിപ്പോർട്ടും ഖജാൻജി ശ്രീമതി മേരി. എം.പി കണക്കും അവതരിപ്പിച്ചു. തുടർന്ന് മറ്റു വിഷയങ്ങളെക്കുറിച്ച് ചർച്ചകൾ നടത്തി.

**കടനാട് മേഖലാവാർഷികം**

ഡി.സി.എം.എസ്. കടനാട് മേഖലയുടെ വാർഷികം 25-6-2023 ഞായ

റാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് സെന്റ് സെബാസ്റ്റ്യൻ ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് നടത്തുകയുണ്ടായി. മേഖല പ്രസിഡന്റ് മധു സെബാസ്റ്റ്യൻ അധ്യ ക്ഷത വഹിച്ചു. മേഖല സെക്രട്ടറി റ്റോണി ജേക്കബ് സ്വാഗതവും ജോയിന്റെ സെക്രട്ടറി ശ്രീമതി ലിസി ബാബു റിപ്പോർട്ടും അവതരിപ്പിച്ചു. സമ്മേളന ഉദ്ഘാ ടനം കടനാട് ഫൊറോന വികാരി വെരി റവ.ഫാ. അഗസ്റ്റ്യൻ അരഞ്ഞാണി പുത്തൻപുര ഔപചാരികമായി നിർവഹിച്ചു. ഡി.സി.എം.എസ്. സംസ്ഥാന ഡയ റക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് മുഖ്യപ്രഭാഷണം നടത്തുകയും പ്രതിഭാശാലി കളായ കുട്ടികൾക്കു സമ്മാനം നല്കുകയും ചെയ്തു. ഡി.സി.എം.എസ്. കട നാട് മേഖല ഡയറക്ടർ ഫാ. ഐസക് പെരിങ്ങാമലയിൽ, ഡി.സി.എം.എസ്. രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ എന്നിവർ ആശംസകൾ നേർന്നു പ്രസംഗിച്ചു. സമ്മേളനത്തിനിടയിൽ ആലപിച്ച സംഗീതങ്ങൾ യോഗങ്ങൾക്കു മാറ്റുകൂട്ടി. മേഖല ഓർഗനൈസർ ശ്രീ ബേബി ആന്റണി കൃതജ്ഞത അർപ്പിച്ചു. ഡി.സി.എം.എസ്. ആന്തത്തിനുശേഷം നടന്ന സ്നേഹവിരുന്നോടെ സമ്മേളനം സമാപിച്ചു.

**റിസോഴ്സ് ടീം ട്രെയിനിങ് ക്യാമ്പ്**

2023 ആഗസ്റ്റ് മാസംമുതൽ ഒരു വർഷം നീണ്ടുനില്ക്കുന്ന റിസോഴ്സ് ടീം ട്രെയിനിങ് ക്യാമ്പ് ദളിത് കത്തോലിക്കാ യുവജനങ്ങൾക്കായി ആരംഭിക്കു ന്നതാണ്. ആഗസ്റ്റ് രണ്ടാം ശനിയാഴ്ച രാവിലെ ആരംഭിച്ച് ഞായറാഴ്ച വൈകു ന്നേരം ക്യാമ്പ് സമാപിക്കുന്നതാണ്. പ്ലസ്ടു കഴിഞ്ഞ് ഡിഗ്രി പഠിക്കുന്നവരും ഡിഗ്രി, പിജി വിദ്യാഭ്യാസം പൂർത്തിയാക്കിയവരും ഉദ്യോഗാർത്ഥികളുമായ ദളിത് കത്തോലിക്കാ യുവജനങ്ങളുടെ ലിസ്റ്റ് ജൂലൈ 31 നുള്ളിൽ രൂപത ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

**1.** പുലിയന്നൂർ ഡി.സി.എം.ആർ. സ്പെഷൽ സ്കൂളിൽ സന്ദർശനം നടത്തി

**2.** അന്തീനാട് ശാന്തിനിലയം സ്പെഷൽ സ്കൂളിലെയും കൊച്ചിടപ്പാടി സ്നേഹാരാം സ്പെഷൽ സ്കൂളിലെയും കുട്ടികളെ സ്പെഷൽ ഒളിമ്പിക്സിൽ പങ്കെടുക്കുവാൻ ജർമ്മനിയിലേക്ക് പ്രാർത്ഥനാപൂർവ്വം യാത്രയയച്ചു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**1. അംഗത്വമേള**

കൂടുതൽ ആൾക്കാരെ ക്ഷേമനിധിയിൽ ഉൾപ്പെടുത്താൻ ചേർപ്പുങ്കൽ ഇടവകയിൽ കെ.എൽ.എം. അംഗത്വമേള നടത്തി.

മീനച്ചിൽ ഇടവകയിലും അംഗത്വമേള നടത്താൻ തീരുമാനിച്ചു.

**2. മീറ്റിംഗ്**

കെ.എൽ.എം പ്രസിഡന്റ്, സെക്രട്ടറി എന്നിവർ എറണാകുളം പി.ഒ., സി-യിൽ വച്ചു നടന്ന മീറ്റിംഗിൽ സംബന്ധിച്ചു.

**2. ക്ഷേമപെൻഷനുകൾ**

1. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി
2. അസംഘടിത തൊഴിലാളി ക്ഷേമനിധി
3. കർഷകത്തൊഴിലാളി ക്ഷേമനിധി
4. മോട്ടോർ തൊഴിലാളി ക്ഷേമനിധി
5. തയ്യൽ തൊഴിലാളി ക്ഷേമനിധി

വിവിധ ക്ഷേമനിധികളിലേക്കുള്ള അംഗങ്ങളെ ചേർക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വിശദവിവരങ്ങൾക്ക് ഷാലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം ഓഫീസിലോ താഴെ കാണുന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക. Mob: **8304981275** (O), **9400661492** (P)

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

## അഡാർട്ട്

**ബോധവത്കരണക്ലാസുകൾ**

മേയ് 11, 12 തീയതികളിൽ അടിച്ചിറ ആമോസ് സെന്ററിൽ വെച്ച് കെ.എസ്.എസ്.എസ്.ന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനതലത്തിൽ ലഹരിക്കെതിരായുള്ള ബോധവത്കരണക്ലാസുകൾ നടത്തി. ആദ്യദിനം എൻ.എം. സെബാസ്റ്റ്യൻ ക്ലാസുകൾ നയിച്ചു. അഡാർട്ട് പ്രതിനിധികൾ ക്ലാസിൽ സംബന്ധിക്കുകയും ചെയ്തു.

**ലോകപുകയിലവിരുദ്ധദിനാചരണം**

ലോകപുകയിലവിരുദ്ധദിനമായ മേയ് 31 ന് അഡാർട്ടിൽവച്ച് പുകയിലവിരുദ്ധ സെമിനാർ നടത്തപ്പെട്ടു. അഡാർട്ട് ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ അധ്യക്ഷത വഹിച്ച സെമിനാറിന്റെ ഉദ്ഘാടനം പാലാ മുൻസിഫ് പ്രിയങ്ക പോൾ നിർവഹിച്ചു. മരങ്ങാട്ടുപിള്ളി എസ്.എം.ഇ.യിലെ വിദ്യാർത്ഥികൾ സെമിനാറിൽ പങ്കെടുത്തു. പാലാ ലീഗൽ സർവീസ് കമ്മീഷൻ മെമ്പർ പ്രൊഫ. കെ.പി. ജോസഫ് മുഖ്യപ്രഭാഷണം നടത്തി.

**ലോകലഹരിവിരുദ്ധദിനം**

ലോക ലഹരിവിരുദ്ധദിനമായ ജൂൺ 26 നോടനുബന്ധിച്ച് അഡാർട്ടിന്റെ ആഭിമുഖ്യത്തിൽ സ്കൂളുകൾ കേന്ദ്രീകരിച്ച് വിവിധ ലഹരിവിരുദ്ധ ബോധവത്കരണ പരിപാടികൾ ആരംഭിച്ചു. ഒരു മാസത്തെ പ്രോഗ്രാമുകളാണ് നടപ്പാക്കുന്നത്.

**ലഹരിവിരുദ്ധദിനം പ്രോഗ്രാം ഉദ്ഘാടനം**

ലോകലഹരിവിരുദ്ധദിനത്തോടനുബന്ധിച്ച് ഒരു മാസം നീണ്ടുനില്ക്കുന്ന വിവിധ പ്രോഗ്രാമുകളുടെ ഉദ്ഘാടനം സെന്റ് തോമസ് സ്കൂൾ ഹാളിൽ നടത്തപ്പെട്ടു.

**ലഹരിവിരുദ്ധദിനാചരണം അഡാർട്ടിൽ**

ജൂൺ 25 ഞായറാഴ്ച അഡാർട്ടിൽ ലഹരിവിരുദ്ധദിനാചരണം നടത്തപ്പെട്ടു. ഉച്ചയ്ക്ക് 1.30 ന് നടന്ന സമ്മേളനത്തിൽ ഡയറക്ടർ ഫാ. ജെയിംസ് പൊരുന്നോലിൽ മുഖ്യപ്രഭാഷണം നടത്തി. ശ്രീ എൻ.എം. സെബാസ്റ്റ്യൻ ക്ലാസ് നയിച്ചു. എ.എ, അൽ-അനോൺ, അൽ-അറ്റീൻ അംഗങ്ങൾ യോഗത്തിൽ സംബന്ധിച്ചു.

**ലഹരിവിരുദ്ധക്ലാസുകൾ**

സ്കൂളുകൾ കേന്ദ്രീകരിച്ച് കുട്ടികളുടെയിടയിൽ പ്രവർത്തിക്കുന്ന അഡാർട്ട് ക്ലബിന്റെ ഭാഗമായി സ്കൂളുകളിൽ ലഹരിവിരുദ്ധബോധവത്കരക്ലാസുകൾ, വിവിധ സമ്പർക്കപ്രവർത്തനങ്ങൾ തുടങ്ങിയവ സംഘടിപ്പിച്ചു. ചൂണ്ടച്ചേരി സാൻജോസ് പബ്ലിക് സ്കൂൾ, വിളക്കുമാടം സെന്റ് ജോസഫ് ഹയർ സെക്കൻഡറി & ഹൈസ്കൂൾ, ഭരണങ്ങാനം അൽഫോൻസാ റെസിഡൻഷ്യൽ സ്കൂൾ, എസ്.എച്ച്. ഹൈസ്കൂൾ ഭരണങ്ങാനം, സെന്റ് മേരീസ് ഹയർ സെക്കൻഡറി & ഹൈസ്കൂൾ എന്നിവിടങ്ങൾ കേന്ദ്രീകരിച്ചാണ് നടത്തപ്പെട്ടത്.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

---

# ബൈബിൾ അപ്പോസ്തലേറ്റ്

---

**ലോഗോസ് ക്വിസ് 2023**

ലോഗോസ് ക്വിസ് മത്സരത്തിന്റെ രജിസ്ട്രേഷൻ ആരംഭിച്ചു. അവസാനിക്കുന്നത് ജൂലൈ 31. മത്സരത്തിന്റെ നോട്ടീസ്, പോസ്റ്റർ എന്നിവ ലഭിച്ചു എന്നു കരുതുന്നു.

പ്രധാന തീയതികൾ :

മത്സരത്തിൽ പങ്കെടുക്കുവാൻ പേര്, സെന്റർ ഇൻ ചാർജിന്റെ പക്കൽ നല്കേണ്ട അവസാന ദിവസം ജൂലൈ 31.

രജിസ്ട്രേഷൻ ഷീറ്റ്, ഫീസ് എന്നിവ രൂപത ഓഫീസിൽ ഏല്പിക്കേണ്ട അവസാന ദിവസം ആഗസ്റ്റ് 8 ആണ്.

പഠനവിഷയം : ജോഷ്വാ 13-24, പ്രഭാഷകൻ 27-33
ലൂക്കാ 1-8, 2 കോറിന്തോസ് 1-6

സെപ്തംബർ 10 മുതൽ ഹാൾ ടിക്കറ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

പരീക്ഷാത്തീയതി : 2023 സെപ്തംബർ 24

സമയം : 2.00 pm- 3.30 pm

ലോഗോസ് പഠനസഹായിയുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**ബൈബിൾ കോഴ്സ്**

ബൈബിൾ അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ബൈബിൾ കോഴ്സിന്റെ ജൂൺ മാസത്തെ ക്ലാസ് 10 ന് ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ നയിച്ചു. ജൂലൈ മാസത്തിലെ ക്ലാസ് 8 ന് നടക്കും.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

**1.** തിങ്കൾ, ചൊവ്വാ, ബുധൻ, വ്യാഴം ദിവസങ്ങളിൽ ഷാലോമിൽ വച്ച് മധ്യസ്ഥ പ്രാർത്ഥന നടന്നു.

**2.** ജൂൺ 6, 20 തീയതികളിൽ വിവാഹ ഒരുക്ക സെമിനാറിൽ ക്ലാസ്സെടുത്തു.

**3.** ബൈബിൾ കൺവൻഷൻ വോളന്റിയേഴ്സിനുള്ള ഒരുക്കശുശ്രൂഷകൾ ആരംഭിച്ചു.

**4.** കാഞ്ഞിരപ്പള്ളി അമൽ ജ്യോതി കോളജിന്റെ സംരക്ഷണാർത്ഥം സംഘടിപ്പിച്ച പ്രതിഷേധറാലിയിലും പൊതുസമ്മേളനത്തിലും പങ്കെടുത്തു.

**5. തെരുവുശുശ്രൂഷകൾ**

മേയ് 9, 12, 16, 23, 26, 31 തിയതികളിൽ പൊന്തൻപുഴ

മേയ് 19 തടിയമ്പാട്

ജൂൺ 6 പ്രവിത്താനം

ജൂൺ 20 ഇടുക്കി - മരിയാപുരം റിട്ട. എസ്.ഐ.റ്റി.എം മാത്യു ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**6. സിസ്റ്റേഴ്സ് സംഗമം**

ഇവാഞ്ചലൈസേഷൻ ശുശ്രൂഷകൾക്കു നേതൃത്വം വഹിക്കുന്ന ബഹു. സിസ്റ്റേഴ്സിന്റെ സംഗമം ജൂൺ 17 ന് ഷാലോം പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ചു. വികാരി ജനറാൾ പെരി. ബഹു. ജോസഫ് മലേപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു.

**ജാഗ്രതവാർത്തകൾ**

1. ഫൊറോനതല പരിശീലനങ്ങൾ

ജൂൺ 4 - ഭരണങ്ങാനം, പ്രവിത്താനം

ജൂൺ 11 - മൂലമറ്റം

ജൂൺ 18. - കടനാട്

ജൂൺ 25 - മുട്ടുചിറ

**2.** ജൂൺ 18 ന് കിഴപറയാർ ഇടവകയിൽ ജാഗ്രതാസെമിനാർ നടത്തി.

**3.** ജൂൺ 23, 24 തീയതികളിൽ P.O.Cയിൽ നടന്ന പരിശീലനപരിപാടിയിൽ അഞ്ചു പേർ പങ്കെടുത്തു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. പാലാ കത്തിഡ്രലിൽ വെള്ളിയാഴ്ചശുശ്രുഷകൾ**

ബഹുമാനപ്പെട്ട ഫാ. ജേക്കബ് വെള്ളമരുതുങ്കലച്ചന്റെ നേതൃത്വത്തിൽ എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9.15 മണി മുതൽ ഉച്ചയ്ക്ക് 2 മണിവരെയും ജപമാല, സ്തുതി ആരാധന, വിശുദ്ധകുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യാരാധന, എന്നീ ശുശ്രൂഷകൾ നടത്തപ്പെടുന്നു.

ജൂൺ മാസത്തിൽ ശ്രീമതി സുനു സാജ്, ബ്രദർ സണ്ണി പള്ളിവാതുക്കൽ, ബ്രദർ ജോർജ് ചെറുപുറം, ബ്രദർ ബിനോയി കാരക്കാട്ട്, ബ്രദർ ജോസഫ് പുഞ്ചവയൽ എന്നിവർ ഓരോ ആഴ്ചയിലും വചനശുശ്രൂഷയ്ക്കു നേതൃത്വം നൽകി.

**2. കരിസ്മാറ്റിക് സംഗമം**

പാലാ സോണൽ സേവനസമിതി ഡയറക്ടർ റവ.ഫാ. ജേക്കബ് വെള്ള മരുതുങ്കലച്ചന്റെ നേതൃത്വത്തിൽ പാലാ കിഴതടിയൂർ സെന്റ് ജോസഫ് ദൈവാല യത്തിൽവച്ച് ജൂൺ 3 ആദ്യശനി രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 2 വരെ കരിസ് മാറ്റിക് സംഗമം നടത്തപ്പെട്ടു. വിശുദ്ധ കുർബാന, വചനപ്രഘോഷണം ദിവ്യകാരു ണ്യാരാധന എല്ലാം മിനിസ്റ്ററികളുടെയും മീറ്റിംഗ് എന്നിങ്ങനെ ശുശ്രൂഷകൾ നടത്തിപ്പെട്ടു.

**3. സബ് സോൺ സംഗമം**

ഇടവക പ്രാർത്ഥനക്കൂട്ടായ്മകളെ ശക്തിപ്പെടുത്തുന്നതിനായി പാലാ A, പാലാ B, കടനാട്, അരുവിത്തുറ, ഭരണങ്ങാനം എന്നി സബ് സോണുകളിൽ സംഗമം നടത്തുകയുണ്ടായി.

**4. രാത്രിയാരാധന**

രൂപത കരിസ്മാറ്റിക് സേവനസമിതിയുടെ നേതൃത്വത്തിൽ മാസാവസാന ശനിയാഴ്ചകളിൽ ഭരണങ്ങാനം സെന്റ് അൽഫോൻസാ തീർത്ഥാടനദൈവാല യത്തിൽ നടന്നുവരുന്ന രാത്രിയാരാധന വൈകിട്ട് 7 മണി മുതൽ രാവിലെ 5 വരെ നടത്തപ്പെട്ടു. ജൂൺ 24 ശനി ബ്രദർ അനിൽ അമയന്നൂർ വചനശുശ്രൂഷയും ആരാധനയും നയിച്ചു.

തീർത്ഥാടനകേന്ദ്രം ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ, കരിസ് മാറ്റിക് രൂപത ഡയറക്ടർ റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, രൂപത സേവന സമിതിയംഗങ്ങൾ എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**5. ലൈഫ് ഇൻ ദ സ്പിരിറ്റ് സെമിനാർ (LSS)**

ഫിസിക്കലായി അരുവിത്തുറ സബ് സോണിൽ എല്ലാ ബുധനാഴ്ചകളിലും ഒരു മണിമുതൽ 4 മണിവരെയായി 7 ആഴ്ചകൾകൊണ്ടു പൂർത്തിയാകുന്ന സെമിനാർ നടന്നുകൊണ്ടിരിക്കുന്നു.

**6. ജൂബിലേവൂസ് 2026**

കേരള കത്തോലിക്ക കരിസ്മാറ്റിക് നവീകരണ സുവർണ്ണജൂബിലി സഹസ്രദിന ഒരുക്കത്തിന്റെ ഭാഗമായി ജൂൺ 10 ശനിയാഴ്ച തൃശ്ശൂർ ജെറുസലേം ധ്യാനകേന്ദ്രത്തിൽവച്ച് 1000 കരിസ്മാറ്റിക് ലീഡേഴ്സ് സംഗമത്തിൽ പാലാ സോണിൽനിന്ന് ഡയറക്ടർ ബഹുമാനപ്പെട്ട ജേക്കബ് വെള്ളമരുതുങ്കലച്ചന്റെ നേതൃത്വത്തിൽ 50 ഓളം പേർ പങ്കുകൊണ്ടു.

**7. യുവജനധ്യാനം**

പാലാ സോൺ യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ പാലാ ക്രിസ്തുജ്യോതി ധ്യാനകേന്ദ്രത്തിൽവച്ച് നൂറോളം യുവജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് മൂന്നു ദിവ സത്തെ യുവജനധ്യാനം നടത്തുകയുണ്ടായി.

**8.** തീക്കോയി ഇടവകയിൽ ഭവനമില്ലാത്ത ഒരു കുടുംബത്തിന് വീട് പണിതു കൊണ്ടിരിക്കുന്നു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)

# ജീസസ് ഫ്രട്ടേണിറ്റി

**യൂണിറ്റ് സമ്മേളനങ്ങൾ**

മീനച്ചിൽ സബ് ജയിൽ പാലായിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ജീസസ് ഫ്രട്ടേണിറ്റി പാലാ യൂണിറ്റിലെ അംഗങ്ങൾ മേയ് മാസം 7 നും ജൂൺ 4 നും പാലാ അഡാർട്ടിൽ ഒത്തുചേർന്ന് തടവറയിൽ കഴിയുന്ന വർക്കായി പ്രാർത്ഥിക്കുകയും പ്രേഷിതത്വത്തിന്റെ ഭാഗമായി തയ്യാറാക്കാവുന്ന പ്രവർത്തനങ്ങൾ അതിനാവശ്യമായ അനുമതി തുടങ്ങിയ കാര്യങ്ങൾ വിശദമായി ചർച്ച ചെയ്തു.

ഇടുക്കി ജില്ലാ ജയിലിനോടുചേർന്നു പ്രവർത്തിക്കുന്ന മുട്ടം യൂണിറ്റിലെ അംഗ ങ്ങളുടെ സമ്മേളനം മേയ് മാസം 6 നും ജൂൺ മാസം 3 നും മുട്ടം ടൗൺ പള്ളി ഹാളിൽ ചേർന്നു പ്രാർത്ഥനാസമ്മേളനം നടത്തി.

**ജയിൽസന്ദർശനം**

രൂപത ഡയറക്ടർ ജയിൽ അധികൃതരെ സന്ദർശിച്ച് ജീസസ് ഫ്രട്ടേണിറ്റി യുടെ വരുംനാളുകളിലെ പ്രവർത്തനങ്ങൾ സംബന്ധിച്ചു ചർച്ച നടത്തി. ലോക പരിസ്ഥിതിദിനത്തോടനുബന്ധിച്ച് മീനച്ചിൽ സബ് ജയിലിൽ സംഘടിപ്പിച്ച പരി പാടികളിൽ പങ്കെടുക്കുകയും ജയിൽവളപ്പിൽ പച്ചക്കറിത്തോട്ടം നിർമിച്ചവർക്കുള്ള സമ്മാനങ്ങൾ നൽകുകയും ചെയ്തു.

**സോണൽ മീറ്റിംഗ്**

കാഞ്ഞിരപ്പള്ളി ബിഷപ്സ് ഹൗസിൽ ചേർന്ന കോട്ടയം സോണൽ സമ്മേള നത്തിൽ യൂണിറ്റ് അംഗങ്ങൾ പങ്കെടുക്കുകയും ചർച്ചയിൽ സംബന്ധിക്കുകയും ചെയ്തു. യോഗത്തിൽ മാർ ജോസ് പുളിക്കൽ, സംസ്ഥാന ഡയറക്ടർ, സോണൽ ഡയറക്ടർ, രൂപത ഡയറക്ടർ തുടങ്ങിയവർ സംസാരിച്ചു.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

1. രണ്ടാം ശനിയാഴ്ചകൾതോറും നടത്തപ്പെടുന്ന ഏകദിനദൈവരാജ്യപ്രഘോ ഷണധ്യാനം - രാവിലെ 9 മണി മുതൽ മദ്ധ്യസ്ഥപ്രാർത്ഥന, നിയോഗസമർപ്പണം, 10 മണി മുതൽ അനുതാപശുശ്രൂഷ, വിശുദ്ധ കുർബാന, തിരുവചനപ്രഘോഷണം, ആരാധന, വിടുതൽ ശുശ്രൂഷ, അഭിഷേക-കൈവയ്പുശുശ്രൂഷകൾ എന്നിവ യോടുകൂടി 3 മണിക്ക് പൂർത്തിയാകുന്ന ധ്യാനം - ജൂൺ 10 ന് മൗണ്ട് നെബോ ആബാഭവനത്തിൽവച്ചു നടത്തി.

2. സീറോമലബാർ സഭയിലെ യുവവൈദികരുടെ തുടർപരിശീലനത്തിനുള്ള കമ്മീഷന്റെ ആഭിമുഖ്യത്തിൽ, എറണാകുളം പി.ഒ.സിയിലും കാക്കനാട് മൗണ്ട് സെന്റ് തോമസിലുമായി 34 വൈദികരെ പങ്കെടുപ്പിച്ചുകൊണ്ടു നടത്തപ്പെട്ട പരിശീലനപരിപാടിയിൽ, ക്രൈസ്തവവിശ്വാസത്തിൽ എക്സോർസിസം മിനിസ്ട്രിയുടെ പ്രാധാന്യത്തെയും അജപാലനപരമായ പ്രസക്തിയെയുംപറ്റി ജൂൺ 16 ന് രാവിലെ 9.30 മുതൽ വൈകുന്നേരം 5 വരെ ക്ലാസ് കൊടുത്തു.

3. ജൂൺ 18 മുതൽ 24 വരെ തീയതികളിൽ, മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം നടത്തി.

4. ***ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ*** എന്ന ലഘുപുസ്തകപരമ്പരയുടെ പുതിയ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. പുസ്തകം 45: ***ഭയവും പൈശാചിക ഇടപെടലും***; പുസ്തകം 46: ***ഭയപ്പെടുത്തലിന്റെ പൈശാചികതന്ത്രം.*** പുസ്തകങ്ങൾ വരിസംഖ്യയടച്ച് എല്ലാ മാസവും പോസ്റ്റുവഴി അയച്ചുകിട്ടുവാനാഗ്രഹിക്കുന്നവർ 9947114491 എന്ന നമ്പരിൽ ബന്ധപ്പെടുക

5. കലർപ്പില്ലാത്ത കത്തോലിക്കാ ആത്മീയതയുടെ ആഴങ്ങളും ഔന്നത്യങ്ങളും സ്വജീവിതത്തിൽ അനുഭവിച്ചറിഞ്ഞ വേദപാരംഗതയും വിശുദ്ധയുമായ ആവിലായിലെ അമ്മത്രേസ്യാ, ആത്മാർത്ഥതയോടെ ദൈവത്തെത്തേടുന്ന ആത്മീയാന്വേഷകർക്കായി, തന്റെ ആത്മീയാനുഭവങ്ങളെ ദൈവികവെളിപാടിന്റെ വെളിച്ചത്തിലും വ്യക്തതയിലും പ്രായോഗികപരിജ്ഞാനത്തോടെ പങ്കുവച്ചുകൊണ്ട് 1577 ൽ എഴുതിയ *ആഭ്യന്തരഹർമ്മ്യം* എന്ന സാർവ്വത്രികവും സാർവ്വകാലീനവുമായ മൂല്യമുള്ള ആത്മീയഗ്രന്ഥത്തിലൂടെ അനാവരണം ചെയ്യപ്പെട്ടിരിക്കുന്ന അനശ്വരങ്ങളായ ആത്മീയപാഠങ്ങളെ, ലളിതമായി, ഏതവസ്ഥയിലുള്ള ആത്മീയാന്വേഷകർക്കും ഉപകരിക്കത്തക്കവിധം, 15 മിനിറ്റ് ദൈർഘ്യമുള്ള പങ്കുവയ്ക്കലുകളിലൂടെ, മൗണ്ട് നെബോ യൂട്യൂബ് ചാനലിൽ അവതരിപ്പിച്ചുവന്നിരുന്ന ***ആഭ്യന്തരഹർമ്മ്യ ആത്മീയത*** എന്ന പ്രബോധനപരമ്പര, 255 സെഷനുകളിലൂടെ പൂർത്തിയായി.

6. മൗണ്ട് നെബോ ആബാഭവനത്തിൽ നടത്തപ്പെടുന്ന ദൈവരാജ്യാനുഭവധ്യാനത്തിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട ഭാഗങ്ങൾ, ഏതാനും മിനിറ്റുകൾമാത്രം ദൈർഘ്യമുള്ള വീഡിയോ ക്ലിപ്പുകളായി, മൗണ്ട് നെബോ യൂട്യൂബ് ചാനലിൽ പ്രക്ഷേപണം ചെയ്യുന്നു.

7. മൗണ്ട് നെബോ ആബാഭവനത്തിൽ അടുത്ത രണ്ടു മാസത്തെ ശുശ്രൂഷകൾ താഴെപ്പറയും വിധമായിരിക്കും:

2023 ജൂലൈ 8, 9 am – 3 pm: ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം
2023 ജൂലൈ 16, 5 pm - 22, 9 am: പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം
2023 ആഗസ്റ്റ് 12, 9 am – 3 pm: ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം
2023 ആഗസ്റ്റ് 27, 5 pm - സെപ്റ്റ 2, 9 am: പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

ബുക്കിംഗിന്: 9847472522; 7306371028

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായസഭ

ഫ്രാൻസിസ്കൻ അല്മായസഭയുടെ പാലാ രൂപതയിലെ എല്ലാ യൂണിറ്റുകളിലും മുടങ്ങാതെ മാസംതോറുമുള്ള പ്രാർത്ഥനാക്കൂട്ടായ്മകളും യൂണിറ്റ് മീറ്റിങ്ങുകളും നടന്നുവരുന്നു.

വിവിധ കാലഘട്ടങ്ങളിലായി പത്തുവർഷത്തോളം പാലാ രൂപത ഫ്രാൻസിസ്കൻ അല്മായസഭയുടെ ഡയറക്ടറും സ്പിരിചൽ അസിസ്റ്റന്റുമായിരുന്ന ബഹുമാനപ്പെട്ട ജോസഫ് കീപ്രത്ത് OFM Cap അച്ചന്റെ നിര്യാണത്തിൽ SFO രൂപതാസമിതി അനുശോചനം രേഖപ്പെടുത്തുകയും ഭരണങ്ങാനം അസീസി ആശ്രമദൈവാലയത്തിൽ നടന്ന മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു പ്രാർത്ഥിക്കുകയും ചെയ്തു. എല്ലാവർഷവും വിശുദ്ധ അൽഫോൻസാ തീർത്ഥാടനത്തോടനുബന്ധിച്ച് ജൂലൈ മാസത്തിൽ നടത്താറുള്ള രൂപതാസമ്മേളനവും ജപമാലറാലിയും ജൂലൈ ഇരുപതാം തീയതി വ്യാഴാഴ്ച നടത്തുന്നതിനു തീരുമാനിച്ചു. അന്നേദിവസം രാവിലെ 10 ന് ഭരണങ്ങാനം അസ്സീസി ധ്യാനമന്ദിരത്തിൽ വച്ച് രൂപതാസമ്മേളനവും തുടർന്ന് ഉച്ചകഴിഞ്ഞ് ഒരു മണിക്ക് വിശുദ്ധ അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിലേക്ക് ജപമാലറാലിയും വിശുദ്ധ കുർബാന അർപ്പണവും നടത്തപ്പെടുന്നു.

ഏവർക്കും സമാധാനവും സൗഭാഗ്യവും

**ഫാ. ആന്റണി വെച്ചൂർ OFM Cap.** (ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. തിരഞ്ഞെടുപ്പ്**

6-6-2023- ചേർപ്പുങ്കൽ ഫൊറോനയിൽ ഡി.എഫ്.സി. ഫൊറോനാ ഭാരവാഹികളെ തിരഞ്ഞെടുത്തു.

| | |
|---|---|
| പ്രസിഡന്റ് | ശ്രീ ജെയ്സൺ ജോസഫ് |
| വൈസ് പ്രസിഡന്റ് | ശ്രീ സോജൻ മാത്യു |
| സെക്രട്ടറി | ശ്രീ ജോബ് മാത്യു |
| ജോയിന്റ് സെക്രട്ടറി | ശ്രീ തോമസ് എം.കെ. |
| ട്രഷറർ | ശ്രീ ബാബു മാത്യു |
| എക്സിക്യൂട്ടീവ് | ശ്രീ ബാബു പോൾ |

**2. ദീപികപത്ര പ്രചരണം**

ചേർപ്പുങ്കൽ ഡി.എഫ്.സി. വർക്ക് നടന്നു.

അമ്പാറനിരപ്പേൽ ഡി.എഫ്.സി. വർക്ക് നടന്നു.

രത്നഗിരി ഡി.എഫ്.സി. വർക്ക് നടന്നു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# ഇൻഫാം

**1. ഇൻഫാം രൂപത (കാർഷികജില്ല) സമ്മേളനം**

ഇൻഫാം പാലാ കാർഷികജില്ലാസമ്മേളനം 22.06.2023 വ്യാഴാഴ്ച അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. രാജ്യത്തിന്റെ പുരോഗതിയുടെ ചരിത്രത്തിൽ ചാലകശക്തിയായി കാർഷികരംഗവും പൊതുവിദ്യാഭ്യാസരംഗവുമാണു പ്രവർത്തിക്കുന്നതെന്ന് പിതാവ് അഭിപ്രായപ്പെട്ടു. ഇൻഫാം ഓരോ യൂണിറ്റുകളിലും ശക്തിപ്പെടുത്തി കർഷകരുടെ അവകാശങ്ങൾക്കുവേണ്ടി ശക്തമായി നിലകൊള്ളണമെന്നും പിതാവ് ഓർമിപ്പിച്ചു. ഫാ. ജോസ് തറപ്പേൽ, ഫാ. തോമസ് കിഴക്കേൽ, ഫാ. ജോസഫ് ചെറുകരക്കുന്നേൽ, മാത്യു മാമ്പറമ്പിൽ, ബേബി പന്തപ്പള്ളിൽ, കെ.കെ. ജോസ് കരിപ്പാകുടിയിൽ തുടങ്ങിയവർ പ്രസംഗിച്ചു. രൂപതയിലെ 17 മേഖലകളിൽനിന്നായി ഇരുന്നൂറോളം പ്രവർത്തകർ സമ്മേളനത്തിൽ പങ്കെടുത്തു.


**ഇൻഫാമിനു പുതിയ ഭാരവാഹികൾ**

ഇൻഫാം പാലാ കാർഷിക ജില്ലാപ്രസിഡന്റ് ഡോ. കെ.കെ. ജോസ് കരിപ്പാകുടിയിൽ, സെക്രട്ടറി തോമസ് മറ്റം, ട്രഷറർ ബെന്നി തുളുവനാനിക്കൽ, വൈസ് പ്രസിഡന്റ് ഉണ്ണിക്കുഞ്ഞ് ജോർജ് വെള്ളൂക്കുന്നേൽ, ജോ. സെക്രട്ടറി ശ്രീ ജസ്റ്റിൻ ഇടയോടിയിൽ എന്നിവർ ചുമതലയേറ്റു. ദേശീയഭരണസമിതിയിലേക്ക് മാത്യു മാമ്പറമ്പിൽ, ബേബി പന്തപ്പള്ളിൽ എന്നിവർ നിയമിതരായി. ശ്രീ സണ്ണി അരഞ്ഞാണിപുത്തൻപുര ദേശീയ സെക്രട്ടറിയായി ചുമതലയേറ്റു.

ഇൻഫാമിന്റെ ദീർഘനാൾ നയിച്ച (17 വർഷം) പ്രസിഡന്റ് മാത്യു മാമ്പറമ്പിൽ, സെക്രട്ടറി ബേബി പന്തപ്പള്ളിൽ എന്നിവരുടെ നേതൃത്വത്തിലുള്ള ഇൻഫാം എക്സിക്യൂട്ടീവ് അംഗങ്ങളെ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് അഭിനന്ദിച്ച് നന്ദി അറിയിച്ചു. ഇൻഫാം പ്രസ്ഥാനത്തിന്റെ ശക്തമായ കാറ്റ് പാലായിൽ ആഞ്ഞുവീശട്ടെയെന്ന് പിതാവ് ആശംസിച്ചു.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)



## റവ. ഫാ. ഫിലിപ്പ് കുറുമുണ്ടയിൽ

കർമ്മവീഥിയിൽ ഉടനീളം നിഷ്കളങ്കമായ ചിരിയോടെ, ഈശോ ഏൽപ്പിച്ച തന്റെ ജനത്തെ വിശ്വസ്തതയോടെ, കരുതലോടെ, സുവിശേഷത്തോടുചേർത്ത്, വിശുദ്ധ കുർബാനയുടെ ശക്തിയോടെ നയിച്ച ആത്മീയ പിതാവായിരുന്ന ബഹുമാനപ്പെട്ട ഫിലിപ്പ് കുറുമുണ്ടയിൽ അച്ചൻ നിത്യപിതാവിന്റെ സന്നിധിയിലേക്കു യാത്രയായി. എല്ലാറ്റിനും ഉപരിയായി ഈശോയ്ക്ക് ഒന്നാംസ്ഥാനം നൽകി ജീവിച്ച അച്ചൻ 1933 ഒക്ടോബർ 17 ന് ചെമ്പിളാവ് ഇടവകയിൽ കുറുമുണ്ടയിൽ തൊമ്മൻ -ഏലി ദമ്പതികളുടെ മകനായി ജനിച്ചു. അച്ചന് ഒരു സഹോദരി മാത്രമാണ് ഉണ്ടായിരുന്നത്. ചെമ്പിളാവ് ദേവാലയത്തിൽ വച്ച് 1933 ഒക്ടോബർ 21 ന് മാമ്മോദീസായും 1954 ഏപ്രിൽ നാലിന് വയലിൽ പിതാവിൽനിന്ന് സ്ഥൈര്യലേപനവും സ്വീകരിച്ചു. ചെമ്പിളാവ് ഗവൺമെന്റ് L.P.S ലും കിടങ്ങൂർ സെന്റ് മേരീസ് HSS ലും നിന്നായി അച്ചൻ പ്രാഥമികവിദ്യാഭ്യാസം പൂർത്തിയാക്കി. തുടർന്ന് സെന്റ് തോമസ് കോളേജിലേ PDC പഠനത്തിനുശേഷം പാലാ രൂപത മൈനർ സെമിനാരിയിൽ പ്രവേശിച്ചു വൈദികപഠനം ആരംഭിച്ച അച്ചൻ ആലുവ മംഗലപ്പുഴ സെമിനാരിയിൽനിന്ന് ദൈവശാസ്ത്രപഠനത്തിനുശേഷം 1964 മാർച്ച് മാസം 11 ന് ഭരണങ്ങാനത്തുവച്ച് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിൽനിന്ന് ശുശ്രൂഷാപൗരോഹിത്യം സ്വീകരിച്ചു. തുടർന്ന് കൂടല്ലൂർ, മുത്തോലപുരം, മണ്ണാറപ്പാറ എന്നീ ഇടവകകളിൽ കൊച്ചച്ചനായും ഗാഗുൽത്ത, കൈയൂർ, നീറന്താനം, അറക്കുളം ഓൾഡ്, ചിറ്റാർ എന്നീ ഇടവകകളിൽ വികാരിയായും മൈലാടി, സെറാഫിക് കോൺവെന്റ്

എന്നിവിടങ്ങളിൽ ചാപ്ലിൻ ആയും ശുശ്രൂഷ ചെയ്ത അച്ചൻ 2019 ഫെബ്രുവരി 23 ന് വിശ്രമജീവിതത്തിലേക്ക് പ്രവേശിച്ചു. ഈശോയെ മുറുകെപ്പിടിച്ച് ജനങ്ങളുടെ ഹൃദയത്തിൽ ജീവിച്ച അച്ചൻ 2023 ജൂൺ മാസം 23-ാം തീയതി മെഡിസിറ്റി ഹോസ്പിറ്റലിൽ വച്ച് ദൈവത്തിന്റെ ഭവനത്തിലേക്കു യാത്രയായി. 24-ാം തീയതി ഭവനത്തിലെ കർമ്മങ്ങൾക്ക് വികാരി ജനറാൾ പെരിയ ബഹുമാനപ്പെട്ട കണിയോടിക്കൽ അച്ചനും ദേവാലയത്തിലെ വിശുദ്ധ കുർബാനാർപ്പണത്തിന് പ്രോട്ടോ സിഞ്ചെലൂസ് പെരിയ ബഹുമാനപ്പെട്ട ജോസഫ് തടത്തിൽ അച്ചനും നേതൃത്വം നൽകി. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ മുഖ്യ കാർമികത്വത്തിൽ സംസ്കാരശുശ്രൂഷകൾ നടന്നു.

ജീവിതത്തിൽ കൃത്യനിഷ്ഠയോടെ തന്നെ ഏല്പിച്ച ഉത്തരവാദിത്വങ്ങൾ വിശ്വസ്തതയോടെ നിർവഹിച്ച ബഹുമാനപ്പെട്ട ഫിലിപ്പച്ചനെ പ്രാർത്ഥനയിൽ ഓർക്കാം അച്ചന്റെ ജീവിതമാതൃക നമുക്കു പ്രചോദനമാകട്ടെ. ബഹുമാനപ്പെട്ട അച്ചൻ തിരുസഭയ്ക്കും സമൂഹത്തിനും നൽകിയ ശുശ്രൂഷകൾക്ക് ദൈവതിരുമ്പാകെ നന്ദി അർപ്പിക്കുകയും, പിതാവായ ദൈവം തന്റെ വലതുഭാഗത്ത് അച്ചനെ നിർത്തട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യാം. കുടുംബാംഗങ്ങളെയും ബന്ധുമിത്രാദികളെയും ആത്മാർത്ഥമായ അനുശോചനം അറിയിക്കുന്നു.



## സി. ജിയോ മേരി എഫ്.സി.സി.

പാലാ രൂപത കുറവിലങ്ങാട് ഇടവകയിൽ പുതിയിടത്ത് വർക്കി - മറിയം ദമ്പതികളുടെ ആറു മക്കളിൽ നാലാമത്തെ മകളായി 31.01.1934-ൽ സി. ജിയോ മേരി ജനിച്ചു. 03.02.1934-ൽ മാമ്മോദീസാ സ്വീകരിച്ചു. ഏലീശാ എന്നായിരുന്നു മാമ്മോദീസാപ്പേര്. 1952-ൽ കുറവിലങ്ങാട് ജി.എച്ച്.എസിൽനിന്നും എസ്.എസ്.എൽ.സി. പാസായ ശേഷം 1957-ൽ ചങ്ങനാശ്ശേരി സെന്റ് ബെർക്കുമാൻസ് കോളേജിൽനിന്നു ബി.എ. ബിരുദവും ബണ്ടൽഘണ്ട് ഡിഗ്രി കോളേജ് Thansi U.P. Agra University യിൽനിന്ന് എം.എ. ബിരുദവും കരസ്ഥമാക്കി. ഒരു വർഷം മലബാർ വടകര ജി.എച്ച്.എസ്.ൽ ടീച്ചർ ആയി ജോലി നോക്കി. മഠത്തിൽ ചേരണമെന്ന ആഗ്രഹത്തോടെ രാമപുരം വിമലഗിരിയിൽ 29.06.1963-ൽ അർത്ഥിനിയായിച്ചേർന്നു.

06.04.1965-ൽ അനിത്യവ്രതവും 20.07.1970-ൽ നിത്യവ്രതവാഗ്ദാനവും നടത്തി. 1965-ൽ പാലാ അൽഫോൻസാ കോളേജിൽ ജോലിയിൽ പ്രവേശിച്ചു. 13.07.1965 മുതൽ 31.03.1989 വരെ പാലാ അൽഫോൻസാ കോളേജിൽ പൊളിറ്റിക്കൽ സയൻസ് വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസറായി

രുന്നു. അൽഫോൻസാ കോളേജിൽ വൈസ് പ്രിൻസിപ്പലായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. കോളേജിൽനിന്നു മൂന്നു വർഷം ലീവ് എടുത്ത് പഞ്ചാബിലുള്ള Gurdaspur സ്കൂളിൽ പ്രിൻസിപ്പലായി ജോലി ചെയ്തു. അൽഫോൻസാ കോളേജിൽനിന്നു വിരമിച്ചതിനുശേഷം പാലാ മേരി മാതാ പാരലൽ കോളേജ് പ്രിൻസിപ്പലായും, മരിയൻ മെഡിക്കൽ സെന്ററിന്റെ അഡ്മിനിസ്ട്രേറ്ററായും സേവനം ചെയ്തിട്ടുണ്ട്.

അൽഫോൻസാ ഹോസ്റ്റൽ, പ്രൊവിൻഷ്യൽ ഹൗസ്, Gurdaspur (Punjab), സെറാഫിക് എന്നീ മഠങ്ങളിൽ താമസിച്ച് അസിസ്റ്റന്റ് പ്രൊവിൻഷ്യൽ, പ്രൊവിൻഷ്യൽ ട്രഷറർ, പ്രൊവിൻഷ്യൽ സെക്രട്ടറി, സിസ്റ്റർ സുപ്പീരിയർ, ഹോസ്റ്റൽ വാർഡൻ എന്നീ നിലകളിലും ബഹു. ജിയോ മേരിയമ്മ സ്തുത്യർഹമാംവിധം സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

ബഹു. അമ്മ ആഴമായ പ്രാർത്ഥനാജീവിതത്തിന്റെ ഉടമയായിരുന്നു. കിട്ടുന്ന സമയം മുഴുവനും എല്ലാവർക്കുംവേണ്ടി, പ്രത്യേകിച്ച് കുടുംബാംഗങ്ങൾക്കും, സഭാംഗങ്ങൾക്കുംവേണ്ടിയും മാദ്ധ്യസ്ഥ്യം വഹിച്ച് ദിവ്യകാരുണ്യസന്നിധിയിൽ പ്രാർത്ഥിച്ചിരുന്നു. കൃത്യതയോടും നിഷ്ഠയോടും കൂടി മുടക്കം കൂടാതെ സമൂഹപ്രാർത്ഥനയിൽ അമ്മ സംബന്ധിച്ചിരുന്നു എന്നത് എടുത്തുപറയേണ്ട കാര്യമാണ്. ലാളിത്യം നിറഞ്ഞ ജീവിതത്തിന് ഉടമയായിരുന്നു ജിയോ മേരിയമ്മ. പരിശുദ്ധ അമ്മയോട് പ്രത്യേകമാംവിധം ഭക്തി പ്രദർശിപ്പിച്ചിരുന്നു. എപ്പോഴും ജപമാല ചൊല്ലിക്കൊണ്ടു നടക്കുന്ന ശീലം പ്രത്യേകിച്ച് വ്യാകുലക്കൊന്ത മുടക്കംകൂടാതെ ചൊല്ലുന്ന രീതി അമ്മയ്ക്ക് ഉണ്ടായിരുന്നു.

ആരെയും മാറ്റിനിറുത്താതെ എല്ലാവരെയും ചേർത്തുനിർത്തി പരസ്പരം സഹകരിപ്പിച്ചു ജോലി ചെയ്യാനുള്ള കഴിവ് അമ്മയുടെ ഒരു പ്രത്യേകത ആയിരുന്നു. വൈദികരോട് ആദരവും സ്നേഹവും പ്രകടിപ്പിച്ചിരുന്നു. അധികാരികളോടും സഭാനിയമത്തോടും ബഹുമാനവും വിധേയത്വവും അമ്മ പ്രകടിപ്പിച്ചിരുന്നു. അധികാരി – അധീന ബന്ധം ആത്മസ്വാതന്ത്ര്യത്തോടെ, ഫ്രാൻസിസ്കൻ സന്തോഷത്തോടെ കാത്തുസൂക്ഷിച്ചിരുന്നു. നർമ്മരസം തുളുമ്പുന്ന സംഭാഷണങ്ങളിലൂടെ സമൂഹാംഗങ്ങളെ സന്തോഷിപ്പിക്കുന്നതിൽ ബഹു. അമ്മയ്ക്ക് പ്രത്യേക പ്രാവീണ്യം ഉണ്ടായിരുന്നു. അനേകം വിദ്യാർത്ഥികളുടെ മനസ്സിൽ ഇന്നും കെടാതെ നിൽക്കുന്ന ഒരു നല്ല അദ്ധ്യാപികയായിരുന്നു ബഹു. ജിയോ മേരിയമ്മ. സ്കൂളും പഠനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സഹായം ചോദിച്ചാൽ എന്തു ത്യാഗവും ഏറ്റെടുത്ത് ബന്ധപ്പെട്ട മേലുദ്യോഗസ്ഥരെക്കണ്ട് ചെയ്തു തരുന്നതിന് അമ്മ സന്നദ്ധയായിരുന്നു. പാവങ്ങളോട് കരുണയും സ്നേഹവും അമ്മ പ്രകടിപ്പിച്ചിരുന്നു. അവർക്ക് ആവശ്യമായ സഹായം നൽകുന്ന

തിൽ അമ്മ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. തന്റെ രോഗാവസ്ഥയിലും ക്ഷീണം വർദ്ധിച്ചപ്പോഴും പരി. ത്രിത്വത്തെ പാടി പുകഴ്ത്തുന്നതിലും, സങ്കീർത്ത നങ്ങൾ ഉരുവിടുന്നതിലും ബഹു. ജിയോ മേരിയമ്മ വീഴ്ച വരുത്തിയി ട്ടില്ല. ജീവിതത്തിലെ ഏതു സാഹചര്യങ്ങളെയും ഒരു ചെറുപുഞ്ചിരിയോടെ സ്വീകരിക്കുകയും വിവേകത്തോടും പക്വതയോടുംകൂടി കാര്യങ്ങളെ കൈകാര്യം ചെയ്യുന്നതിലും അമ്മയ്ക്ക് ഒരു പ്രത്യേക സിദ്ധി ഉണ്ടായി രുന്നു.

2015 ൽ തന്റെ സന്ന്യാസസമർപ്പണത്തിന്റെ സുവർണ്ണജൂബിലി ആഘോഷിക്കാനുള്ള ഭാഗ്യവും അമ്മയ്ക്ക് ലഭിച്ചു. അമ്മയുടെ സമർപ്പ ണജീവിതത്തിന്റെ വിശുദ്ധിയും സന്തോഷവും അനുഭവിച്ചറിഞ്ഞ് കുടും ബത്തിൽനിന്നു ധാരാളം ദൈവവിളികൾ ഉണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട വരായ ജോസഫ് പുതിയിടത്തച്ചനും, മാത്യു പുതിയിടത്തച്ചനും, സെബാ സ്റ്റ്യൻ മാമ്പള്ളിക്കുന്നേൽ അച്ചനും ജൂഡിത്തമ്മയും ബഹു. ജിയോ മേരി യമ്മയുടെ സഹോദരപുത്രരാണ്.

2022 മെയ് 18 ന് ഒരു വീഴ്ചയെത്തുടർന്ന് അമ്മയുടെ ആരോഗ്യം ക്ഷയിച്ചുതുടങ്ങി. തുടർന്ന് അമ്മ ശയ്യാവലംബയായി ഏകദേശം ഒരു വർഷത്തോളം കിടപ്പിലായ അമ്മ തന്റെ രോഗാവസ്ഥയിലും തിരുക്കുടും ബത്തോട് ചേർന്ന് തന്റെ സഹനങ്ങളെ സ്വീകരിച്ചു. അമ്മയെ കാണാ നായി എത്തുന്ന സഭാംഗങ്ങളെയും പ്രിയപ്പെട്ടവരെയും സന്തോഷിപ്പിക്കു കയും പ്രാർത്ഥന യാചിക്കുകയും ചെയ്തിരുന്നു. ഓരോ ദിവസം ചെല്ലും തോറും അമ്മയുടെ ആരോഗ്യസ്ഥിതി മോശമാവുകയും 24.05.2023-ൽ അമ്മയുടെ സഹോദരീപുത്രൻ ബഹു. സെബാസ്റ്റ്യൻ മാമ്പള്ളിക്കുന്നേൽ അച്ചനിൽനിന്ന് അമ്മ രോഗീലേപനം സ്വീകരിച്ചു.

18.05.2023-ൽ അമ്മയ്ക്ക് ക്ഷീണം വർദ്ധിച്ചതിനാൽ അമ്മയെ മരിയൻ മെഡിക്കൽ സെന്ററിൽ പ്രവേശിപ്പിച്ചു. 28.05.2023 ഞായറാഴ്ച 01.15 pm ന് അമ്മയുടെ പാവനാത്മാവ് കർത്താവിന്റെ സന്നിധിയിലേക്ക് യാത്ര യായി.

30.05.2023 ചൊവ്വാഴ്ച രാവിലെ പാലാ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവും, വലിയ പിതാവ് മാർ ജോസഫ് പള്ളിക്കാപറമ്പിലും ഭവനത്തിൽ വരുകയും ജിയോ മേരിയമ്മയ്ക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് 02.00 pm ന് ഭവനത്തിൽ ആരം ഭിച്ച ദിവ്യബലിക്ക് അമ്മയുടെ സഹോദരപുത്രൻ ബഹു. ഫാ. മാത്യു പുതിയിടത്ത് മുഖ്യകാർമ്മികത്വം വഹിക്കുകയും വി. കുർബ്ബാനമദ്ധ്യേ മുത്തോലി സി.എം.ഐ. ആശ്രമാംഗമായ ബഹു. ജിന്റോ വലിയമംഗലത്ത്

അച്ചൻ ചരമപ്രസംഗം നടത്തുകയും ചെയ്തു. പള്ളിയിലെ തിരുക്കർമ്മങ്ങൾക്ക്, പാലാ രൂപത വികാരി ജനറാൾ ബഹു. സെബാസ്റ്റ്യൻ വേത്താനത്ത് അച്ചൻ നേതൃത്വം നൽകുകയും അനേകം വൈദികരുടെയും സിസ്റ്റേഴ്സിന്റെയും സാന്നിധ്യത്തിൽ മൃതദേഹം അരുണാപുരം സെന്റ് തോമസ് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. കാരുണ്യവാനായ ദൈവം ജിയോ മേരിയമ്മയെ നിത്യകിരീടം അണിയിക്കട്ടെ എന്ന് നമുക്കു പ്രാർത്ഥിക്കാം.



## സി. റെറ്റസി മരിയ എഫ്.സി.സി.

പാലാ രൂപത അരുവിത്തുറ ഇടവക മൂലേച്ചാലിൽ കുടുംബത്തിൽ മാണി മാത്യുവിന്റെയും ത്രേസ്യാമ്മയുടെയും ഏഴു മക്കളിൽ നാലാമത്തെ സന്താനമായി 19.02.1949 ൽ തെയ്യാമ്മ ഭൂജാതയായി. 26.02.1949 ൽ ജ്ഞാനസ്നാനത്തിൽ ത്രേസ്യാ എന്ന നാമം നൽകപ്പെട്ടു. അരുവിത്തുറ സെന്റ് ജോർജ്ജ് ഹൈസ്കൂളിൽനിന്ന് 1966 ൽ എസ്.എസ്.എൽ.സിയും അരുവിത്തുറ സെന്റ് ജോർജ്ജ് കോളേജിൽനിന്ന് 1968 ൽ പി.ഡി.സിയും പാസ്സായ തെയ്യാമ്മ തന്റെ ജീവിതം മുഴുവൻ ഈശോയ്ക്കു സമർപ്പിക്കണമെന്ന അതിയായ ആഗ്രഹത്തോടെ 1969-ൽ വളക്കാട്ടുകുന്ന് വിമലഗിരി നൊവിഷ്യേറ്റു ഹൗസിൽ അർത്ഥിനിയായി ചേർന്നു. സന്ന്യാസപരിശീലനം പൂർത്തിയാക്കിയ തെയ്യാമ്മ 3.05.1971-ൽ സഭാവസ്ത്രം സ്വീകരിച്ച് സി. റെറ്റസി മരിയ എന്ന നാമം സ്വീകരിച്ചു. 1976 -ൽ കുറിച്ചിയിലുള്ള ഹോമിയോ കോളേജിൽനിന്ന് ഡോക്ടർ ബിരുദം കരസ്ഥമാക്കിയ സി. റെറ്റസി തുടർന്ന് മരിയൻ മെഡിക്കൽ സെന്ററിൽ പ്രാക്ടീസ് ആരംഭിച്ചു. 1977-ൽ തന്റെ ജീവിതം എന്നേക്കുമായി നാഥന് സമർപ്പിച്ച് നിത്യവ്രതവാഗ്ദാനം നടത്തി.

“ഞാൻ രോഗിയായിരുന്നു. നിങ്ങൾ എന്നെ സന്ദർശിച്ചു” എന്ന തമ്പുരാന്റെ വാക്കുകൾ ജീവിതത്തിൽ ഏറ്റുവാങ്ങിയ സി. റെറ്റസി 1978 മുതൽ ആശാനിലയം, വിമലഗിരി, മംഗളാരാം, പെരുംതുരുത്ത്, വേദഗിരി, കോതനല്ലൂർ എന്നിവിടങ്ങളിൽ ഹോമിയോ ക്ലിനിക്ക് നടത്തി കർത്താവിന്റെ സൗഖ്യശുശ്രൂഷയിൽ പങ്കാളിയായി. തന്റെ അടുക്കലെത്തുന്ന രോഗികൾക്ക്, തന്റെ സൗമ്യമായ ഇടപെടലിലൂടെയും, ശാന്തമായ വാക്കുകളിലൂടെയും മരുന്നിനൊപ്പം ഈശോയുടെ കരുതലുള്ള സ്നേഹവും കരുണയും പകരുവാൻ റെറ്റസിയമ്മ എന്നും ശ്രദ്ധിച്ചിരുന്നു. കൂടാതെ, വിശ്വാസപരിശീലനരംഗത്തും സിസ്റ്റർ ഒരു സജീവസാന്നിധ്യമായിരുന്നു. താൻ അംഗമായിരുന്ന ഭവനങ്ങളിൽ അധികാരികൾ തന്നെ ഏല്പിക്കുന്ന ഏതു

ജോലിയും നൂറുശതമാനം വിശ്വസ്തതയോടെ നിറവേറ്റുവാൻ സിസ്റ്റർ എന്നും ശ്രമിക്കുകയും അതിലെല്ലാം വിജയിക്കുകയും ചെയ്തു. ലോക്കൽ കൗൺസിലർ, സെക്രട്ടറി, ഫാം സൂപ്പർവൈസർ, ഡിസ്പെൻസർ, രോഗീ ശുശ്രൂഷി എന്നീ നിലകളിലെല്ലാം സിസ്റ്റർ തന്റെ ശുശ്രൂഷ നിർവ്വഹിച്ചപ്പോൾ തന്റെ ആരോഗ്യമോ അസൗകര്യങ്ങളോ ഒന്നും പരിഗണിച്ചിരുന്നില്ല. താൻ അംഗമായിരിക്കുന്ന സമൂഹത്തിന്റെ നന്മയ്ക്ക് ദൈവജനത്തിന്റെ വളർച്ചയ്ക്ക് തന്നാലാവുന്നതെല്ലാം ചെയ്യണമെന്ന് സി. റ്റെസിക്കു നിർബന്ധമായിരുന്നു. ആ ആഗ്രഹത്തെ കർത്താവ് ഫലമണിയിക്കുകയും ചെയ്തു.

ഫ്രാൻസിസ്ക്കൻ സന്തോഷവും വിശ്വസാഹോദര്യവുമൊക്കെ സിസ്റ്ററിന്റെ ജീവിതത്തിലെ എടുത്തുപറയേണ്ട ഗുണങ്ങളാണ്. ആരെ കണ്ടാലും ഹൃദ്യമായ ഒരു പുഞ്ചിരി സമ്മാനിക്കാനും അവരോടു സ്നേഹാന്വേഷണങ്ങൾ നടത്താനും റ്റെസിയമ്മ മറക്കാറില്ല. അതുപോലെ അധികാരികളോടുള്ള ആദരവും ബഹുമാനവും പ്രായമായവരോടും രോഗികളോടുമുള്ള പ്രത്യേക പരിഗണനയും സിസ്റ്റർ റ്റെസിയുടെ ജീവിതത്തിന്റെ പ്രത്യേകതകളാണ്.

കുടുംബപ്രശ്നങ്ങൾ നേരിടുന്ന പലരും സി. റ്റെസിയെ സമീപിക്കാറുണ്ടായിരുന്നു. അവരുടെ പ്രശ്നങ്ങൾ ശ്രദ്ധാപൂർവ്വം ശ്രവിച്ച് തന്റെ കഴിവും സമയവും അവരുടെ പ്രശ്നപരിഹാരത്തിനായി വിനിയോഗിക്കുകയും, അതിലുപരി അവർക്കുവേണ്ടി ദൈവസന്നിധിയിൽ മാദ്ധ്യസ്ഥ്യം വഹിക്കുകയും ചെയ്യുമായിരുന്നു.

“ദൈവത്തിന്റെ ശക്തമായ കരത്തിൻകീഴിൽ താഴ്മയോടെ നിൽക്കുവിൻ, തക്ക സമയത്ത് അവിടുന്ന് നിങ്ങളെ ഉയർത്തും”. സിസ്റ്ററിനെ ഏറെ സ്വാധീനിച്ചിരുന്ന ദൈവവചനമായിരുന്നു ഇത്. താഴ്മയോടെ ദൈവസന്നിധിയിൽ ആയിരിക്കാനും തന്റെ സമൂഹാംഗങ്ങളെ ശ്രേഷ്ഠരായിക്കണ്ട് അവരെ സ്നേഹിക്കാനും സി. റ്റെസി എന്നും ശ്രദ്ധിച്ചിരുന്നു.

തന്റെ കുടുംബാംഗങ്ങളോടും ബന്ധുക്കളോടുമൊക്കെ നല്ലൊരു സമീപനം സ്വീകരിച്ചിരുന്ന സിസ്റ്ററിന്റെ സന്തോഷപ്രദവും മാതൃകാപരവുമായ ജീവിതം കണ്ട് സന്ന്യാസജീവിതം സ്വീകരിച്ചവർ ഏറെയാണ്. സഹോദരീപുത്രി സി. റ്റീനാ കടപ്രയിൽ എഫ്.സി.സി., സഹോദരപുത്രിമാർ സി. സാന്റി മൂലേച്ചാലിൽ എഫ്.സി.സി., സി. ഫ്ളവർലിറ്റ് എഫ്.സി.സി., സി. ജസിൻ ഡി.എസ്.റ്റി., സി. റ്റിൻസി ഡി.എസ്.റ്റി. എന്നിവരൊക്കെ സി. റ്റെസിയുടെ മാതൃകാജീവിതത്തിന്റെ പിൻഗാമികളാണ്. വീട്ടിലുള്ള ഇളംതല

മുറയിൽനിന്ന് ഇനിയും ദൈവവിളികൾ ഉണ്ടാകണമെന്നാഗ്രഹിച്ച്, താൻ പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും തീക്ഷ്ണമായി ആഗ്രഹിക്കുകയും ചെയ്യുന്നുണ്ട് എന്ന് സി. റ്റെസി പറയുമായിരുന്നു.

2020 മുതൽ കലാനിലയം മഠത്തിന്റെ അംഗമായിരുന്ന സി. റ്റെസി തന്റെ അനാരോഗ്യമൊന്നും വകവയ്ക്കാതെ ഈ സമൂഹത്തിലെ ഓരോ അംഗത്തിനും തന്നാലാവുന്ന ശുശ്രൂഷകൾ ചെയ്തുവരികയായിരുന്നു. അപ്പോഴാണ് മരണം കള്ളനെപ്പോലെ വരും എന്ന വചനം നമ്മെ ഒരിക്കൽകൂടി അനുസ്മരിപ്പിച്ചുകൊണ്ട് തികച്ചും ആകസ്മികമായി സി. റ്റെസിയെ മരണം സമീപിച്ചത്. കുടുംബാംഗങ്ങളേയും ബന്ധുജനങ്ങളെയുമൊക്കെ ഏറെ സ്നേഹിച്ചിരുന്ന സിസ്റ്റർ സ്വന്തം സഹോദരങ്ങളോടൊപ്പം അമ്മയുടെ അനുജത്തിയെ കാണാൻ യാത്ര തിരിച്ചത് വളരെ സന്തോഷത്തോടെയാണ്. തന്റെ സമൂഹാംഗങ്ങളോടും ബഹു. മദറിനോടുമൊക്കെ യാത്ര പറഞ്ഞ് ഭവനത്തിന്റെ പടിയിറങ്ങിയത് ഒരു നിത്യയാത്രയായിരുന്നു എന്ന് അന്ന് ആരും കരുതിയില്ല. തികച്ചും അപ്രതീക്ഷിതമായിട്ടാണ് സിസ്റ്റർ ബസിൽനിന്ന് ഇറങ്ങുന്നതിനിടെ ബോധരഹിതയായി വീണത്. ഉടൻതന്നെ അവിടെ വിദഗ്ദ്ധമായ ചികിത്സാസഹായം ലഭ്യമാക്കിയെങ്കിലും സിസ്റ്ററിന്റെ നില ഒന്നിനൊന്നു വഷളാവുകയാണ് ചെയ്തത്. അവിടെയുള്ള ഡോക്ടേഴ്സിന്റെ നിർദ്ദേശപ്രകാരം 27.05.2023 രാത്രി 10 മണിയോടെ സി. റ്റെസിയെ മരിയൻ മെഡിക്കൽ സെന്ററിലേക്ക് കൊണ്ടുവന്നു. 28.05.2023 ഞായറാഴ്ച് രാവിലെ 9.45 ന് സി. റ്റെസിയുടെ ആത്മാവിനെ ദിവ്യനാഥൻ തന്റെ പക്കലേക്ക് തിരികെ വിളിക്കുകയും സന്തോഷത്തോടെ സിസ്റ്റർ യാത്രയാവുകയും ചെയ്തു.

29.05.2023 തിങ്കളാഴ്ച രാവിലെ സി. റ്റെസിയുടെ ഭൗതികശരീരം പുലിയന്നൂർ അസംപ്ഷൻ കോൺവെന്റ് ചാപ്പലിൽ കൊണ്ടുവന്നു. ഉച്ചകഴിഞ്ഞ് 1.30 ന് ആരംഭിച്ച ദിവ്യബലിക്ക് സി. റ്റെസിയുടെ കസിൻ ബഹു. ഫാ. ജോർജ്ജ് മൂലേച്ചാലിൽ മുഖ്യകാർമ്മികത്വം വഹിക്കുകയും ചരമപ്രസംഗം നടത്തുകയും ചെയ്തു. തുടർന്ന് മൃതദേഹം അരുണാപുരം സെന്റ് തോമസ് ദേവാലയത്തിലേക്ക് സംവഹിക്കപ്പെട്ടു. പള്ളിയിലെ തിരുക്കർമ്മങ്ങൾക്ക് പാലാ രൂപത പ്രൊട്ടോ സിഞ്ചെലൂസ് ബഹു. മോൺസിഞ്ഞോർ ജോസഫ് തടത്തിൽ മുഖ്യകാർമ്മികത്വം വഹിക്കുകയും അനുസ്മരണാസന്ദേശം നൽകുകയും ചെയ്തു. അനേകം വൈദികരുടെയും സിസ്റ്റേഴ്സിന്റെയും ബന്ധുജനങ്ങളുടെയും സാന്നിധ്യത്തിൽ മൃതദേഹം അരുണാപുരം സെന്റ് തോമസ് പള്ളിയിൽ സംസ്കരിച്ചു. ദൈവം തന്റെ ദാസിയെ നിത്യകിരീടമണിയിക്കട്ടെ എന്നു നമുക്ക് പ്രാർത്ഥിക്കാം.




## JUNE 2023

| | | |
|---|---|---|
| 01 | 07.45 am | ചെമ്മലമറ്റം ഇടവകയിലെ കൽക്കുരിശിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു |
| | 08.15 am | ചെമ്മലമറ്റം ഇടവകയിൽ കാരയ്ക്കാട്ട് മേരി ജോസഫിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 08.45 am | ചെമ്മലമറ്റം ഇടവകയിൽ ഒരു ഭവനത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. |
| | 3.00 pm | ബിഷപ്സ് ഹൗസിൽ അഡാർട്ട് മാനേജിങ് കമ്മിറ്റി മീറ്റിങ്ങിൽ സംബന്ധിച്ചു. |
| 02 | 9.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 4.00 pm | കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന സീറോ മലബാർ ഫാമിലി, ലെയിറ്റി കമ്മീഷൻ മീറ്റിങ്ങിൽ സംബന്ധിച്ചു. |
| 03 | 9.30 am | ചെമ്മലമറ്റം ഇടവകയിൽ മണിക്കൊമ്പേൽ ജോർജ് സെബാസ്റ്റ്യന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 10.30 am | പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന ഡിസിഎംഎസ് സംഘടനയുടെ വാർഷിക സമ്മേളനത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. |
| | 3.30 pm | അരുവിത്തുറ ഫൊറോനയിൽ ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയുടെ സർവീസ് സെന്ററിന്റെ വെഞ്ചരിപ്പും ഉദ്ഘാടനവും നിർവഹിച്ചു. |

| | | |
|---|---|---|
| | 5.00 pm | പെരിങ്ങുളം ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്താനായി എത്തി. ഭവനസന്ദർശനം നടത്തി. പ്രതിനിധി യോഗത്തിൽ സംബന്ധിച്ചു. |
| 04 | 7.45 am | പെരിങ്ങുളം ഇടവകയിൽ ഇടയനടുത്ത സന്ദർശനത്തിനായി എത്തി. വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. സിമിത്തേരി സന്ദർശനം നടത്തി. പൊതുയോഗത്തിൽ സംബന്ധിച്ചു. |
| 05 | 9.30 am | ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിൽ ലോകപരിസ്ഥിതിദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈകൾ നട്ടു. |
| | 11.00 am | ബിഷപ്പ്സ് ഹൗസിൽ ലോകപരിസ്ഥിതിദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈകൾ നട്ടു. |
| | 3.00 pm | ബിഷപ്പ്സ് ഹൗസിൽ പാലാ രൂപതയിലെ ഫൊറോന വികാരിമാരുടെ മീറ്റിങ്ങിൽ സംബന്ധിച്ചു. |
| 06 | 9.00 am | ബിഷപ്പ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 4.00 pm | പാലാരിവട്ടം പി.ഒ.സിയിൽ വച്ച് നടന്ന കെ.സി.ബി.സി. മീറ്റിങ്ങിൽ സംബന്ധിച്ചു. |
| 07 | 6.00 am | പാലാരിവട്ടം പി.ഒ.സിയിൽ വച്ച് നടന്ന കെ.സി.ബി.സി. മീറ്റിങ്ങിൽ സംബന്ധിച്ചു. |
| 09 | 7.00 am | പാലാ ഡി.എസ്.ടി. പ്രൊവിൻഷ്യൽ ഹൗസിൽ സന്ന്യാസിനികളുടെ ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി. |
| | 9.00 am | ഭരണങ്ങാനം അസീസി ആശ്രമത്തിൽ ഫാ. ജോസഫ് കീപ്പുറം OFM Cap ന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 9.30 am | ബിഷപ്പ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 2:00 pm | പാലാ അൽഫോൻസാ കോളേജിൽ യൂണിവേഴ്സിറ്റി പരീക്ഷയിൽ മികച്ച വിജയം കരസ്ഥമാക്കിയ വിദ്യാർഥിനികളെ അനുമോദിക്കുവാനായി സമ്മേളനത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. |

| | | |
|---|---|---|
| | 4.00 pm | കാപ്പുംതലയിൽ ബേസ് അപ്രേം നസ്രാണി ദയറായിൽ വച്ചുനടന്ന മാർ അപ്രേം മല്പാന്റെയും തിരുനാളാഘോഷത്തിന്റെ സുറിയാനി പഠനശിബിരത്തിന്റെയും ഉദ്ഘാടനം നിർവഹിച്ചു. |
| 10 | 10.00 am | കയ്യൂർ ഇടവകയിൽ വി. കുർബാന അർപ്പിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 3:00 pm | നമ്പിയാകുളം ഇടവകയിൽ ഇട്ടൻകുളങ്ങര മറിയക്കുട്ടി ജോസഫിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ഭവനത്തിൽ കാർമികത്വം വഹിച്ചു. |
| | 5.00 pm | പയസ്മൗണ്ട് ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്താനായി എത്തി. ഭവനസന്ദർശനം നടത്തി. പ്രതിനിധി യോഗത്തിൽ സംബന്ധിച്ചു. |
| 11 | 7.45 am | പയസ്മൗണ്ട് ഇടവകയിൽ ഇടയനടുത്ത സന്ദർശനത്തിനായി എത്തി. വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. സിമത്തേരി സന്ദർശനം നടത്തി. പൊതുയോഗത്തിൽ സംബന്ധിച്ചു. |
| | 1.30 pm | കയ്യൂർ ഇടവകയിൽ അട്ടാറമാക്കൽ കുഞ്ഞമ്മ സെബാസ്റ്റ്യന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 6:15 pm | പാദുവ ഇടവകയിൽ കൊടിമരത്തിന്റെ വെഞ്ചിരിപ്പ് കർമ്മം നിർവഹിച്ചു. |
| | 7.15 pm | ജിയോവാലി ഇടവകയിൽ മംഗലത്തിൽ സെബാസ്റ്റ്യൻ തോമസിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 12-16 | | കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന സീറോ മലബാർ സിനഡിൽ സംബന്ധിച്ചു. |
| 17 | 12:15 pm | പാലാ കത്തീഡ്രലിൽ തയ്യിൽ തോമസ് ജോസഫിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 3.15 pm | പൂവരണി ഇടവകയിൽ പാറേക്കാട്ട് ചാണ്ടി ജോസഫിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമികത്വം വഹിച്ചു. |

| | | |
|---|---|---|
| 18 | 3.00 pm | തീക്കോയി ഫൊറോനയിൽ പുല്ലാട്ട് ത്രേസ്യ ചാണ്ടിയുടെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാലയത്തിൽ കാർമികത്വം വഹിച്ചു. |
| | 5.00 pm | കയ്യൂർ ഇടവകയിൽ കല്ലറങ്ങാട്ട് കെ.ഒ. മൈക്കിളിന്റെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 19 | 10:30 am | കയ്യൂർ ഇടവകയിൽ കല്ലറങ്ങാട്ട് കെ.ഒ. മൈക്കിളിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു. |
| | 3.00 pm | പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഡോ. സിറിയക്ക് തോമസിന്റെ യാത്രയയപ്പ് സമ്മേളനത്തിൽ സംബന്ധിച്ചു. |
| 20 | 9.30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 12:00 pm | ഭരണങ്ങാനം അസീസി ആശ്രമത്തിൽ ഫാ. തോമസ് ജേക്കബ് തേക്കുംകാട്ടിന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു. |
| | 3.00 pm | ബിഷപ്സ് ഹൗസിൽ എപ്പാർക്കിയൽ അസംബ്ലിയുടെ കോർ കമ്മിറ്റി മീറ്റിംഗിൽ സംബന്ധിച്ചു. |
| 21 | 3.30 pm | മുട്ടുചിറ ഫൊറോനയിൽ സന്ദർശനം നടത്തി. |
| 22 | 10:00 am | മാൻവെട്ടം ഇടവകയിൽ പുതിയ വൈദികമന്ദിരത്തിനുള്ള ശിലാസ്ഥാപനകർമ്മം നിർവഹിച്ചു. |
| | 11.30 am | കവീക്കുന്ന് ഇടവകയിൽ മൂന്നുതൊട്ടിയിൽ മറിയക്കുട്ടിയുടെ ഭൗതികദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| | 2.30 pm | പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടന്ന ഇൻഫാം പാലാ രൂപത ജില്ലാ കാർഷികസമ്മേളനത്തിന്റെ ഉദ്ഘാടനകർമ്മം നിർവഹിച്ചു. |
| | 5.30 pm | പ്രവിത്താനം തിരുഹൃദയ കുരിശുപള്ളിയിൽ വിശുദ്ധ മിഖായേൽ റേശ് മാലാഖയുടെ തിരുസ്വരൂപം വെഞ്ചിരിച്ച് പ്രതിഷ്ഠിച്ചു. |

| | | |
|---|---|---|
| | 6.30 pm | ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയിൽ മീറ്റിങ്ങിൽ സംബന്ധിച്ചു. |
| 23 | 9.30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 24 | 9:00 am | കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത് മറിയം ആർച്ച് ഡീക്കൻ തീർത്ഥാടന ദൈവാലയത്തിൽ ഇടയനടുത്ത സന്ദർശനം നട ത്താനായി എത്തി. ഭവനസന്ദർശനം നടത്തി. |
| | 3.30 pm | ചെമ്പിളാവ് ഇടവകയിൽ കുറുമുണ്ടയിൽ ഫിലിപ്പ് അച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾക്ക് ദൈവാ ലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 6.30 pm | കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത് മറിയം ആർച്ച് ഡീക്കൻ തീർത്ഥാടന ദൈവാലയത്തിൽ ഇടയനടുത്ത സന്ദർശനത്തി ന്റെ ഭാഗമായി ജപമാല പ്രദക്ഷിണത്തിൽ പങ്കു ചേർന്നു. പ്രതിനിധി യോഗത്തിൽ സംബന്ധിച്ചു. |
| 25 | 7.45 am | കുറവിലങ്ങാട് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത് മറിയം ആർച്ച് ഡീക്കൻ തീർത്ഥാടന ദൈ വാലയത്തിൽ ഇടയനടുത്ത സന്ദർശനത്തിനായി എത്തി. വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി. സിമിത്തേരി സന്ദർശനം നടത്തി. പൊതു യോഗത്തിൽ സംബന്ധിച്ചു. ഭവനസന്ദർശനം നടത്തി. |
| 26 | 8.30 am | കയ്യൂർ ഇടവകയിൽ വി. കുർബാന അർപ്പിച്ചു. |
| | 3.30 pm | ബിഷപ്സ് ഹൗസിൽ മീറ്റിങ്ങിൽ സംബന്ധിച്ചു. |
| 27 | 9.30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 2:30 pm | പാലാ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് നടന്ന മെറിറ്റ് ഡേ സമ്മേളനം ഉദ്ഘാടനം ചെയ്യുകയും മികച്ച അധ്യാപക പുര സ്കാരം നേടിയ ശ്രീ മാത്യു എം. കുര്യാക്കോ സിനെ ആദരിക്കുകയും ചെയ്തു. |

| | | |
|---|---|---|
| | 3.30 pm | ബിഷപ്സ് ഹൗസിൽ മീറ്റിങ്ങിൽ സംബന്ധിച്ചു. |
| 28 | 10.30 am | പ്രവിത്താനം ഫൊറോനയിൽ മോൺ. ജോസഫ് കുഴിഞ്ഞാലിലിന്റെ നാല്പതാം ചരമവാർഷികത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. |
| | 2.30 pm | ബിഷപ്സ് ഹൗസിൽ സെന്റ് തോമസ് കോളേജിന്റെ മാനേജിങ് ബോർഡ് മീറ്റിങ്ങിൽ സംബന്ധിച്ചു. |
| | 5.00 pm | പാലാ കുരിശുപള്ളിയിൽ മണിപ്പൂർ കലാപത്തോടനുന്ധിച്ച് ഐക്യദാർഢ്യപ്രാർത്ഥന ശുശ്രൂഷയിൽ സംബന്ധിക്കുകയും പ്രതിഷേധയോഗം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. |
| 29 | 11.00 am | രാമപുരം ഫൊറോനയിൽ ഒരു വിവാഹം ആശീർവദിച്ചു. |
| | 6.00 pm | മൂന്നാർ കാർമൽ ടോപ്പിൽ വച്ച് നടന്ന റീജണൽ ബിഷപ്സിന്റെ ധ്യാനത്തിൽ സംബന്ധിച്ചു. |
| 30 | 6.00 am | മൂന്നാർ കാർമൽ ടോപ്പിൽ വച്ച് നടന്ന റീജണൽ ബിഷപ്സിന്റെ ധ്യാനത്തിൽ സംബന്ധിച്ചു. |
| | 4.00 pm | മരങ്ങോലി ഇടവകയിൽ കുപ്പയിൽപുത്തൻപുരയിൽ മാത്യുവിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |


ഇടയനടുത്ത സന്ദർശനത്തിൽനിന്ന്
പെരിങ്ങുളം ഇടവക


ഇടയനടുത്ത സന്ദർശനത്തിൽനിന്ന്
പയസ്മൗണ്ട് ഇടവക



ഇടയനടുത്ത സന്ദർശനത്തിൽനിന്ന് കുറവിലങ്ങാട്
മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്ത് മറിയം
ആർച്ച് ഡീക്കൻ തീർത്ഥാടന ദൈവാലയം



പാലാ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന ഇൻഫാം, പാലാ രൂപത
കാർഷികജില്ലാസമ്മേളനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്യുന്നു.

പാലാ ബിഷപ്സ് ഹൗസിലും
ചേർപ്പുങ്കൽ മാർ സ്ലീവാ
മെഡിസിറ്റിയിലും
ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലും
പരിസ്ഥിതിദിനത്തോടനുബന്ധിച്ച്
അഭിവന്ദ്യ പിതാക്കന്മാർ
വൃക്ഷത്തൈകൾ നടന്നു.

















കാപ്പുംതല ബേസ് അപ്രേം ദയറായിൽ വച്ച് നടന്ന മാർ അപ്രേം മൽപാന്റെ
തിരുനാളാഘോഷത്തിന്റെയും സുറിയാനി പഠന ശിബിരത്തിന്റെയും ഉദ്ഘാടനം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു.





അരുവിത്തുറ ഫൊറോനയിൽ
ചേർപ്പുങ്കൽ മാർ സ്ലീവാ മെഡിസിറ്റിയുടെ
സർവീസ് സെന്ററിന്റെ
വെഞ്ചിരിപ്പും ഉദ്ഘാടനവും
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്
പിതാവ് നിർവഹിക്കുന്നു.

2023
JULY

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN




*Printed at St. Thomas Press, Palai and Published by Fr. John Purakkattuputhenpura*